


Date of publication: 9 നവംബർ 2015
വോള്യം 10 / ലക്കം 5 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## പൊമ്പിളൈ ഒരുമൈ :
## സമരവും ജീവിതവും

# സംഘടിത

സംഘടിത|നവംബർ 2015 |വോള്യം 10 |ലക്കം 5




4 പൊമ്പിളൈ ഒരുമൈ : സമരവും ജീവിതവും - അന്ന മിനി

14 മൂന്നാറിലെ തോട്ടം തൊഴിലാളിസ്ത്രീകൾ :
സമരവും ജീവിതവും - ചിത്രങ്ങളിലൂടെ - തമ്പാട്ടി മധുസൂദ്

18 മൂന്നാർ സമരം : തൊഴിൽ നിയമങ്ങളിലൂടെ അഡ്വ. എ. നസീറ

24 മൂന്നാർസമരത്തിലെ മാധ്യമപ്രവർത്തക ശ്രദ്ധ ഷിനു മാഗ്ഗി സുരേഷ്

27 ചരടുവലിക്കുന്നവർ കവിത - ജിനി.കെ

29 പെമ്പിളൈ ഒരുമയിലെ സ്ത്രീജീവിതങ്ങൾ - നോമിനിറ്റ ജോസ്

33 ഓള് - കവിത - അണിമ മുയാരത്ത്

34 മലബാറിലെ മുസ്ലിംസ്ത്രീസ്വത്വാവിഷ്കാരം - ഹസീന. കെ. പി. എ.

40 തിരിച്ചു വരവും പറഞ്ഞു വെച്ചു കൊണ്ട് - കവിത - സ്വാതി.വി

41 പെൺപക്ഷം - അജിത കെ.

43 (സൂര്യനെല്ലി പെൺകുട്ടിയുമായി ഗീത നടത്തിയ കൂടിക്കാഴ്ചയുടെ പ്രസിദ്ധീകരണത്തിന്റെ പ്രസക്തഭാഗങ്ങൾ)

47\. ഉപ്പും മുളകും - ഗീത

48\. വാസ്തവം - ഡോ.ജാൻസി ജോസ്

53 കാണാൻ മറന്ന സ്വപ്നങ്ങൾ - കഥ- പ്രിസില മാത്യു

57 ശാസ്ത്രം - സീമ ശ്രീലയം

**9** മൂന്നാർ ഒരു ചൂണ്ടുപലകയാണ്
- ശ്രീരേഖ സതി







**55** ജീവിതവും സിനിമയും
കോർത്തിണക്കി ഒരു ചലച്ചിത്രമേള - സവിത

**31** ദീപ നിശാന്ത് (അഭിമുഖം) -
ഉമ്മുഹബീബ കെ.കെ., ഇന്ദുലേഖ കെ.എസ്.



എഡിറ്റർ : ഷീബ കെ.എം.
മാനേജിംഗ് എഡിറ്റർ : കെ. അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ,
ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ.
കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത്
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി,
ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.



# പൊമ്പിളൈ ഒരുമൈ : സമരവും ജീവിതവും



അന്ന മിനി

മൂന്നാറിൽ സ്ത്രീ തോട്ടംതൊഴിലാളികൾ നടത്തി പോന്ന ഐതിഹാസികസമരം കേരളത്തിലെ സ്ത്രീസമര ചരിത്രത്തിൽ വ്യത്യസ്തമായ ഒരു ഇടപെടലാണ്. വ്യവസ്ഥാപിത ട്രേഡ്യൂണിയനുകൾക്കും രാഷ്ട്രീയപാർട്ടികൾക്കും എതിരെ ഉണ്ടായ ഒരു പൊട്ടിത്തെറികൂടിയായിരുന്നു ഈ സമരം.


വളരെയധികം സ്ത്രീകൾ തൊഴിലെടുക്കുന്ന, കേരളത്തിലെ സംഘടിതമേഖലകളിൽ സുപ്രധാനമായ ഒന്നാണ് തോട്ടംമേഖല. എന്നാൽ കേരളവികസനത്തിൽ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തവുമായി ബന്ധപെട്ട് നടന്നിട്ടുള്ള ചർച്ചകളിൽ നിന്നെല്ലാം അദൃശ്യരാക്കപെട്ടിട്ടുള്ളവരാണ് തേയിലത്തോട്ടം തൊഴിലാളികൾ. കയർ, കശുവണ്ടി മേഖലയിലെ സ്ത്രീതൊഴിലാളികൾ, അദ്ധ്യാപനം, പ്രൊഫഷണൽ ജോലികൾ തുടങ്ങിയവയിലെ സ്ത്രീകൾ എന്നിവരെല്ലാം കേരളവികസനവുമായി ബന്ധപെട്ട ്നിൽക്കുമ്പോൾ ഉത്തമ കേരളമാതൃകയിൽ നിന്ന് ഇവർ മാറ്റിനിർത്തപെട്ടു. ഇവർ തമിഴ് വംശജരാണ് എന്നുള്ളതാണ് ഇത്തരത്തിൽ കേരളത്തിന്റെ പൊതുവായ വികസനചർച്ചകളിൽ നിന്ന് മാറ്റിനിർത്തപെടാനുള്ള പ്രധാനകാരണം. ഇന്നും സാംസ്കാരികവും ഭാഷാപരവുമായി പ്രതിസന്ധി

അനുഭവിക്കുന്നവരാണ് തലമുറകൾക്ക് മുൻപ് തൊഴിലധിഷ്ഠിത കുടിയേറ്റത്തിനു വിധേയരായി കേരളത്തിലേക്ക് പറിച്ച് നട്ട ഇവർ. ഇവരിൽ ഭൂരിപക്ഷം പേർക്കും തമിഴ്നാട്ടിൽ യാതൊരുവേരുകളും ഇന്നില്ല. സംസാരഭാഷക്ക് അപ്പുറം തമിഴ് എഴുതാനും വായിക്കാനും അറിയുന്നവർ നന്നേ കുറവാണ്. തമിഴിലും മലയാളത്തിലും അർദ്ധസാക്ഷരരായി ഇവർതുടരേണ്ടി വരുന്നു. ഒരു സംസ്കാരത്തിൽ നിന്ന് പിഴുത് മാറ്റപെടുകയും മറ്റൊരു സംസ്കാരത്തിന്റെ ഭാഗമാകാൻ കഴിയാതിരിക്കുന്നതുമായ അവസ്ഥയിൽ ഇവർ ജീവിക്കുന്നു.

തിങ്കൾ മുതൽ ശനി ഉച്ചവരെയാണ് തേയിലതോട്ടങ്ങളിലെ നിശ്ചിതതൊഴിൽ ദിവസങ്ങൾ എങ്കിലും ഞായറാഴ്ച ഉൾപ്പെടെ എഴുദിവസവും പണിയെടുക്കേണ്ടിവരുന്നു. അവധികൾ വളരെ വിരളമായതിനാൽ തന്നെ പുറംലോകവുമായുള്ള ഇവരുടെ ബന്ധം നിയന്ത്രിതമാണ്. രാവിലെ 8 മുതൽവൈകിട്ട് 5 വരെയാണ് സാധാരണ തൊഴിൽസമയം. എന്നാൽ മിക്കവാറും രാവിലെ 6 മുതൽ വൈകുന്നേരം 6 വരെയെങ്കിലും പണിയെടുക്കുന്നവരാണ് ഇവർ. പലനിരകളിലായി കിടക്കുന്ന തോട്ടങ്ങൾക്ക് ഇടയിൽ വിശ്രമസ്ഥലങ്ങളോ കക്കൂസുകളോ ഇല്ല. സ്ത്രീകളിൽ വളരെ വലിയൊരു ശതമാനവും ഗർഭാശയരോഗങ്ങൾ ഉള്ളവരോ ഗർഭപാത്രംഎടുത്ത് കളയേണ്ടി വന്നിട്ടുള്ളവരോ ആണ്. മറ്റൊരു പ്രധാന പ്രശ്നം കൊളുന്ത് ശേഖരിക്കാൻ ഉപയോഗിക്കുന്ന കത്രിക മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളാണ്. ഒന്നര കിലോയോളം ഭാരം വരുന്ന കത്രികയും അതിനോട് ചേർന്നുള്ള ഒരുകിലോ കൊളുന്ത് ശേഖരിക്കാവുന്നസഞ്ചിയും എപ്പോഴുംപ്രവർത്തിച്ചു കൊണ്ടേയിരിക്കണം .തുടർച്ചയായി ഉള്ള ഉപയോഗം മൂലം തോൾ വേദനയും തേയ്മാനവും എല്ലാവർക്കും ഒരുപതിവായി മാറികഴിഞ്ഞു.

തത്വത്തിൽ തോട്ടം തൊഴിലാളികൾ സംഘടിതമേഖലയിൽ ഉൾപ്പെടുന്നതിനാൽ ജോലിസ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്നതാണ് പൊതുധാരണ. എന്നാൽ ഇവയെല്ലാം തന്നെ നാമമാത്രമായി അവശേഷിക്കുന്നു. കുറഞ്ഞകൂലി, ഭാരിച്ച അദ്ധ്വാനം, കൂടുതൽ തൊഴിൽസമയം, വിശ്രമസമയത്തിലും അവധികളിലും ഉള്ള കുറവ് ഇവയെല്ലാം അനുഭവിക്കുന്നവരാണ് മൂന്നാറിലെ തേയിലത്തോട്ടം തൊഴിലാളികൾ. അതായത് സംഘടിതമേഖലയിലെ തൊഴിലാളികളാണെങ്കിലും അസംഘടിതമേഖലയിലെ തൊഴിൽസാഹചര്യങ്ങളാണ് ഇവർ അനുഭവിക്കേണ്ടിവരുന്നത്.

തൊഴിലാളികളെ കമ്പനിയുടെ ഓഹരിഉടമകളാക്കി മാറ്റിയതിലൂടെ തോട്ടം ഭൂമി സർക്കാരിന് ഏറ്റെടുക്കാനാവില്ല എന്നത് കമ്പനി ഉറപ്പിച്ചു. കമ്പനിക്കോ അതിന്റെ





നടത്തിപ്പിനോ മേൽ അവകാശവാദം ഉന്നയിക്കാനുള്ളത്ര ഓഹരി തൊഴിലാളികൾക്ക് ഇല്ലതാനും. നവമുതലാളിത്ത മന:സ്ഥിതിക്കനുസരിച്ച് മാറിക്കഴിഞ്ഞ കണ്ണൻദേവൻകമ്പനി, അടിസ്ഥാനസൗകര്യങ്ങൾ നിഷേധിച്ച് കൊണ്ടും പുറംലോകവുമായുള്ള ബന്ധം നിയന്ത്രിച്ചുകൊണ്ടും തലമുറകളുടെ പുരോഗതിയെ പിടിച്ച് നിർത്തുന്നു. കിടപ്പാടം നഷ്ടപ്പെടും എന്ന ഭീഷണിമാത്രമാണ് തൊഴിലാളികളെ എല്ലാഅർത്ഥത്തിലും ഇന്ന് ഇവിടെപിടിച്ച്നിർത്തുന്നതും മക്കളിൽ ഒരാളെ എങ്കിലും കമ്പനിതൊഴിലാളിയായി നിലനിർത്താൻ അവരെ നിർബന്ധിക്കുന്നതും. കമ്പനിക്കെതിരെ ശബ്ദമുയാർത്താൻ തൊഴിലാളികളെ പ്രാപ്തരാക്കുന്ന എല്ലാ വഴികളും സമർത്ഥമായി അടയ്ക്കാൻ കമ്പനി ഇന്നും വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. തൊഴിലാളികളെ ഇങ്ങനെ

തൊഴിലാളികളെ കമ്പനിയുടെ ഓഹരിഉടമകളാക്കി മാറ്റിയതിലൂടെ തോട്ടം ഭൂമി സർക്കാരിന് ഏറ്റെടുക്കാനാവില്ല എന്നത് കമ്പനി ഉറപ്പിച്ചു. കമ്പനിക്കോ അതിന്റെ നടത്തിപ്പിനോ മേൽ അവകാശവാദം ഒന്നയിക്കാനുള്ളത്ര ഓഹരി തൊഴിലാളികൾക്ക് ഇല്ലതാനും. നവമുതലാളിത്ത മന:സ്ഥിതിക്കനുസരിച്ച് മാറിക്കഴിഞ്ഞ കണ്ണൻദേവൻകമ്പനി, അടിസ്ഥാനസൗകര്യങ്ങൾ നിഷേധിച്ച് കൊണ്ടും പുറംലോകവുമായുള്ള ബന്ധം നിയന്ത്രിച്ചുകൊണ്ടും തലമുറകളുടെ പുരോഗതിയെ പിടിച്ച് നിർത്തുന്നു.

നിലനിർത്തേണ്ടത് കമ്പനിയുടെ വളർച്ചക്ക് അനിവാര്യമാണ്. എന്നാ ൽ തങ്ങളുടെ നിലനില്പ്പിന് കമ്പനി കൂടിയേതീരു എന്ന് ധരിക്കുന്നവരാണ് ഇവരിൽ അധികം പേരും.

തൊഴിലിടത്തിലും അതിനപ്പുറത്തും കാലങ്ങളായി തുടരുന്ന ചൂഷണത്തോടുള്ള അപ്രതീക്ഷിത പ്രതികരണമായിരുന്നു പൊമ്പിളൈ ഒരുമൈ സമരം. ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും പേരിൽ കമ്പനിയും ട്രേഡ്യൂണിയനുകളും ഇവരെ തലമുറകളായി കബളിപ്പിക്കുകയാണെന്ന് കേരളസമൂഹം ഇതിലൂടെ തിരിച്ചറിഞ്ഞു. ദിവസങ്ങളോളം നീണ്ടുനിന്ന ഊർജ്ജസ്വലമായ

ശേഷം പേജ് 23



# മൂന്നാർ ഒരു ചൂണ്ടുപലകയാണ്



ശ്രീരേഖ സതി

മൂന്നാറിൽ നിരാഹാര സമരത്തിലിരിക്കുന്ന പെൺകൾ ഒട്രുമൈ സ്ത്രീ തൊഴിലാളികൾ എന്നേ വിജയിച്ചവരാണ്. കേരള രാഷ്ട്രീയത്തിനുമുന്നിൽ കനപ്പെട്ട ചില ചോദ്യചിഹ്നങ്ങൾ ഉയർത്തിക്കൊണ്ടുതന്നെയാണ് അവർ വിജയിച്ചുനില്ക്കുന്നത്. ഇനി അവരാവശ്യപ്പെട്ട അവരുടെ അവകാശങ്ങൾ കമ്പനിയും മറ്റ് തൊഴിലാളി സംഘടനാനേതാക്കളും അംഗീകരിച്ചുകൊടുത്താലും ഇല്ലെങ്കിലും, അവർക്ക് പറയുവാനുള്ളത് വ്യക്തമായ ഭാഷയിലൂടെയും ശക്തമായ സമരരീതിയിലൂടെയും കേരള സമൂഹത്തോട് അവർ വെളിപെടുത്തിക്കഴിഞ്ഞു. അവരുടെ ഈ സമരത്തിൽ നിന്ന് ചില പാഠങ്ങൾ പഠിച്ചു കേരളസമൂഹത്തിന് ഇനി പിറകോട്ടല്ല, മുമ്പോട്ട് മാത്രമേ നീങ്ങാനാവൂ. കാലിനടിയിലെ മണ്ണ് ഒലിച്ചു പോകുംപോലെയാണ് ചിലർക്കെങ്കിലും ഈ അനുഭവം. പ്രത്യേകിച്ചും പല രീതികളിലുള്ള സമ്മർദ്ദത്തിലൂടെ തമിഴ് സ്ത്രീ തൊഴിലാളികളുടെ സമരത്തെ തകർക്കാൻ നോക്കിയവർക്ക്. നിങ്ങൾക്ക് വേണ്ടി 'ഞങ്ങൾ' സംസാരിക്കാം, 'ഞങ്ങൾ' നിങ്ങളുടെ അവകാശങ്ങൾ നേടിത്തരാം, സ്വയം സമരം ഉപേക്ഷിച്ച് ഞങ്ങളുടെ പിന്നിൽ അണിനിരക്കൂ എന്നൊക്കെയുള്ള പല തൊഴിലാളി സംഘടനകളുടെയും പ്രത്യേകിച്ച് അവരുടെ ചില പുരുഷ നേതാക്കന്മാരുടെയും പ്രകോപനങ്ങൾ തികച്ചും കുറ്റബോധത്തിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നും ഉണ്ടായതാണ്. തമിഴ് സ്ത്രീ തൊഴിലാളിക

ളുടെ, വെല്ലുവിളി ഉയർത്തിക്കൊണ്ടുള്ള ഈ സമരം വർഷങ്ങളുടെ സമരപാരമ്പര്യം ഉള്ള ഈ 'ഞങ്ങൾ' (പുരുഷ തൊഴിലാളി നേതാക്കന്മാർ) ക്ക് താങ്ങാനാവുന്നതിലും അപ്പുറമായിപ്പോയി. അതുകൊണ്ട് തന്നെ ഏതുവിധേനെയും ഈ സമരത്തിന്റെ പ്രാധാന്യത്തെ കുറച്ചു കാണിക്കാനുള്ള ഒരു സംഘടിതശ്രമം തന്നെ നടക്കുന്നുണ്ട്.

കേരളം കുറച്ചു കാലങ്ങളായി വ്യത്യസ്തങ്ങളായിട്ടുള്ള പുതിയ സമരരൂപങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും സ്ത്രീ ഈ സമരത്തിന്റെ പ്രാധാന്യം മനസിലാക്കാൻ സാധിക്കൂ. അന്യസംസ്ഥാന തൊഴിലാളിയെന്ന യാഥാർഥ്യത്തിന് ഇന്ന് അർഥമേറിവരുന്ന സാഹചര്യത്തിൽ കേരളത്തിന്റെ പിൻകാലചരിത്രത്തിലെ പ്രധാന കണ്ണിയാണ് തമിഴ് തൊഴിലാളി. ഇന്നുവരെയുള്ള കേരളത്തിലെ തൊഴിലാളി സംഘടനാ സംവിധാനങ്ങളുടെ പോരായ്മകളെയും കുറവുകളെയും തുറന്നുകാട്ടിക്കൊണ്ട് നടത്തിയ ഒരു സമരം എന്ന നിലയ്ക്കും അതോടൊപ്പം കേരളം പോലുള്ള പുരുഷാധിപത്യ സമൂഹത്തിൽ, തമിഴ് സ്ത്രീകൾക്ക് ഇതുവരെ അംഗീകരിച്ചു കിട്ടിയിട്ടില്ല എന്നുള്ളത് ഒരു യാഥാർഥ്യമാണ്. അടിസ്ഥാന ശമ്പളത്തിന്റെ കാര്യത്തിൽ ഭൂരിഭാഗം വരുന്ന ഇന്ത്യയിലെ അസംഘടിത തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന പുരുഷന്മാരുടേയും സ്ത്രീകളുടെയും അവസ്ഥയും വ്യത്യസ്തമല്ല. മൂന്നാറിലെ തോട്ടം തൊഴിലാളികൾക്ക് അവർ ആവശ്യപ്പെട്ട അഞ്ഞൂറ് രൂപ കൊടുത്തതുകൊണ്ട് കമ്പനിക്ക് കാര്യമായ പ്രശ്നമൊന്നും ഉണ്ടാകില്ല എന്നത് അവരുടെ തൊഴിലാളി സംഘടന നേതാക്കൾ തന്നെ സമ്മതിക്കുന്നുണ്ട്



നേതൃത്വങ്ങളുള്ള സമരങ്ങൾ. ഈ സമരങ്ങൾ കേരളത്തിന്റെ തൊഴിലാളി സമരചരിത്രത്തിൽ അവഗണിക്കപ്പെട്ടുപോയ, എന്നാൽ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങൽ ഒരിക്കൽക്കൂടി ചർച്ചാവിഷയം ആക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുന്നു. മൂന്നാറിലെ സമരം സ്ത്രീകൾ നേതൃത്വം കൊടുത്തു എന്നുള്ളതിനേക്കാൾ ഉപരി കേരളത്തിൽ ആദ്യമായി തമിഴ് സ്ത്രീകൾ നയിച്ച ഒരു മുന്നേറ്റം എന്ന രീതിയിലും വ്യത്യസ്തമാവുന്നുണ്ട്. മലയാളിയുടെ 'പൊതുബോധ'ത്തെത്തന്നെ ഒന്നു പ്രശ്നവത്ക്കരിച്ചാൽ മാത്രമേ തമിഴ് സ്ത്രീകൾ നയിച്ച തന്നെ ഈ സമരം ഏറ്റെടുക്കാനും നടത്താനും മുന്നോട്ട് കൊണ്ടുപോകാനും കഴിഞ്ഞു എന്നതിനാലും ഈ സമരം ചരിത്രപ്രാധാന്യം അർഹിക്കുന്നു.

മൂന്നാർ സമരം പ്രത്യേകിച്ചും തോട്ടം തൊഴിലാളി മേഖലയിൽ ഒരു നിർണായക മുന്നേറ്റം തന്നെയാണ്. കേരളത്തിലെ തോട്ടം തൊഴിലാളി സമരചരിത്രത്തിൽ, ഈ മുന്നേറ്റത്തിന്റെ ചരിത്രപ്രാധാന്യവും അതിന്റെ രാഷ്ട്രീയവും ചർച്ച ചെയ്യപ്പെടാതെ വയ്യ. കേരളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ തോട്ടം തൊഴിൽ മേഖലയിൽ മറ്റ് പല അസംഘടിത മേഖലകളിലും എന്നപോലെ അടിസ്ഥാന ശമ്പളം എന്നിരിക്കെ ഈ സ്ത്രീകളുടെ ആവശ്യം എന്തുകൊണ്ട് അംഗീകരിച്ചുകൂടാ? അപ്പോൾ ഇതിനുമപ്പുറം പുരുഷകേന്ദ്രീകൃതമായ തൊഴിലാളി സംഘടനാനേതൃത്വത്തെ ചോദ്യം ചെയ്ത് തമിഴ് സ്ത്രീകൾ സമരം ചെയ്തു വിജയിക്കുന്നതിലെ ഒരു ആത്മാഭിമാന പ്രശ്നമാണ് ഇന്ന് കേരളത്തിലെ പല തൊഴിലാളി സംഘടനാ നേതാക്കളുടെയും പ്രശ്നമെന്ന് മനസിലാകും. തമിഴ് സ്ത്രീകളുടെ ഈ സമരാവശ്യങ്ങളെ മുഴുവനായും അംഗീകരിച്ചുകൊടുത്താൽ കേരളത്തിലെ തൊഴിലാളി സംഘടനകളുടെ 'ആണത്ത'ത്തെ അത് അടിസ്ഥാനപരമായി ചോദ്യം ചെയ്യു

ന്നു എന്നതാണ് അവർ പറയാനിഷ്ടപ്പെടാത്ത സത്യം.

കേരളചരിത്രത്തിൽ നിർണായകമായ ഭൂപരിഷ്കരണ പരിപാടി പരിശോധിച്ചാൽ തോട്ടം മേഖലയിലെ ഭൂമി കേന്ദ്രീകരണത്തിന്റെ മുഖ്യകാരണം വ്യക്തമാകും. ഭൂപരിഷ്കരണ വ്യവസ്ഥയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളിൽ നിന്ന് തോട്ടം മേഖലയെ ഒഴിവാക്കിയിരുന്നു എന്നത് തന്നെയാണ് ഇവിടെ പ്രധാന വിഷയം. കേരളത്തിൽ ഉള്ള ഭൂമി വച്ചു നോക്കുമ്പോൾ തോട്ടം മേഖലയിൽ ഭൂവുടമസ്ഥതയുടെ ഭീമമായ കേന്ദ്രീകരണമാണ് സംഭവിച്ചിരിക്കുന്നത്. ഹാരിസൺ മലയാളം, ടാറ്റാ മുതലായ കമ്പനികൾ നിയമവിധേയവും അനധികൃതമായും കൈയ്യടക്കി വച്ചിരിക്കുന്നത് പതിനായിരകണക്കിന് ഏക്കർ ഭൂമിയാണ് എന്ന സത്യം അടുത്തിടെ ചെങ്ങറ സമര സാഹചര്യത്തിലും മറ്റും വളരെ ചർച്ച ചെയ്യപ്പെട്ടതാണ്. ഇന്നത്തെ മാറിവരുന്ന സാഹചര്യത്തിൽ ഭൂമാഫിയക്കും റിയൽ എസ്റ്റേറ്റുകൾക്കുമിടയിൽ തേയില വ്യവസായ വിപണി തകരുന്ന സാഹചര്യത്തിൽ അവ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് പലവിധത്തിലും മൂല്യം കൂടി വരുന്നത് മുതലാളിത്തത്തിന്റെ പുതിയ മുഖങ്ങൾ പഠിക്കുന്നവർ മനസ്സിലാക്കേണ്ടതാണ്. മൂന്നാറിലെ സമരവും ഒരു വിധത്തിൽ വിരൽ ചൂണ്ടുന്നത് കേരളത്തിൻറെ ആഴത്തിലുള്ള ഈ ഭൂപ്രശ്നങ്ങളിലേക്കും അതിലപ്പുറം റിയൽ എസ്റ്റേറ്റ് മാഫിയയിലേക്കും ഭൂമിയെ ചുറ്റിപ്പറ്റിയുള്ള മറ്റ് വ്യവസായങ്ങളിലേക്കും കൂടെയാണ്. ഈ സമരം കേരളത്തിന്റെ വരുംകാലങ്ങളിൽ മറ്റു തോട്ടം മേഖലകളിലേക്കും അവ നേരിടുന്ന ആഴത്തിലുള്ള മറ്റു പ്രശ്നങ്ങളിലേക്കും വഴിതെളിക്കുമെന്നും തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു.

കൊളോണിയൽ കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞ തോട്ടം മേഖലയിലെ രീതികളും സംവി

**ഇന്ത്യ സ്വാതന്ത്ര്യം നേടി 65 വർഷങ്ങൾ പിന്നിടുമ്പോഴും, നേരിട്ടും പരോക്ഷമായും തോട്ടം മേഖലയിൽ അടിമത്തം നിലനിൽക്കുന്നു എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഇന്ത്യയിൽ കേരളം, പശ്ചിമ ബംഗാൾ, അസം എന്നീ മൂന്നു സംസ്ഥനങ്ങളിലാണ് തേയില ഉത്പാദനത്തിന്റെ ഭൂരിഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികളുടെ അവസ്ഥയും വളരെ പരിതാപകരമാണ്.**

ധാനങ്ങളും ഇപ്പോഴും കേരളത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും നിലനിൽക്കുമ്പോൾ, ഏറ്റവും ഭീകരമായ ചില ചിത്രങ്ങളിലൂടെ അടുത്തിടെ മാത്രം കേരളത്തിലെ ആദിവാസികളുടെ ജീവിതത്തെ തിരിച്ചറിഞ്ഞു തുടങ്ങിയ മലയാളിക്ക് തോട്ടം മേഖലയുടെ ചരിത്രത്തെപ്പറ്റിയും അവിടെ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും ഇന്നും അത്ര അറിവില്ല. ഇന്ത്യ സ്വാതന്ത്ര്യം നേടി 65 വർഷങ്ങൾ പിന്നിടുമ്പോഴും, നേരിട്ടും പരോക്ഷമായും തോട്ടം മേഖലയിൽ അടിമത്തം നിലനിൽക്കുന്നു എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ഇന്ത്യയിൽ കേരളം, പശ്ചിമ ബംഗാൾ, അസം എന്നീ മൂന്നു സംസ്ഥാനങ്ങളിലാണ് തേയില ഉത്പാദനത്തിന്റെ ഭൂരിഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികളുടെ അവസ്ഥയും വളരെ പരിതാപകരമാണ്. തോട്ടം മേഖലയിൽ അടുത്തിടെ വന്ന പ്രധാനപ്പെട്ട രാഷ്ട്രീയമാറ്റങ്ങളിൽ ഒന്നാണ് തോട്ടം തൊഴിലാളികളെ ഓഹരി ഉടമകളാക്കിക്കൊണ്ടുള്ള നീക്കം. ഇത് കേരളത്തിലോ ഇന്ത്യയിലോ മാത്രമല്ല മറ്റ് പലയിടങ്ങളിലും ഇപ്പോൾ പരീക്ഷിച്ചു വരുന്നു. ഇതിന് പിന്നിലെ പ്രത്യേകമായ മുതലാളിത്ത, നിയോ ലിബറൽ താത്പര്യങ്ങളെ മനസ്സിലാക്കിയാൽ മാത്രമേ മൂന്നാറിൽ എന്തു നടക്കുന്നുവെന്ന് മനസ്സിലാവൂ. പശ്ചിമ ബംഗാളിൽ കുറച്ചു വർഷങ്ങൾക്ക് മുൻപ് ഇതുപോലെ തന്നെ തേയിലത്തോട്ടം തൊഴിലാളികളെ കമ്പനിയുടെ ഓഹരി ഉടമകളാക്കാനുള്ള ശ്രമത്തിനെതിരെ അവിടുത്തെ തൊഴിലാളി സംഘടനകൾ ഒരു പ്രക്ഷോഭം സംഘടിപ്പിച്ചിരുന്നു. ഇന്നത്തെ മൂന്നാറിലെ സമരത്തിൽ ഈ പ്രശ്നം തികച്ചും പ്രധാനമാണ്. കമ്പനി നടത്തിപ്പുകാർ അല്ലെങ്കിൽ ഓഹരി ഉടമകൾ ആകുന്നതോടുകൂടി, പ്ലാന്റേഷൻ നിയമപ്രകാരം തൊഴിലാളികളുടെ ഗ്രാറ്റിവിറ്റി, പെൻഷൻ, ശമ്പളപരിഷ്കരണം, റേഷൻ എന്നിങ്ങനെ പല അവകാശങ്ങളും അവർക്ക് നഷ്ടപെടുന്നു. അതേ സമയം തൊഴിലാളികളെ കമ്പനിയുടെ നടത്തിപ്പുകാരായി മാറ്റുന്നതോടെ കമ്പനിയുടെ നിലനിൽക്കുന്ന മാനേജ്മെന്റിൽ തൊഴിലാളികൾക്ക് കാര്യമായ യാതൊരു പങ്കും ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതുവഴി പ്ലാന്റേഷൻ നിയമപ്രകാരം തൊഴിലാളിക്ക് കിട്ടേണ്ട എല്ലാ അവകാശങ്ങളും നഷ്ടപ്പെടുന്നു എന്നതിലുപരി കമ്പനി നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഉത്തവാദിത്വം തൊഴിലാളികൾക്കാണെന്നുള്ള ധാരണകൂടി വളർത്തപ്പെടുന്നു. സത്യത്തിൽ തൊഴിലാളികൾക്ക് ഉത്തവാദിത്വം കൂടുകയും അ

തേസമയം അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയുമാണ് ഇതുവഴി നടക്കുന്നത്.

ഈ സാഹചര്യത്തിൽ ഇന്ന് മൂന്നാർ സമരത്തെ നോക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് ഓഹരി ഉടമസ്ഥതയുള്ള, അവരുടെ തന്നെ കമ്പനിക്ക് എതിരെ അവർ സമരം ചെയ്യുന്നു എന്ന രീതിയിൽ വ്യാഖ്യാനിക്കാം. ഇതാണ് നിയോ ലിബറൽ മുതലാളിത്ത രാഷ്ട്രീയത്തിലെ പുതിയ മുഖം. തൊഴിലാളികളെ നടത്തിപ്പുകാർ ആക്കുക എന്ന കാല്പനികമായ പദ്ധതിയുടെ പിന്നിലുള്ള ഭീകരത അവർതന്നെ മനസിലാക്കുന്നത് വളരെ താമസിച്ചാണ്. എന്നാൽ വർഷങ്ങളുടെ സമരചരിത്രപാരമ്പര്യം അവകാശപ്പെടുന്ന കേരളത്തിലെ തൊഴിലാളി സംഘടനകൾ എന്തുകൊണ്ട് ഈ അപകടം മുന്നിൽ കണ്ടില്ല? 2007ൽ പശ്ചിമ ബംഗാളിലെ തോട്ടം തൊഴിലാളികൾ എതിർത്ത് ഒഴിവാക്കിയ ഈ മുതലാളിത്ത നീക്കത്തെ ഇത്രയധികം രാഷ്ട്രീയ പ്രബുദ്ധതയുള്ള കേരളത്തിലെ യൂണിയൻ നേതാക്കൾ എന്തുകൊണ്ടു പഠിച്ചില്ല? എതിർത്തില്ല? തൊഴിലാളികൾ കമ്പനി നടത്തിപ്പുകാരാകുമ്പോൾ അവരുടെ തൊഴിലാളി എന്ന അവകാശങ്ങൾ നഷ്ടപ്പെടുമെന്ന് തിരിച്ചറിയാൻ ഇന്നീ തമിഴ് സ്ത്രീകളുടെ സമരം വേണ്ടിവന്നോ? ബംഗാളിലെ തൊഴിലാളി സംഘടനകൾ അതിനെ എതിർത്തപ്പോൾ എന്തുകൊണ്ട് കേരളത്തിൽ അതിനെപറ്റി ഒരു ചർച്ചപോലും നടന്നില്ല? 2005ൽ ടാറ്റ ടീ, കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ ലിമിറ്റഡാക്കി മാറ്റിയപ്പോൾ മുന്നൂറോളം ഓഹരികൾ വാങ്ങാൻ മൂന്നാറിലെ തോട്ടം തൊഴിലാളികൾക്ക് അനുമതി നല്കിയിരുന്നു. തൊഴിലാളികളെ കമ്പനിയുടെ നടത്തിപ്പിൽ പങ്കുകാരാക്കുക എന്ന വ്യാജേന അവരെക്കൊണ്ട് ഓഹരി വാങ്ങിപ്പിക്കുക, അതും ഇതിനുള്ള പണം തന്നെ

**തൊഴിലാളികളെ കമ്പനിയുടെ നടത്തിപ്പിൽ പങ്കുകാരാക്കുക എന്ന വ്യാജേനെ അവരെക്കൊണ്ട് ഓഹരി വാങ്ങിപ്പിക്കുക, അതും ഇതിനുള്ള പണം തന്നെ അവർക്ക് കടം തന്നെ നൽകിക്കൊണ്ട്. 70 ശതമാനത്തോളം ഷെയർ ഇങ്ങനെ തൊഴിലാളികളുടേതാക്കിക്കൊണ്ട്, അതേ സമയം ഈ മൊത്തം തൊഴിലാളികളെ പ്രതിനിധീകരിക്കാൻ മാനേജ്മെന്റിൽ തൊഴിലാളികളുടെ ഇടയിൽ നിന്ന് പേരിന് ഒരു പ്രതിനിധി മാത്രം. ഈ പ്രവണത മൂന്നാറിൽ മാത്രമല്ല, മറ്റു ഇന്ന് പലയിടങ്ങളിലും ശ്രമിച്ചു വരുന്ന ഒരു രീതിയാണ്.**



അവർക്ക് കടം നൽകിക്കൊണ്ട്. 70 ശതമാനത്തോളം ഷെയർ ഇങ്ങനെ തൊഴിലാളികളുടേതാക്കിക്കൊണ്ട്, അതേ സമയം ഈ മൊത്തം തൊഴിലാളികളെ പ്രതിനിധീകരിക്കാൻ മാനേജ്മെന്റിൽ തൊഴിലാളികളുടെ ഇടയിൽ നിന്ന് പേരിന് ഒരു പ്രതിനിധി മാത്രം. ഈ പ്രവണത മൂന്നാറിൽ മാത്രമല്ല, ഇന്ന് പലയിടങ്ങളിലും ശ്രമിച്ചു വരുന്ന ഒരു രീതിയാണ്. ടാറ്റ ടീയുടെ അഭിപ്രായത്തിൽ ഇന്ന് ലോകത്തിലെതന്നെ ഏറ്റവും വലിയ participatory management company ആണ് കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ ലിമിറ്റഡ്. അതായത് ഈ തന്ത്രത്തെയാണ് മുതലാളിത്തവ്യവസ്ഥിതിയുടെ ഒരു പുതിയ ഭാഷയിൽ പങ്കാളിത്ത നടത്തിപ്പ് (participatory management) എന്നു പറയുക.

തോട്ടം മേഖലയെ ഭൂപരിഷ്കരണം തൊടാതെ പോയതിനാൽ സ്വന്തമായി ഭൂമിയോ മറ്റ് പ്രാഥമിക സൗകര്യങ്ങളോ ഇല്ലാതെ പുറംലോകത്തോട് തന്നെ വേർപിരിഞ്ഞ് സമൂഹജീവിതം നിഷേധിക്കപ്പെട്ട അവസ്ഥയിൽ ജീവിക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിമത്താവസ്ഥയെ ഇന്നുവരെ അങ്ങനെ തന്നെ നിലനിർത്താൻ രാഷ്ട്രീയ കക്ഷികൾക്കും

തൊണ്ണൂറു ശതമാനത്തിലധികം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന അസംഘടിത മേഖലയിൽ സ്ത്രീകൾക്ക് മാത്രം ചെയ്യാൻ പറ്റുന്ന തൊഴിൽ എന്ന് ചില ജോലികളെ കാണുകയും അതിലൂടെ അവർക്ക് അടിസ്ഥാന ശമ്പളം നിഷേധിക്കുകയും ചെയ്യുക, അതായത് സ്ത്രീ തൊഴിലാളികൾ ചില പ്രത്യേക മേഖലകളിൽ പ്രത്യേക ജോലിക്കായി മാത്രം ഉപയോഗപെടുത്തുക, കൂടുതൽ തുച്ഛമായ വേതനത്തിന് അവരെ കിട്ടുമെന്നിരിക്കെ മുതലാളിത്ത സാമ്പത്തികക്രമം പുതിയ മാർഗങ്ങളിലൂടെ അവരെ ഏതെല്ലാം രീതിയിൽ കൂടുതൽ ചൂഷണം ചെയ്യാനുള്ള ഉപാധികൾ അന്വേഷിച്ചുകൊണ്ടേയിരിക്കും.

കമ്പനി മുതലാളിമാർക്കും അവരുടെ പങ്കുപറ്റി നിന്ന മറ്റ് തത്പര കക്ഷികൾക്കും സാധിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകളിൽ നിന്നും മാറിമാറി വന്ന ഭരണകൂടങ്ങളിൽ നിന്നുമുള്ള കാലങ്ങളായുള്ള അവഗണകളാണ് മൂന്നാറിലെ സ്ത്രീകളെ അവസാനം ഇത്ര ശക്തമായ തീരുമാനങ്ങൾ എടുക്കാനും തെരുവിലേക്ക് ഇറങ്ങാനും പ്രേരിപ്പിച്ചത്. തെരുവിലേക്ക് ഇറങ്ങിയ സ്ത്രീകളെ സംബന്ധിച്ചടത്തോളം ഇത് അവരുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. എന്നാൽ അതിലുപരി കേരളം പോലെയൊരു സംസ്ഥാനത്ത് ജീവിക്കുന്ന അവരുടെ അവകാശസമരം കൂടെയായിട്ടാണ് നമ്മൾ അതിനെ കാണേണ്ടത്. കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും തൊഴിലാളി സംഘടനകളും ഇന്നുവരെ ഗൗനിക്കാതിരുന്ന തമിഴ് സ്ത്രീസമൂഹം മലയാളികൾക്ക് നൽകിയിരിക്കുന്നത് ഒരു പുതിയ സമരഭാഷയും ആവേശവുമാണ്. ഈ സമരം കേരളത്തിലെ മറ്റ് അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്കും പ്രചോദനമാകും എന്നുള്ളതിൽ സംശയമില്ല. കേരളം സാക്ഷ്യം വഹിച്ച നഴ്സുമാരുടെ സമരവും അദ്ധ്യാപകരുടെ സമരവും ഇരിപ്പ് സമരവും എല്ലാം തന്നെ അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

സ്ത്രീകൾ ചെയ്യുന്ന ജോലികളുടെ സ്വഭാവത്തെക്കുറിച്ചും, മുതലാളിത്തവും പുരുഷാധിപത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും വ്യവസായവത്ക്കരണത്തിന്റെ ആരംഭം മുതൽ പല വിധത്തിലുള്ള രാഷ്ട്രീയ ചിന്തകർ പഠിച്ചിട്ടുണ്ട്. സ്ത്രീ എന്ന സ്വത്വത്തിൽ ഉപരി, സ്ത്രീകളെ തൊഴിലാളി എന്ന രീതിയിയിൽ ഇടതുപക്ഷം കണ്ടപ്പോൾ ആ നിലപാടിനുള്ളിൽ നിന്നുകൊണ്ട് തന്നെ അതേക്കുറിച്ച് റോസാ ലക്സംബർഗ്, അലെക്സാന്ദ്ര കൊല്ലോന്തായി, ക്ലാര സെത്കിൻ തുടങ്ങിയ സ്ത്രീപക്ഷ ചിന്തകർ തൊഴിലാളി സംഘടനക



ളിലെ പുരുഷാധിപത്യത്തെ ചോദ്യം ചെയ്തിട്ടുമുണ്ട്. മൃദു വിരലുകൾക്കൊണ്ട് (Nimble fingers) മാത്രം ചെയ്യാൻ പറ്റു ന്ന ജോലികൾക്ക് സ്ത്രീകളെ ഉ പയോഗിക്കുക എന്ന തന്ത്രം മു തലാളിത്ത വ്യവസ്ഥയിൽ സ് ത്രീപുരുഷ തൊഴിൽ വിഭജനം വന്നതിനെത്തുടർന്നുണ്ടായതാ ണ്. പഴയകാല കൈത്തറി മേഖ ല, തോട്ടം മേഖല തുടങ്ങി ഇ ന്നത്തെ പുതിയ സ്പെഷ്യൽ എക്കണോമിക് സോണുകൾ വ രെയുള്ള പല തൊഴിലുകളും ഇ ങ്ങനെ 'അസംബ്ലി ലൈൻ' സ്വ ഭാവത്തിൽ സ്ത്രീകളെ മാത്രം തെരഞ്ഞെടുത്ത് നടത്തപ്പെടുന്ന വയാണ്. ഇത് മുതലാളിത്തത്തി ന് പല പുതിയ മുഖങ്ങളിലും സ്ത്രീയെ ആവശ്യം വരുമ്പോൾ മാത്രം ഉപയോഗിക്കാൻ ഉദ്ദേശി ച്ചുണ്ടാക്കിയ ഒരു വ്യവസ്ഥയാ ണ്. ഇത്തരത്തിൽ സ്ത്രീകളെ ഉപയോഗിക്കുന്ന തൊഴിൽ രീ തികൾ 'നല്ല (ഐഡിയൽ) തൊഴിലാളികളായ സ്ത്രീ കൾ'ക്കും അവരുടെ 'മൃദുവിര ലുകൾ'ക്കും 'തങ്കപ്പെട്ട സ്വഭാവ ത്തി'നും പറ്റിയ ജോലികൾ ആ യി കണക്കാക്കപ്പെട്ടിരുന്നു; അ ത് അങ്ങനെ തന്നെ തുടരുക യും ചെയ്യുന്നു. ആഗോള മുത ലാളിത്ത വ്യവസ്ഥയിൽ തൊഴി ലിന്റെ ആവശ്യകത കുറയുക യും മൂലധനത്തിൽ അധിഷ്ഠിത മായ ഉത്പാദനരീതിക്ക് സ്വീകാ ര്യത കൈവരികയും ചെയ്യുന്ന രീതി ഇന്ന് നിലനിൽക്കെ, ഈ വ്യവസ്ഥക്കുള്ളിൽ തന്നെ ചില മേഖലകളിൽ മാത്രം തൊഴില ധിഷ്ഠിത വ്യവസായവും അതി നുള്ളിൽ ഏറ്റവും കുറഞ്ഞ വേ തനത്തിൽ തൊഴിലിന്റെ കേന്ദ്രീ കരണവും മുതലാളിത്തത്തിന്റെ പുതിയമാനമായിട്ടാണ് സംഭവി ച്ചിട്ടുള്ളത്. തോട്ടം മേഖല, സ് പെഷ്യൽ എകണോമിക് സോ ണുകൾ, ടെക്സ്റ്റൈൽ മേഖല ഇവയൊക്കെ ഇത്തരത്തിൽ ഏറ്റ വും കുറഞ്ഞ വേതനത്തിൽ സ് ത്രീകളെ ചൂഷണം ചെയ്യാൻ ഉ പയോഗിക്കപ്പെടുന്ന മേഖലകളാ ണ്. സ്ത്രീകളെ മാത്രം തെര ഞ്ഞെടുക്കുന്ന ഈ തൊഴിലു കൾക്ക് ഒരു പൊതുവായ സ്വഭാ വം ഉണ്ടെന്ന് മാത്രമല്ല ഇവയെ ല്ലാം ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന തീ വ്രമായ അടിമത്തത്തിന്റെയും അവഗണനകളുടെയും വിവിധ രൂ പങ്ങൾ കൂടിയാണ്.

> തൊണ്ണൂറു ശതമാനത്തിലധികം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന അസംഘടിത മേഖലയിൽ സ്ത്രീകൾക്ക് മാത്രം ചെയ്യാൻ പറ്റുന്ന തൊഴിൽ എന്ന് ചില ജോലികളെ കാണുകയും അതിലൂടെ അവർക്ക് അടിസ്ഥാന ശമ്പളം നിഷേധിക്കുകയും ചെയ്യുക, അതായത് സ്ത്രീ തൊഴിലാ ളികൾ ചില പ്രത്യേക മേഖലകളിൽ പ്രത്യേക ജോലിക്കാ യി മാത്രം ഉപയോഗപെടുത്തുക, കൂടുതൽ തുച്ഛമായ വേതനത്തിന് അവരെ കിട്ടുമെന്നിരിക്കെ മുതലാളിത്ത സാമ്പത്തികക്രമം പുതിയ മാർഗങ്ങളിലൂടെ അവരെ ഏ തെല്ലാം രീതിയിൽ കൂടുതൽ ചൂഷണം ചെയ്യാനുള്ള ഉ പാധികൾ അന്വേഷിച്ചുകൊണ്ടേയിരിക്കും.

ആഗോളവത്ക്കരണത്തിന്റെ ഈ കാലത്ത്, മുതലാളിത്തവും പുരുഷാധിപത്യവും പുതിയ ഭാ വങ്ങളിലും പുതിയ രൂപങ്ങളി ലും പ്രത്യക്ഷപ്പെട്ടു കൊണ്ടേയി രിക്കും. തൊണ്ണൂറു ശതമാനത്തി ലധികം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന അസംഘടിത മേഖലയിൽ സ്ത്രീകൾക്ക് മാ ത്രം ചെയ്യാൻ പറ്റുന്ന തൊഴിൽ എന്ന് ചില ജോലികളെ കാണു കയും അതിലൂടെ അവർക്ക് അ ടിസ്ഥാന ശമ്പളം നിഷേധിക്കു കയും ചെയ്യുക, അതായത് സ് ത്രീ തൊഴിലാളികളെ ചില പ്ര ത്യേക മേഖലകളിൽ പ്രത്യേക ജോലിക്കായി മാത്രം ഉപയോഗ പെടുത്തുക, കൂടുതൽ തുച്ഛമാ യ വേതനത്തിന് അവരെ കിട്ടു മെന്നിരിക്കെ മുതലാളിത്ത സാ മ്പത്തികക്രമം പുതിയ മാർഗങ്ങ ളിലൂടെ അവരെ ഏതെല്ലാം രീ തിയിൽ കൂടുതൽ ചൂഷണം ചെ യ്യാമെന്നുള്ള ഉപാധികൾ അന്വേ ഷിച്ചുകൊണ്ടേയിരിക്കും. ഈ ഭീകരാവസ്ഥയെ ചോദ്യം ചെയ് തുകൊണ്ട്, മലയാളികൾ എ ന്നും ദളിതവത്ക്കരിച്ചു നിർത്തി യ കുറെ തമിഴ് സ്ത്രീകൾ അവ രുടെ ദാരിദ്ര്യത്തിൽനിന്ന് കൈ യ്യിട്ടുവാരിയ ഇവിടുത്തെ പല ട്രേഡ് യൂണിയനുകളെയും പു രുഷകേസരികളെയും വെല്ലുവി ളിച്ചുകൊണ്ട് സമരം ചെയ്യു മ്പോൾ അവർ ഉയർത്തുന്ന ചി ല സുപ്രധാനമായ ചോദ്യങ്ങ ളുണ്ട് മൂന്നാർ സമരം നമുക്ക് മു ന്നിൽ വയ്ക്കുന്നതും ഇതാണ്. പക്ഷേ ഈ പാഠങ്ങളൊന്നും പഠിക്കാൻ മാത്രം മലയാളി വ ളർന്നിട്ടില്ലെന്ന് അവർ മനസ്സിലാ ക്കിയിട്ടില്ല.

*കടപ്പാട് : azhimugham.com*

*('മൂന്നാർ തോട്ടം സ്ത്രീ തൊഴി ലാളി സമരം: പ്രതീക്ഷകളും വെല്ലു വിളികളും' എന്ന വിഷയത്തിൽ ലെ ഫ്റ്റ് സ്പേസ് ജാമിയ സംഘടിപ്പിച്ച ചർച്ചയിൽ ഡോ. ശ്രീരേഖ സതി (അ സി. പ്രൊഫസർ, ജാമിയ മിലിയ ഇ സ്ലാമിയ) നടത്തിയ പ്രഭാഷണം. ത യ്യാറാക്കിയത് ജാമിയയിലെ വിദ്യാർ ഥിയായ ജോർജ് കുട്ടി)*

**കവർസ്റ്റോറി**



തമ്പാട്ടി മധുസൂദ്

# മൂന്നാറിലെ തോട്ടം തൊഴിലാളിസ്ത്രീകൾ : സമരവും ജീവിതവും – ചിത്രങ്ങളിലൂടെ





**തോ**ട്ടം തൊഴിലാളികളുടെ ദിവസവരുമാനം 500 രൂപയാക്കുവാൻ വേണ്ടി പെമ്പിളൈ ഒരുമൈ നടത്തിയ രാപ്പകൽ നിരാഹാരസമരത്തിന്റെ വേദി. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് സംയുക്ത ട്രേഡ് യൂണിയനുകൾ നടത്തിയിരുന്ന സമരത്തിലേക്ക് സ്ത്രീതൊഴിലാളികളെ അധികാരവും വാഗ്ദാനങ്ങളും ഉപയോഗിച്ച് എത്തിക്കാൻ ശ്രമിക്കുന്നതിനെതിരെ സമരക്കാർ ഉയർത്തിയ പ്ലക്കാർഡുകൾ.



*ഈങ്കിലാബ് സിന്ദാബാദ്,*
*പെൺകൾ അണി സിന്ദാബാദ്*
*പോകമാട്ടെ പോകമാട്ടെ ഒടമ്പ്*
*ഭയന്ത് പോകമാട്ടെ*
*ശയിരിയമാ വന്തിരിക്കൂ.*
*നേരടിയാ വന്തിരിക്കൂ*
*വീരപെൺകൾ വന്തിരിക്കൂ*
*ബദൽ സൊൽ*
*ബദൽ സൊൽ കമ്പനിയേ.*

തൊഴിലിൽ നിന്നുള്ള തുച്ഛമായ വരുമാനം വീട്ടുചിലവിനു പോലും തികയാറില്ല. കടം വാങ്ങിയാണ് മിക്ക സ്ത്രീകളും കുടുംബം നടത്തുന്നത്. സമരം തുടങ്ങിയതോടെ കടം ലഭിക്കാതെയായി. പട്ടിണിയിൽ കിലോമീറ്ററുകളോളം നടന്നാണ് സ്ത്രീകൾ സമരത്തിനെത്തിയത്. നിരാഹാരം ഒരു സമരമാർഗം മാത്രം ആയിരുന്നില്ല ഒരു യാഥാർത്ഥ്യം കൂടിയായിരുന്നു.





മൂന്നാറിലെ നാഗർമുഡി ഡിവിഷനിലെ സിവൻമലൈ എസ്റ്റേറ്റിലെ ലയങ്ങൾ. പൊളിഞ്ഞു വീഴാറായ ലയങ്ങളിൽ ഓരോന്നിലും താമസിക്കുന്നത് കുടുംബത്തിലെ അഞ്ചും ആറും പേർ. ലയം മെയിന്റനൻസിന് KDHP കമ്പനി നൽകുന്നത് വർഷം 18 രൂപ.

സിവൻമലൈ എസ്റ്റേറ്റിലെ തേയിലതോട്ടം തൊഴിലാളി സുബ്ബലക്ഷ്മി. സുബ്ബലക്ഷ്മിയുടെ താത്തയുടെ കുടുംബത്തെ തമിഴ്നാട്ടിൽ നിന്നും 'ഇലയിൽ നിന്ന് തങ്കം വീഴുന്ന ചെടിനടാൻ' എന്നു പറഞ്ഞാണ് കങ്കാണിമാർ കൊണ്ടുവന്നത്. ഇതിപ്പോൾ ആറു തലമുറയായി അവർ കമ്പനിയിൽ പണിയെടുക്കുന്നു.





മാട്ടുപെട്ടി ഡിവിഷനിലെ കൂട്ടിയാർ എസ്റ്റേറ്റിലെ ജയലത. കമ്പനിയിൽ താൽക്കാലിക ജീവനക്കാരിയായിരുന്നപ്പോൾ മെഷീനിനിടയിൽപ്പെട്ട് കൈ നഷ്ടപ്പെട്ടു. യാതൊരുവിധ നഷ്ടപരിഹാരവും ലഭിച്ചില്ല. സ്വന്തം ചിലവിൽ ചികിത്സ നടത്തുന്നു.

കുട്ടിയാർ എസ്റ്റേറ്റിലെ തണപാക്കിയം പാട്ടി തലമുറകളായി ഇവിടെ ജീവിക്കുന്നു. തൊഴിലാളികളിൽ ചിലർക്ക് ഭൂമി നൽകിയതായി പഞ്ചായത്ത് അവകാശപ്പെടുന്നു. പക്ഷേ അതാർക്കാണെന്ന് ആർക്കുമറിയില്ല. സ്വന്തമായി ഭൂമി ഇല്ലെങ്കിലും തൊഴിലാളികളിൽ ഭൂരിപക്ഷവും APL ലിസ്റ്റിൽ;



## POST – INDEPENDENCE ERA IN THE HILLS

- **Year 1947:** Construction of the Madupatty hydro-electric works (Madupatty Dam) by British-Canadian Engineers begins and is completed by 1953. The original bungalows of the managers of the Company's Madupatty Estate, the then General Manager's bungalow, the then Regional Office, staff houses and labour lines are submerged in the Madupatty dam.

- **Year 1963:** The Indo-Swiss Project under the control of the Kerala Livestock Development Board is formed. It is one of the leading institutions in India dealing with Veterinary Science and breeding technology.

- **Year 1964:** James Finlay & Co. Limited enters into collaboration with Tatas for establishing an Instant Tea Factory in Nullatanni Estate. It is the largest Instant Tea Factory outside USA.

- **Year 1976:** Tata's purchase the complete business interests in India of the Finlay Group and Tata-Finlay Limited is born.

- **Year 1978:** The High Range Game Preservation Association, the predecessor of the present day High Range Wildlife and Environment Preservation Association, persuades the Central Government to declare the Eravikulam area as National Park - the only National Park of its kind in India, perhaps in the world, where an NGO actively and effectively collaborates with the Government in the joint management of the National Park.

- **1980s:** Tata Tea comes into being in 1983 and sets up Asia's largest Super Tea Factory in the mid eighties at Chunduvurrai Estate.

- **1990s:** Tata Tea sets up a fully automated tea factory in Madupatty. The company also starts organic tea cultivation in Chunduvurrai Estate, with organic tea manufacture facility at Yellapatty Factory.

- **2005:** Kanan Devan Hills Plantations Company Private Limited (KDHP), ***the first and the largest participatory management company in India with more than 12500 employees as shareholders*** took over the majority of tea plantations in Munnar from Tata Tea Limited, with effect from April 1st 2005.

കണ്ണൻദേവൻ പ്ലാന്റേഷൻസിന്റെ ചരിത്രം. മൂന്നാറിലെ ടാറ്റ ടീ മ്യൂസിയത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ചരിത്രത്തിലില്ലാത്ത ചിലതും ചിലരും കൂടിയുണ്ട്. 1958ൽ തോട്ടം തൊഴിലാളികൾ നടത്തിയ സമരത്തിൽ പോലീസ് വെടിവെയ്പ്പിൽ കൊല്ലപ്പെട്ട ഗൂഡറലെ (Gudarale) എസ്റ്റേറ്റിലെ ഹസൻ റാവൂത്തരും പാവമ്മാളും. പാവമ്മാൾ തിരുനെൽവേലിയിൽ നിന്നും കുടിയേറിയ തമിഴ് സ്ത്രീയാണ്. പാവമ്മാളുടെ കുടുംബം പിന്നീട് തമിഴ്നാട്ടിലേക്ക് മടങ്ങി. ഹസൻറാവുത്തരുടെ കുടുംബം ഇപ്പോഴും ഇവിടെ ജീവിക്കുന്നു.



പൊമ്പിളൈ ഒരുമൈയുടെ സമരങ്ങളിൽ പ്രാധാന്യമർഹിക്കുന്ന സ്ഥാനമാണ് ഗോമതി അഗസ്റ്റിൻ വഹിക്കുന്നത്. AITUC യൂണിയൻ അംഗമായിരുന്ന ഗോമതി പൊമ്പിളൈ ഒരുമയ്ക്കുവേണ്ടി ദേവികുളം ബ്ലോക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. മൂന്നാർ, ദേവികുളം പഞ്ചായത്തുകളിലായി മൊത്തം 29 വാർഡിലും ദേവികുളം ബ്ലോക്കിലെ ഒൻപത് സീറ്റുകളിലും ഇടുക്കി ജില്ലാപഞ്ചായത്തിലെ ഒരു സീറ്റിലും പൊമ്പിളൈ ഒരുമൈ മത്സരിക്കുന്നു



തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി 4-ാം ക്ലാസ് വരെയുള്ള തമിഴ് മീഡിയം സ്കൂളുകൾ മാത്രമാണു (labour school)ള്ളത്. തുടർന്നുള്ള പഠനത്തിന് മൂന്നാർ ടൗണിലേയോ മറ്റിടങ്ങളിലേയോ സ്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നു. മാനേജർമാരുടേയും സ്റ്റാഫുകളുടേയും മക്കൾ പഠിക്കുന്ന High range school കളിൽ 20% തൊഴിലാളികളുടെ മക്കളേയും പഠിപ്പിക്കണമെന്നത്; എൻട്രൻസ് പരീക്ഷ നടത്തി അട്ടിമറിക്കുന്നു. ലേബർ സ്കൂളിലെ പഠനത്തിന് ഫീസ് രക്ഷിതാക്കളുടെ ശമ്പളത്തിൽ വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. ○

അഡ്വ. എ. നസീറ

# മൂന്നാർ സമരം തൊഴിൽ നിയമങ്ങളിലൂടെ

കാഠിനമായ ജീവിത പ്രയാസങ്ങളും കൊടിയ മുതലാളിത്ത ചൂഷണങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ തീരാശാപങ്ങളാണ്. എരിഞ്ഞുകൊണ്ടിരിക്കുന്ന ഉമിത്തീയിൽ നിന്നും ഇടയ്ക്കിടയ്ക്ക് തീക്ഷ്ണമായ ജ്വാല ആളികത്തുമ്പോൾ അല്പം നീർ നൽകി ശമിപ്പിക്കുന്നുവെന്നല്ലാതെ പൂർണ്ണമായും കെടുത്താൻ ഇതുവരേയെങ്കിലും കഴിഞ്ഞിട്ടുണ്ടോ? മൂന്നാറിൽ സംഭവിച്ചതും മറ്റൊന്നല്ല.

മൂന്നാറിലെ മനോജ്ഞമായ കാഴ്ചകൾക്കിടയിൽ ദീനതയുടെ മുഖങ്ങൾ ഒരിയ്ക്കലെങ്കിലും നമുക്ക് കാണാതിരിക്കാനാവുന്നതെങ്ങനെ? തുന്നിക്കെട്ടിയ വസ്ത്രം, ചെളിപുരണ്ടും കാലപഴക്കത്താൽ തേഞ്ഞു വികൃതമായ പാദരക്ഷകൾ, സൂര്യന്റെ ഉഗ്രകിരണത്താൽ കരുവാളിച്ച ദേഹം; ഓരോ തൊഴിലാളിയുടേയും പ്രത്യക്ഷ ചിത്രമാണെങ്കിൽ താമസസ്ഥലത്തേക്ക് ഒന്നെത്തിനോക്കിയാലോ ! പരിഷ്കൃത രാഷ്ട്രമെന്ന് വീമ്പുപറയുന്ന നാം ഞെട്ടിപോകും. പൊട്ടി





പ്പൊളിഞ്ഞതും ചോർന്നൊലിക്കുന്നതുമായ ലയങ്ങൾ, ഒന്നോ രണ്ടോ പേരുടെ ദിവസവേതനം കൊണ്ട് കഴിഞ്ഞുകൂടുന്ന എട്ടു പത്ത് ജീവിതങ്ങൾ. രോഗം ബാധിച്ച് കഷ്ഠതയനുഭവിക്കുന്നവർക്ക് വേണ്ടത്ര വൈദ്യസഹായം ലഭിക്കാതെ യാതനയനുഭവിക്കുന്നതോ മറ്റോരു ചിത്രം.

നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്നും തുല്യ നിയമ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്ന നമ്മുടെ ജനാധിപത്യ രാഷ്ട്രത്തിൽ തൊഴിലാളികളുടേയും സ്ത്രീകളുടേയും ദുർബലരുടേയും ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനും ധാരാളം നിയമങ്ങൾ നിലനിൽക്കുമ്പോൾ മൂന്നാർ സമരവുമായി ബന്ധപ്പെടുത്തി തൊഴിലിടങ്ങളിലെ നിയമങ്ങൾ എങ്ങനെ വ്യവസ്ഥ ചെയ്യുന്നുവെന്നും അവ എത്രമാത്രം പാലിക്കപ്പെടുന്നുവെന്നും പരിശോധിക്കേണ്ടതുണ്ട്.

2011 മേയ് 22ന് പ്ളാന്റേഷൻ ലേബർ കമ്മീഷൻ തീരുമാനിച്ച പ്രകാരം തേയില തോട്ടം തൊഴിലാളികളുടെ ദിവസ വേതനം 232 രൂപയും റബ്ബർ തൊഴിലാളികളുടേത് 317ഉം ഏലം തൊഴിലാളികളുടേത് 267 എന്ന നിലയിൽ പരിഷ്കരിക്കുകയുണ്ടായി. അപ്രകാരമുള്ള മൂന്നുവർഷ കാലാവധി 2014 ഡിസംബർ 31–ാം തീയതി അവസാനിക്കുകയുണ്ടായെങ്കിലും വേതന പരിഷ്കരണത്തിനായി ബന്ധപ്പെട്ട തൊഴിൽ ദാതാവോ സംസ്ഥാന ഭരണകൂടമോ യാതൊരു ശ്രമവും നടത്തിയിരുന്നില്ല. തങ്ങളുടെ താമസ സ്ഥലങ്ങൾ വൃത്തി ഹീനമായ അവസ്ഥയിലാണെന്ന് തൊഴിലാളികൾ പല പ്രാവശ്യം അറിയിച്ചിട്ടും യാതൊരു മറുപടിയും ലഭിച്ചിരുന്നില്ല. തൊഴിലിടങ്ങളിൽ നിന്നും പല പല ആവശ്യങ്ങൾ ഉന്നയിക്കുകയും വേതനം പരിഷ്ക്കരണത്തിനായുള്ള വ്യവസ്ഥയുടെ കാലാവധി നീണ്ടു പോകുന്നൂവെന്നിരിക്കെ 2015 ജനുവരി 1–ാം തീയതി ദിവസ വേതനം പത്തുരൂപ വർദ്ധിപ്പിക്കാമെന്ന് കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ വാഗ്ദാനം ചെയ്തു. എന്നാൽ ഇത് ഒരു വ്യവസ്ഥയ്ക്കനുസരിച്ച് മാത്രം; ഉത്പാദനത്തിൽ വർദ്ധനവുണ്ടാകുന്നൂവെങ്കിൽ മാത്രം.

തങ്ങളുടെ ആവശ്യങ്ങൾ ചെവിക്കൊള്ളുന്നില്ലെന്ന് കണ്ടപ്പോൾ മൂന്ന് ലക്ഷത്തിലേറെ തൊഴിലാളികൾ സംഘടിച്ച് സമരത്തിനിറങ്ങി. തങ്ങൾ കൊളുന്തു നുള്ളി ചാക്കിലാക്കുമ്പോൾ അവയിൽ നിന്നുള്ള പണം മുതലാളിമാർ ചാക്കിലാക്കുന്നു എന്നാണ് തൊഴിലാളികൾ ഉന്നയിക്കുന്നത്. ഒരു തെങ്ങുകയറ്റക്കാരൻ 5 മണിക്കൂർ കൊണ്ട് 1250 രൂപയും ഒരു സാധാരണ കൂലിവേലക്കാരൻ 8 മണിക്കൂർ കൊണ്ട് 800 രൂപയും നേടുന്നു. എന്നാൽ തോട്ടം തൊഴിലാളി തുടരെ പന്ത്രണ്ട്

മണിക്കൂർ പണിയെടുക്കുമ്പോൾ കിട്ടുന്നതോ 170 രൂപയിൽ തുടങ്ങി 230 രൂപ വരെ മാത്രമാണ്. തോട്ടം തൊഴിലാളികളുടെ പ്രധാന ആവശ്യങ്ങൾ ദിവസവേതനം 500 രൂപയാക്കുക 20 % ബോണസ് ഏർപ്പെടുത്തുക മെച്ചപ്പെട്ട താമസ-ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയായിരുന്നു.

മേൽപ്പറഞ്ഞ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി നിയമങ്ങൾ പരിശോധിക്കുമ്പോൾ പ്രധാനമായും എടുത്തുപറയേണ്ട തൊഴിൽ നിയമങ്ങളിൽപ്പെട്ടതാണ് തോട്ടം തൊഴിലാളി നിയമം 1951, മിനിമ വേതന നിയമം 1948, തുല്യവേതന നിയമം 1976, ബോണസ് നിയമം 1965 എന്നിവ. ഈ നിയമങ്ങൾ പരിശോധിക്കുന്നതിന് മുമ്പ് ഭാരതത്തിന്റെ ഭരണഘടന തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്താണ് വ്യവസ്ഥ ചെയ്യുന്നതെന്ന് നോക്കേണ്ടതുണ്ട്. ഭരണഘടനയിലെ അനുഛേദം 43 തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം ഉറപ്പുവരുത്തുന്നുണ്ട്. രാഷ്ട്രം, അനുയോജ്യമായ നിയമ നിർമ്മാണം വഴിയോ സാമ്പത്തിക സംവിധാനം വഴിയോ മറ്റേതെങ്കിലും വിധത്തിലോ

1948 ലെ മിനിമം വേതന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഒരു തൊഴിലാളിയുടെ ജീവിത നിലവാരത്തിനും അന്തസ്സിനും ആരോഗ്യപരിപാലനത്തിനും ഉതകുന്ന തരത്തിലായിരിക്കണം അവരുടെ വേതനം.



കാർഷിക തൊഴിലാളികളോ വ്യാവസായിക തൊഴിലാളികളോ മറ്റു തരത്തിലുള്ള തൊഴിലാളികളോ ആയ എല്ലാ തൊഴിലാളികൾക്കും ജോലി, ഉപജീവനക്ഷമമായ വേതനം, മാന്യമായ ജീവിത നിലവാരം, വിശ്രമ വേളയിലെ പൂർണ്ണാനുഭവം എന്നിവ ഉറപ്പുവരുത്തുന്നതും പൗരന്മാർക്ക്, പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ മതിയായ ഉപജീവനോപായങ്ങൾക്ക് അവകാശമുണ്ടായിരിക്കുമെന്നും തുല്യജോലിക്ക് പുരുഷനും സ്ത്രീക്കും തുല്യമായ വേതനം ഉണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

**ദിവസവേതനം 500 രൂപയാക്കി ഉയർത്തുക**

ന്യായമായ ആവശ്യമാണോ? തൊഴിൽദാതാക്കൾ 500 രൂപ നൽകുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് പല ന്യായങ്ങൾ മുന്നോട്ട് വച്ചു. എന്നാൽ 20 വർഷമായി തുടരെ പണിയെടുക്കുന്ന ഒരു സ്ത്രീ തൊഴിലാളി 12 മണിക്കൂർ പണിയെടുക്കുമ്പോൾ കിട്ടുന്നത് 170 രൂപയാണെന്ന് കാണുമ്പോൾ തൊഴിൽദാതാക്കളുടേയോ അവരെ പിന്താങ്ങുന്ന ഭരണകൂടത്തിന്റെയോ വാദങ്ങൾ എങ്ങനെ പൊരുത്തപ്പെടും. 1948 ലെ മിനിമം വേതന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഒരു തൊഴിലാളിയുടെ ജീവിത നിലവാരത്തിനും അന്തസ്സിനും ആരോഗ്യപരിപാലനത്തിനും ഉതകുന്ന തരത്തിലായിരിക്കണം അവരുടെ വേതനം. കേന്ദ്ര സർക്കാരിനോ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനോ വേതന വ്യവസ്ഥയിൽ മാറ്റം വരുത്താനുള്ള അധികാരമുണ്ട്. ഈ നിയമത്തിലെ വകുപ്പ് 5 പ്രകാരം മിനിമം വേതനം ഭേദഗതി ചെയ്യുന്നത് രണ്ടു രീതിയിലാകാം - കമ്മിറ്റി മുഖേനയോ വിജ്ഞാപനം വഴിയോ.

ഒരു തൊഴിലാളിയെക്കൊണ്ട് ഒൻപത് മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതെന്ന് തോട്ടം തൊഴിലാളി നിയമം

വ്യവസ്ഥ ചെയ്യുമ്പോൾ മൂന്നാറിലെ തൊഴിലാളികളുടെ ജോലി സമയം 12 മണിക്കൂറും അതിൽ അധികവുമാണ്. അവരുടെ ദിവസം തുടങ്ങുന്നതിന് പ്രഭാതമാകണമെന്നില്ല. ജോലിയിടങ്ങളിൽ എത്തുന്നതിന് എത്രയോ മണിക്കൂർ മുമ്പ് എഴുന്നേറ്റ് പിറ്റേന്നത്തേയ്ക്കുള്ള ഭക്ഷണം തയ്യാറാക്കലിലെ തിരക്കിൽ ഒന്നോ രണ്ടോ മണിക്കൂർ ഉറങ്ങിയെന്നായി. പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികളുടെ അവസ്ഥ ഇങ്ങനെയാകുമ്പോൾ. പുരുഷന് കിട്ടുന്ന വളരെ കുറഞ്ഞ വേതനത്തിനും എത്രയോ താഴെയാണ് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്. അവിടെയാണ് 1976-ലെ തുല്യവേതന നിയമം എത്രത്തോളം നടപ്പിലാക്കുന്നുവെന്ന് നാം മനസ്സിലാക്കേണ്ടത്.

ഐക്യരാഷ്ട്രസഭ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ലോകത്ത് ആകെ നടക്കുന്ന ജോലി സമയത്തിന്റെ 60% നടത്തുന്നത് വനിതകളും അവർക്ക് ലഭിക്കുന്നത് ആകെയുള്ള വരുമാനത്തിന്റെ 10%വുമാണ്. ലോകത്തുള്ള വസ്തുക്കളുടെ

> തുല്യ ജോലിയോ തുല്യ പ്രകൃതത്തിൽ ഉള്ള ജോലിയോ ചെയ്യുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം നൽകണമെന്നും നിയമം നടത്തുമ്പോൾ ഒരിക്കലും സ്ത്രീപുരുഷ വിവേചനം കാട്ടരുതെന്നും ഇതിനെതിരായി പ്രവർത്തിക്കുന്നവരെ കണ്ടെത്തി കുറ്റക്കാരായി വിധിക്കാനുള്ള സംവിധാനവും അത്തരക്കാർക്കുള്ള ശിക്ഷാവിധികളുമൊക്കെ ഈ നിയമത്തിലുണ്ട്. എന്നാൽ യഥാർത്ഥ ജീവിതത്തിൽ പല തൊഴിലിടങ്ങളിലും സ്ത്രീകൾ വിവേചനം അനുഭവിക്കുന്നത് നാം കാണുന്നു.

ഉടമസ്ഥാവകാശം പരിശോധിച്ചാലും വനിതകൾക്കുള്ളത് 1% മാത്രമാണ്. തുല്യ ജോലിക്ക് തുല്യ വേതനം നൽകാൻ, അതായത് സ്ത്രീയായാലും പുരുഷനായാലും ഒരു വിവേചനവുമില്ലാതെ കൂലി നൽകുവാൻ സ്റ്റേറ്റ് ലക്ഷ്യം വയ്ക്കേണ്ടതാണ് എന്ന് ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തുല്യവേതന നിയമം നിർമ്മിച്ചത്. തുല്യ ജോലിയോ തുല്യ പ്രകൃതത്തിൽ ഉള്ള ജോലിയോ ചെയ്യുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം നൽകണമെന്നും നിയമം നടത്തുമ്പോൾ ഒരിക്കലും സ്ത്രീപുരുഷ വിവേചനം കാട്ടരുതെന്നും ഇതിനെതിരായി പ്രവർത്തിക്കുന്നവരെ കണ്ടെത്തി കുറ്റക്കാരായി വിധിക്കാനുള്ള സംവിധാനവും



അത്തരക്കാർക്കുള്ള ശിക്ഷാവിധികളുമൊക്കെ ഈ നിയമത്തിലുണ്ട്. എന്നാൽ യഥാർത്ഥ ജീവിതത്തിൽ പല തൊഴിലിടങ്ങളിലും സ്ത്രീകൾ വിവേചനം അനുഭവിക്കുന്നത് നാം കാണുന്നു.

**മെച്ചപ്പെട്ട താമസ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക**

തോട്ടം തൊഴിലാളി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓരോ തൊഴിൽദാതാവും തങ്ങളുടെ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും മതിയായ താമസ സൗകര്യം ഏർപ്പെടുത്തണം എന്നത് വകുപ്പ് 15-ൽ വ്യക്തമാക്കുന്നു. മൂന്നാറിലെ തൊഴിലാളികളുടെ താമസ സ്ഥലങ്ങൾ പരിശോധിച്ചാൽ ആവശ്യത്തിന് ജലമോ, വൈദ്യുതിയോ എന്തിനേറെ പ്രാഥമിക സൗകര്യങ്ങൾക്കുള്ള കക്കൂസുകൾ പോലും അപര്യാപ്തമാണ്. വളരെ പഴക്കം ചെന്ന വീടുകൾ നിലംപരിശാകുന്ന അവസ്ഥയിലും. ആറു വയസ്സിനും പന്ത്രണ്ടു വയസ്സിനും ഇടയിലുള്ള 25ലധികം കുട്ടികളുണ്ടെങ്കിൽ തോട്ട മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുവാൻ സംസ്ഥാന ഗവൺമെന്റുകൾക്ക് തൊഴിൽദാതാവിനോട് ആവശ്യപ്പെടാമെന്നും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിക്കും പ്രകാരം മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഓരോ തൊഴിൽ ദാതാവും ബാദ്ധ്യസ്ഥനാണെന്നും ഈ നിയമത്തിലെ 10-ാം വകുപ്പ് വ്യക്തമാക്കുന്നു.

**20% ബോണസ്**

യാതൊരു തൊഴിൽ മേഖലയിലായാലും അടിസ്ഥാന ബോണസ് 8.33% നൽകണമെന്ന് 1965-ലെ ബോണസ് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഉത്പാദന ക്ഷമതയനുസരിച്ച് 20% വരെയാക്കാമെന്നും ഈ നിയമത്തിലെ 31-ാം വകുപ്പ് പ്രതിപാദിക്കുമ്പോൾ 2014-15 വർഷ കാലയളവിലെ കമ്പനി നഷ്ടം 68% ആണെന്ന് ചൂണ്ടിക്കാട്ടുകയും ബോണസിന്റെ കാര്യത്തിൽ കണ്ണൻ ദേവൻ കമ്പനിയുടെ വാദം കഴിഞ്ഞ അവസാന വർഷങ്ങളിൽ കമ്പനിക്കു ലഭിച്ച ലാഭം 15 കോടിയും ആയതിനാൽ 19% ബോണസ് നൽകാമായിരുന്നു. എന്നാൽ ഇക്കൊല്ലത്തെ ലാഭ വിഹിതം വെറും 5 കോടി ആയതിനാൽ 10% ബോണസ് മാത്രമേ നൽകാനാവൂ എന്നാണ് കമ്പനി പറയുന്നത്. അതിന് മുമ്പ് എത്രപ്രാവശ്യം ബോണസ് പരിഷ്ക്കരിക്കുകയുണ്ടായെന്നാരായേണ്ടതുണ്ട്.

തൊഴിലാളികളുടെ അവകാശങ്ങൾക്കും ക്ഷേമത്തിനും ഇനിയും ധാരാളം നിയമങ്ങൾ നിലവിലിരിക്കെ മൂന്നാറിൽ തൊഴിലാളി യൂണിയൻ നേതാക്കളെ അടുപ്പിക്കാതെ സ്ത്രീ തൊഴിലാളികൾ ഏറ്റെടുത്ത "പൈമ്പിളൈ ഒരുമൈ" എന്ന സമരം സ്ത്രീ ശാക്തീകരണത്തിന്റെ ശക്തമായ പ്രതീകമാണെന്നതിൽ സംശയമില്ല. അവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ ഇപ്പോഴും മുറവിളിയായ് മുഴങ്ങിക്കൊണ്ടിരിക്കുന്നു.

---

പേജ് 7 തുടർച്ച

സ്ത്രീസമരത്തിൽ തലമുറകളായി തുടരുന്ന ചൂഷണത്തോടുള്ള അമർഷം ആളിക്കത്തിയ പ്രതീതിയായിരുന്നു. തങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടിയും കമ്പനിയുടെയും ട്രേഡ്യൂണിയനുകളുടെയും ചൂഷണത്തിനെതിരെയും ചുവടുറപ്പിച്ചുനിന്ന ഒരു സ്ത്രീസഞ്ചയമായി കേരളസമൂഹം 'പൊമ്പിളൈഒരുമൈ' യെ അംഗീകരിച്ചു.

സമരമുഖത്ത് നിന്നും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് ചുവടുവെക്കുമ്പോൾ ഇവരുടെ മുന്നിലുള്ള വെല്ലുവിളികൾ നിരവധിയാണ്. കേരളരാഷ്ട്രീയം രണ്ടാംകിട പൗരകളായി മാത്രം കണ്ടിരുന്ന ഈ ജനതയുടെ രാഷ്ട്രീയത്തിലേക്കുള്ള കാൽവയ്പ്പ് ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു. മുഖ്യധാര രാഷ്ട്രീയപാർട്ടികൾ വരെ സ്ത്രീ സ്ഥാനാർത്ഥികളെ പാവകളായി മുന്നിൽനിർത്തി പ്രവർത്തിക്കുമ്പോൾ ഒരുസ്ത്രീകൂട്ടായ്മ എന്ന നിലയിൽ ഇവർക്ക് കടന്ന് പോകേണ്ട വഴികൾ കഠിനമായിരിക്കും. പുരുഷാധിഷ്ഠിതമായ പ്രായോഗികരാഷ്ട്രീയത്തിലേക്ക് ഇറങ്ങുമ്പോൾ ഇവരുടെ വിജയത്തിനുമേൽ അവകാശവാദവുമായി എത്തുന്നവരുടെ എണ്ണവും കുറവല്ല. കുടുംബം, സമൂഹം എന്നിവയുമായി നടത്തേണ്ട നീക്കുപോക്കുകളും ഈ അവസരത്തിൽ പ്രാധാന്യമർഹിക്കുന്നു. പൊട്ടിത്തെറിച്ച് തീർന്നുപോകുന്ന സ്ത്രീകൂട്ടായ്മകളുടെ പട്ടികയിൽ ഒതുങ്ങാതെ പൊമ്പിളൈ ഒരുമൈയെ നിലനിർത്താൻ കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങൾ ശ്രമിക്കേണ്ടതുണ്ട്.

*അന്ന മിനി -സ്വതന്ത്രഗവേഷക*

*ഈലേഖനത്തിൻറെ പൂർണരൂപം 'azhimukham.com' (Web Magazine) ൽപ്രസിദ്ധീകരിച്ചിരുന്നു.*




കവർസ്റ്റോറി

# മൂന്നാർസമരത്തിലെ മാധ്യമപ്രവർത്തക ശ്രദ്ധ



ഷിനു മാഗ്ഗി സുരേഷ്

മൂന്നാറിലെ തണുത്ത രാത്രികൾക്കും പകലുകൾക്കും സമരച്ചൂടേകി പെൺപോരാളികൾ തങ്ങളുടെ ജീവിതം കൊണ്ട് പോരാടിയ സമരം. ഘട്ടങ്ങളിലായി അരങ്ങേറിയ സമരത്തിന് വലിയ പിന്തുണയുമായി അനേകം മാധ്യമപ്രവർത്തകർ അവിടെ സജീവമായിരുന്നു.

ചാനലുകളും പത്രങ്ങളും സമൂഹ മാധ്യമങ്ങളും മൂന്നാറിലെ സ്ത്രീകളുടെ അവകാശപ്പോരാട്ടം അവസാനിക്കും വരെ ഒപ്പമുണ്ടായിരുന്നു. 20 ശതമാനം ബോണസ്, ശമ്പള വർദ്ധനവ്, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലയങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ആവശ്യങ്ങൾക്കായി നടത്തിയ സമരം ലോക ശ്രദ്ധയിലേക്കെത്തിച്ചത് മാധ്യമങ്ങളാണ്. ഇതിനു മുൻപ് നടന്ന പല ജനകീയ സമരങ്ങളെയും തള്ളിക്കളഞ്ഞതുപോലെ ഒരു

മാധ്യമങ്ങളും മൂന്നാർ സമരത്തെ ഒഴിവാക്കിയില്ല എന്നത് അഭിനന്ദനാർഹമാണ്. മൂന്നാറിലെ സ്ത്രീകൾക്കൊപ്പം നിന്ന അച്ചടിദൃശ്യ മാധ്യമപ്രവർത്തകർക്ക് അവർ തിരിച്ചു നൽകിയ സ്നേഹവും കരുതലും അതിന് തെളിവാണ്.

അതിശക്തമായ യൂണിയനുകളെ ബഹിഷ്കരിച്ചു കൊണ്ട് സ്ത്രീകൾ നടത്തിയ ബോണസ്സിനായുള്ള ആദ്യ സമരം കമ്പനിയിൽ നിന്നും അവകാശങ്ങൾ നേടിയെടുക്കാൻ പരാജയപ്പെട്ട യൂണിയനുകൾക്ക് വൻ തിരിച്ചടിയായി. തങ്ങളുടെ ബോണസിനായി സമരം നയിച്ച് ട്രേഡ് യൂണിയനുകൾക്കെതിരെ നിലകൊണ്ട സ്ത്രീ തൊഴിലാളികൾക്ക് മാധ്യമങ്ങൾ ഒരു സഹായമായിരുന്നു. അച്ചടി മാധ്യമങ്ങൾ പരമ്പരകൾ ചെയ്തപ്പോൾ ദൃശ്യ മാധ്യമങ്ങൾ ചർച്ചകളിലൂടെ സമരത്തിന് ആദ്യന്തം പിന്തുണ നൽകി.

കണ്ണൻ ദേവനെപ്പോലെ പരസ്യം നൽകുന്ന വലിയ കമ്പനിക്കെതിരെ തൊഴിലാളികൾക്കൊപ്പം നിന്ന മാധ്യമങ്ങൾ നിറപറയ്ക്കെതിരെ

> അതിശക്തമായ യൂണിയനുകളെ ബഹിഷ്കരിച്ചു കൊണ്ട് സ്ത്രീകൾ നടത്തിയ ബോണസ്സിനായുള്ള ആദ്യ സമരം കമ്പനിയിൽ നിന്നും അവകാശങ്ങൾ നേടിയെടുക്കാൻ പരാജയപ്പെട്ട യൂണിയനുകൾക്ക് വൻ തിരിച്ചടിയായി.

വാർത്ത നൽകിയില്ല എന്നത് വിചിത്രമാണ്. യൂണിയൻ നേതാക്കളുടെ കൂട്ടത്തിൽ ഒരു സ്ത്രീ പോലുമില്ല. വൻ മലകളിൽ കയറി കൊളുന്തെടുക്കുന്ന പെണ്ണുങ്ങൾ കിലോമീറ്ററുകൾ താണ്ടിയാണ് ഒറ്റപ്പെട്ട തോട്ടങ്ങളിൽ എത്തുന്നത്. നേരിട്ട് ചൂഷണം അനുഭവിക്കുന്നത് ഈ സ്ത്രീകളാണ്. അവർക്കൊപ്പം നിന്ന് വാർത്തകൾ നൽകുവാൻ റിപ്പോർട്ടർമാർ ശ്രദ്ധിച്ചു. ഗോമതി, ഇന്ദ്രാണി, ലിസ്സി തുടങ്ങിയ തൊഴിലാളി സ്ത്രീകളെ സ്വീകരണ മുറിയിലെ ചർച്ച വിഷയത്തിലെത്തിച്ചത് മാധ്യമങ്ങളാണ്.

സ്ത്രീ തൊഴിലാളികൾക്ക് ഒപ്പം നിന്ന മാധ്യമങ്ങൾ കമ്പനിയുടെ ഭാഗം പറഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഭൂമാഫിയ വിഴുങ്ങിക്കൊണ്ടിരിക്കുന്ന മൂന്നാറിനെ ഒരു പരിധി വരെ ഈ രൂപത്തിൽ നിർത്തുന്നത് കണ്ണൻദേവൻ കമ്പനിയാണ്. വർഷാവർഷം കൊടുക്കുന്നത് ബോണസാണോ ഡിവിഡന്റാണോ എന്ന് വ്യക്തമാക്കാത്തതും കമ്പനിയുടെ വീഴ്ചയാണ്.

പരിസ്ഥിതി സംരക്ഷണത്തിന്റെയും ജനകീയ സമരത്തിന്റെയും



നിർണ്ണായക ഘട്ടങ്ങളിൽ മാധ്യമ സ്ഥാപനങ്ങൾ അങ്ങേയറ്റം നിശബ്ദത പുലർത്താറാണ് പതിവ്. പലപ്പോഴും മാധ്യമസ്ഥാപനങ്ങളിലെ പലരും എല്ലാ വിധ ധാർമ്മിക മൂല്യങ്ങളും കൈവിട്ട് ഉടമയുടെ അജണ്ടകൾക്കൊപ്പം നിലനിൽക്കും. കാരണം അന്നം തന്നെ ഉന്നം. പുതിയ കാലത്തെ മാധ്യമങ്ങൾ തികച്ചും കോർപറേറ്റ് ശൈലിയിൽ മാത്രം പ്രവർത്തിക്കുമ്പോൾ അവയ്ക്ക് സാമൂഹ്യ രാഷ്ട്രീയ നീതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നീതിക്കായി പോരാട്ടം ഏറ്റെടുക്കാനാകില്ല.

സമൂഹമാധ്യമങ്ങൾ ഒരു പ്രശ്നം വേഗം നെഞ്ചിലേറ്റി ചർച്ച ചെയ്യുകയും അതിലും വേഗത്തിൽ അതു മറക്കുകയും പതിവാണ്. ഒന്നാം മൂന്നാർ സമരത്തിനു ലഭിച്ച പിന്തുണ രണ്ടാം മൂന്നാർ സമരത്തിനു ലഭിച്ചിട്ടില്ല. പത്രങ്ങൾ സമരത്തെ ഒന്നാം പേജിൽ നിന്നും ഉൾപേജുകളിൽ രണ്ടു കോളം വാർത്തയാക്കി മാറ്റി. ചാനലുകൾ ഇടയ്ക്ക മൂന്നാറിൽ ഉണരുകയും പിന്നീട് മറ്റു ബ്രേക്കിംഗ് വാർത്തകളിലേക്ക് ഊളിയിട്ടു പോവുകയും ചെയ്തു.



പരസ്യവിപണിയുടെ ഉപഭോക്താക്കളുടെ താല്പര്യങ്ങളോട് ഒത്തുപോകുന്ന തരത്തിലുള്ള പോരാട്ടങ്ങൾ മാത്രം തിരഞ്ഞെടുക്കാൻ ഇവർ ശ്രദ്ധിക്കും. കല്യാണിലെ ഇരുപ്പു സമരവും ഈ താല്പര്യങ്ങളുടെ പുറത്ത് തമസ്കരിക്കപ്പെട്ടവയാണ്.

മാധ്യമ പ്രവർത്തകർ തങ്ങൾ ആയിരിക്കുന്ന സാമൂഹ്യ വ്യവസ്ഥിതി മനസ്സിലാക്കി തൊഴിലുറപ്പിനും സ്ഥാനക്കയറ്റങ്ങൾക്കും മാധ്യമ സ്ഥാപനങ്ങളുമായി എന്തെല്ലാം ഒത്തുതീർപ്പുകൾക്ക് തയ്യാറായാലും തന്റേതായ ഇടപെടലുകളിലൂടെ സ്വതന്ത്രാവബോധം കോർപ്പറേറ്റ് മാധ്യമ ലോകത്ത് ഉണ്ടാക്കേണ്ടതുണ്ട്. അത്തരത്തിൽ മൂന്നാർ സമരത്തിൽ സ്വതന്ത്രമായ നിലപാടിലൂടെ ജനശ്രദ്ധ നേടിയ മാധ്യമ പ്രവർത്തകൻ ആണ് യദു നാരായണൻ. താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ ആവശ്യകത മനസ്സിലാക്കി ജോലി ചെയ്യുന്ന മാധ്യമത്തിലൂടെ

ജനങ്ങളിലേക്കെത്തിക്കുന്നതിൽ അദ്ദേഹം വിജയം കണ്ടെത്തി. ചാനൽ റേറ്റിംഗുകൾക്കപ്പുറം ചില മാധ്യമ ധർമ്മങ്ങൾ കൂടി പാലിക്കേണ്ടതായിട്ടുണ്ട് എന്നു തെളിയിക്കുന്നതായിരുന്നു മൂന്നാർ സമരം.

സമൂഹമാധ്യമങ്ങൾ ഒരു പ്രശ്നം വേഗം നെഞ്ചിലേറ്റി ചർച്ച ചെയ്യുകയും അതിലും വേഗത്തിൽ അതു മറക്കുകയും പതിവാണ്. ഒന്നാം മൂന്നാർ സമരത്തിനു ലഭിച്ച പിന്തുണ രണ്ടാം മൂന്നാർ സമരത്തിനു ലഭിച്ചിട്ടില്ല. പത്രങ്ങൾ സമരത്തെ ഒന്നാം പേജിൽ നിന്നും ഉൾപേജുകളിൽ രണ്ടു കോളം വാർത്തയാക്കി മാറ്റി. ചാനലുകൾ ഇടയ്ക്ക് മൂന്നാറിൽ ഉണരുകയും പിന്നീട് മറ്റു ബ്രേക്കിംഗ് വാർത്തകളിലേക്ക് ഊളിയിട്ടു പോവുകയും ചെയ്തു.

ഇതിനു മുൻപ് കണ്ടിട്ടില്ലാത്ത, അനുഭവവേദ്യമാകാത്ത സംഘടനാ രീതിയാണ് പുതിയ സമരങ്ങൾ പ്രകടിപ്പിക്കുന്നത്. രാഷ്ട്രീയമോ ജാതിയോ മതമോ നോക്കാതെ ആവശ്യപൂർത്തികരണത്തിനായി ജനങ്ങൾ സംഘടിക്കുന്നത് നല്ലത് തന്നെ. എങ്കിലും ആവശ്യപ്പെട്ടതിന്റെ പകുതിയെങ്കിലും നേടിയെടുക്കാനായത് പുരോഗമന സമൂഹം നൽകിയ പിന്തുണയോടും കൂടിയാണ്.


മൂലധന വ്യവസ്ഥയിലൂടെ കടന്നു പോകുന്ന ലോകത്ത് നിലനില്പിനായി നിരവധി സമരങ്ങൾ നടക്കുന്നുണ്ട്. അനീതിക്കും അസമത്വത്തിനും എതിരെ പ്രതിഷേധങ്ങൾ ഉണ്ടാകുമ്പോൾ അവയെ ഏകോപിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്തി നീതി ഉറപ്പാക്കേണ്ടത് സർക്കാരാണ്. എന്നാൽ തെറ്റിനെ തെറ്റായാലും ശരിയെ ശരിയായും ചൂണ്ടിക്കാണിക്കാൻ ഫോർത്ത് എസ്റ്റേറ്റുകൾക്കു മാത്രമേ സാധിക്കു. ജനങ്ങളിലേക്ക് ജനകീയ സമരത്തെ എത്തിച്ചു അവരതിനെക്കുറിച്ചു ചർച്ച ചെയ്ത് സത്യം തിരിച്ചറിയാൻ പ്രാപ്തരാക്കണം. മാധ്യമങ്ങൾ ജനങ്ങൾക്കും ജനകീയ സമരങ്ങൾക്കുമൊപ്പം പോരാടുക തന്നെ വേണം നീതി ലഭിക്കും വരെ. ○

---

**കവിത**

ജിനി. കെ

# ചരടുവലിക്കുന്നവർ



ദയവുചെയ്തു ഇനി
കടന്നുവരരുത്
അരപ്പട്ടിണി
കിടക്കുന്ന
വാക്കുകൾക്ക്
സ്നേഹം
പങ്കുവയ്ക്കാനറിയില്ല.
ചവിട്ടിത്തേയ്ക്കരുത്;
മറവികൾക്ക്
ജീവൻവെച്ചാൽ
തളച്ചിടാനാകില്ല
മതിമറന്നുറങ്ങരുത്;
രാത്രി
സ്വപ്നങ്ങൾ കാണിച്ച്
പറ്റിച്ചെന്നിരിക്കും
അതിദൂരം
മുന്നോട്ടു നോക്കരുത്
കാത്തുനിൽക്കാൻ
പ്രതീക്ഷകളില്ലെങ്കിൽ
മടുത്തുപോകും.
പിന്തിരിയരുത്;
ഉപേക്ഷിക്കപ്പെട്ടവയുടെ
പിൻവിളികൾ
തള്ളിക്കളയാനാകില്ല
തുറന്നുനോക്കണം;
അരുതുകളുടെ
പൂട്ടലുകൾ
എപ്പോഴും
ഇല്ലെങ്കിൽ
കാലിടറാം
അവസ്ഥാന്തരങ്ങളിൽ
പൂണ്ടുപോകാം
കയറിവരാനാകാത്തവണ്ണം

കവർസ്റ്റോറി


പൗളി


നോമിനിറ്റ ജോസ്

**ബ**സിൽ ഇരിക്കുമ്പോൾ മുഴുവൻ മൂന്നാറിലെ തണുപ്പായിരുന്നു മനസ്സ് നിറയെ. ബസിറങ്ങിയപ്പോൾ കണ്ടതോ പ്രകൃതിയുടെ ചൂടിനപ്പുറം സമരച്ചൂടിൽ പൊള്ളിനിൽ ക്കു ന്ന മൂന്നാറിനെ.വെയിലത്ത് വാടുന്ന തേയില കൊളുന്തു പോലെയല്ല 'പെമ്പിളൈ ഒരുമയുടെ സമരവീര്യം'.

ചോറുണ്ടോ? എന്ന തമിഴ് കലർന്ന മലയാളത്തിലുള്ള ചോദ്യം സമരക്കാരുടെ ഇടയിൽ നിന്നും കേട്ടപ്പോഴാണ് പൗളി ചേച്ചി എന്റെ ശ്രദ്ധയിൽ പെട്ടത്. തമിഴ് സംസാരിക്കുന്ന ഏറിയ പങ്ക് ആൾക്കാർക്കിടയിലെ മലയാളശബ്ദം കേട്ടപ്പോൾ ഒന്നു പരിചയപ്പെടാമെന്ന് കരുതി സംസാരിച്ചപ്പോഴാണ് ഇടുക്കി ചെറുതോണിക്കാരി തമിഴ്നാടിന്റെ മരുമകളായതിനു പിന്നിലെ കഥയും കദനവും പറഞ്ഞത്.

പതിനെട്ടാമത്തെ വയസിൽ അച്ഛനെയും അമ്മയെയും

# പെമ്പിളൈ ഒരുമയിലെ സ്ത്രീജീവിതങ്ങൾ

സഹോദരങ്ങളെയും ഉപേക്ഷിച്ച് കൊടൈക്കനാൽ സ്വദേശിയായ തങ്കദുരൈയോടൊപ്പം ജീവിതമാരംഭിച്ചതാണ് പൗളി. തങ്ക ദുരൈയും കൂട്ടുകാരും ഇടുക്കി ഡാം കാണാൻ വന്നതായിരുന്നു. അവർക്ക് താമസിക്കാൻ ഒരിടം അന്വേഷിച്ചു കൊണ്ടിരുന്നപ്പോഴാണ് പൗളിയുടെ അച്ഛനെ കാണുന്നതും അവ രുടെ വീട്ടിൽ

താമസിക്കാൻ സ്ഥലമുണ്ടെന്നറിയുന്നതും.

വീട്ടിലെത്തിയ അതിഥികൾക്ക് തല ചായ്ക്കാനൊരിടവും ഒപ്പം ആഹാരവും നൽകി.ആ ഹാരവുമായി എത്തുന്നത് അന്ന് പതിനഞ്ച് വയസുള്ള പൗളി യാ യിരുന്നു.

പിന്നീട് ആ ബന്ധം വളർന്ന് അപ്പനെ ധിക്കരിച്ചുള്ള ഇറങ്ങിപ്പോകലിൽ വരെ എത്തി. പിന്നീടൊരിക്കലും പൗളി തിരികെ വീട്ടിലേക്ക് പോയിട്ടില്ല. മാട്ടുപ്പെട്ടി ഡാം കാണാനെത്തുന്ന അയൽപക്ക കാരാണ് സഹോദരങ്ങളെല്ലാം നല്ല നിലയിൽ ജീവിക്കുന്നതും അമ്മ മരിച്ചതുമായ വിവരങ്ങളൊക്കെ പറയുന്നത്.

അമ്മ എന്നു പറഞ്ഞതും പൗളി യുടെ സ്വരമൊന്നിടറി. പാവമായിരുന്നു അമ്മ പഞ്ചപാവ, ആരെയും ഉപദ്രവിക്കാത്ത എല്ലാ വരെയും സ്നേഹിക്കാൻ മാത്രം അറിയാവുന്ന മനസ്സിനുടമ .

പണ്ടു തൊട്ടേ അമ്മക്ക് ശ്വാസം മുട്ടൽ ഉണ്ടായിരുന്നു ആർക്ക് എന്തു പറ്റി എന്നു കേട്ടാലും ആദ്യം ടെൻഷനടിച്ച് ആശുപത്രിയിൽ കൊണ്ടു പോകുന്നത് അമ്മയെയായിരിക്കും. മരിച്ചതും അങ്ങനെ തന്നെയാണ്. അയൽപക്കകാരായ യുവാവും യുവതിയും പ്രണയിച്ച് വിവാഹം കഴിച്ചു വീട്ടുകാർ തമ്മിൽ പ്രശ്നമായി. ഇതുകണ്ട് ഭയന്ന് ശ്വാസം മുട്ടലുണ്ടായാണ് അമ്മ മരിക്കുന്നത്.

അമ്മ ഒരു പാട് കഷ്ടപ്പെട്ടിട്ടുണ്ട്. ജല അതോറിറ്റി ഉദ്യോഗസ്ഥനായ അച്ഛനും ഞങ്ങൾ ഒമ്പതു മക്കൾക്കും പറമ്പിലെ പണിക്കാർക്കും ഭക്ഷണം വെച്ചു വിളമ്പി അമ്മ അടുക്കളയിൽ ഒതുങ്ങിക്കൂടി. മരിച്ചാൽപ്പോലും അമ്മയെ കാണാനാവാത്ത സങ്കടം പൗളി ഉള്ളിലൊതുക്കി.

പതിനാറ് മക്കളടക്കം അച്ഛനും അമ്മയും അടങ്ങുന്ന ഭർത്താവിന്റെ കുടുംബം ഒറ്റ മുറി വീട്ടിലായിരുന്നു താമസം. കുടുംബത്തിലെ ദാരിദ്ര്യം പൗളി യെയും തോട്ടം തൊഴിലാളിയാക്കി. ഭർത്താവ് ഫാക്ടറിയിലാണ് ജോലി ചെയ്യുന്നത്. മുപ്പത്തി മൂന്നു വർഷത്തെ തമിഴ്നാടിന്റെ മരുമകളായുള്ള ജീവിതത്തിൽ താൻ തൃപ്തയാണെന്ന് പൗളി പറഞ്ഞു.

വിനോദിന്റെയും വിഷ്ണുവിന്റെയും അമ്മയായി കലൈവാണിയുടെ അമ്മായി അമ്മയായി ഹരി എന്ന കുസൃതിക്കുരുന്നിന്റെ അമ്മൂമ്മയായുള്ള ജീവിതത്തിൽ വിഷമങ്ങളെല്ലാം നുള്ളിയെറിഞ്ഞിരിക്കുകയാണ് പൗളി . ○

**കവിത**

സുതാര്യ സി നായർ

# ഉത്തരതെറ്റ്



തെറ്റിപോയ അളവുകോലുകളിലാണ്
നമ്മൾ പിന്നെയും പരസ്പരം അളക്കുന്നത്.
ഏതോ ഒരു അക്കത്തിലെ തെറ്റ്
അതുകൊണ്ട് മാത്രം
ദൂരവും വേഗവും തെറ്റ്
ആശവും വ്യാപ്തവും തെറ്റ്
ഇടയിൽ ഒരു നിര അക്ഷരതെറ്റുകൾ
ഓർമ്മകളുടെ ക്രമം തെറ്റൽ.
എന്നിട്ടും
തെറ്റിപോയ അളവുകളെയാണ് നമുക്കിഷ്ടം
ദൂരം കുറയും വേഗം കൂടും
ആഴവും വ്യാപ്തിയും തെറ്റിലും സമാസമം നിൽക്കും.
നിന്നിലേക്കുള്ള ദൂരം
നിന്നിലേക്കുള്ള വേഗം
രണ്ടും തെറ്റിപ്പോയപ്പോഴാണ്
ഞാൻ ഉത്തരത്തിൽ നിലതെറ്റാതെ തൂങ്ങിയത്.
(വവ്വാലിനെ പോലെ)

**അഭിമുഖം**



ഉമ്മുഹബീബ കെ.കെ.    ഇന്ദുലേഖ കെ.എസ്.

*'കോളേജ് ക്ഷേത്രമാണെന്ന് വാദിക്കുന്നവർ നാളെ അഹിന്ദുക്കളേയും അശുദ്ധിസമയത്ത് സ്ത്രീകളേയും തടയാൻ മടിക്കില്ല.'*

# ദീപ നിശാന്ത്



**ഫാ**ഷിസത്തിന്റെ ഭീകരത ഇന്ത്യയിലെമ്പാടും അലയടിക്കുകയാണ്. ഫാഷിസ്റ്റ് ശക്തികൾ സ്ത്രീകൾക്കുമേൽ ഉപരോധം തീർക്കുന്നത് മതത്തിലൂടെയാണ്. ബീഫ് നിരോധനവുമായി ബന്ധപ്പെട്ട് ഇന്ത്യയിലുടനീളം നടന്ന പ്രതിരോധസമരങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു കേരളവർമ്മയിൽ നടന്ന ബീഫ് ഫെസ്റ്റ്. ബീഫ് രാഷ്ട്രീയത്തിനപ്പുറത്ത് ഫാഷിസ്റ്റ് ശക്തികൾക്കെതിരെയുള്ള സ്ത്രീപ്രതിരോധങ്ങളെ കേരളീയ സമൂഹം എങ്ങനെ അടയാളപ്പെടുത്തുന്നു എന്നതിന് ഉദാഹരണമായിരുന്നു തൃശൂർകേരളവർമ്മ കോളേജിലെ അധ്യാപികയായ ദീപ നിശാന്തിന്റെ ഫേസ്ബുക്ക് പോസ്റ്റുകളോടുള്ള കഠിനമായ

എതിർപ്പുകൾ. ദീപയുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ.


*കേരളവർമ്മ കോളേജിൽ നടന്ന ബീഫ് ഫെസ്റ്റുമായി ബന്ധപ്പെട്ട് ദീപ നിശാന്ത് നടത്തിയ വിവാദപരാമർശമാണ് കേരളം ചർച്ച ചെയ്തത്. വാസ്തവത്തിൽ എന്തായിരുന്നു ഇത്തരമൊരു ചർച്ചയ്ക്ക് ആധാരമായ സംഭവം?*

ഇന്ത്യയിൽ വ്യാപകമായി നടക്കുന്ന ഫാഷിസ്റ്റ് വിരുദ്ധസമരങ്ങളുടെ തുടർച്ചയായിരുന്നു കേരളവർമ്മയിൽ നടന്ന ബീഫ്ഫെസ്റ്റ്. ഇതുമായി ബന്ധപ്പെട്ട് ഇവിടുത്തെത്തന്നെ വിദ്യാർത്ഥി ഫേസ്ബുക്കിൽ ഇട്ട പോസ്റ്റിന് ഞാനെഴുതിയ കമന്റ് ആണ് യഥാർത്ഥത്തിൽ വിവാദമായത്. 'കോളേജ് ക്ഷേത്രമാണെന്ന് വാദിക്കുന്നവർ നാളെ അഹിന്ദുക്കളേയും അശുദ്ധിസമയത്ത് സ്ത്രീകളേയും തടയാൻ മടിക്കില്ല.' എന്നു മാത്രമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. കേരളവർമ്മ കോളേജിൽ അമ്പലമുണ്ടെന്നും അതുകൊണ്ട് ഇവിടെ മാംസാഹാരം കയറ്റാൻ പാടില്ലെന്നും പറയുമ്പോൾ സ്വാഭാവികമായും ഒരു സ്ത്രീ എന്ന നിലയിൽ എന്റെയുള്ളിൽ ഉണ്ടായ ഒരു ഭീതിയുണ്ട്, നാളെ ആർത്തവസമയത്ത് സ്ത്രീകൾ ക്യാമ്പസിൽ കയറരുതെന്നും ഇവർ പറയുമല്ലോ? ഇത്തരമൊരു ചിന്തയാണ് ആ കമന്റ് എഴുതാൻ എന്നെ പ്രേരിപ്പിച്ചത്.

**കേരളവർമ്മ കോളേജിൽ അമ്പലമുണ്ടെന്നും അതുകൊണ്ട് ഇവിടെ മാംസാഹാരം കയറ്റാൻ പാടില്ലെന്നും പറയുമ്പോൾ സ്വാഭാവികമായും ഒരു സ്ത്രീ എന്ന നിലയിൽ എന്റെയുള്ളിൽ ഉണ്ടായ ഒരു ഭീതിയുണ്ട്, നാളെ ആർത്തവസമയത്ത് സ്ത്രീകൾ ക്യാമ്പസിൽ കയറരുതെന്നും ഇവർ പറയുമല്ലോ?**

*പഠിക്കുന്ന സമയത്തും ആ പ്രതിഷ്ഠയ്ക്ക് മുന്നിൽ പലരും പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ഞാനത് ശ്രദ്ധിച്ചിട്ടില്ല, ഒരു തരത്തിലും എന്നെയത് ബാധിച്ചിട്ടുമില്ല. വിശ്വാസം, ആരാധന തുടങ്ങിയ കാര്യങ്ങൾ വ്യക്തിപരമാണല്ലോ ?*

വിശ്വാസങ്ങൾ അതിര് കടക്കുന്നു എന്ന് തോന്നിയ ഘട്ടത്തിലാണ് ഞാൻ പ്രതികരിച്ചത്. കേരളവർമ്മയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത ഒരാളാണ് ഞാൻ. ഇവിടെ കുട്ടികളും അധ്യാപകരും മാംസാഹാരം കൊണ്ടുവന്ന് കഴിക്കുന്നുണ്ട്. ഇത് പാടില്ല എന്ന് പറയുന്നത് കലാലയങ്ങളെ ക്ഷേത്രങ്ങളായി പരിഗണിക്കുമ്പോഴോ പ്രത്യേകമായ മതവുമായി കേരളവർമ്മയെ ബന്ധപ്പെടുത്തുമ്പോഴോ ആണ്. അത് എതിർക്കപ്പെടേണ്ടതാണ്. അങ്ങനെ ഒരു പ്രതിഷ്ഠ അവിടെയുണ്ടെങ്കിൽ തന്നെ, കേരളവർമ്മയ്ക്കകത്താണ് അമ്പലം; അമ്പലത്തിനകത്തല്ല കേരളവർമ്മ. അമ്പലത്തിലെ രീതികളെ കേരളവർമ്മയുടെ ശീലങ്ങൾക്കനുസരിച്ച് മാറ്റേണ്ട



തുണ്ട്.

*ഈ വിവാദം ടീച്ചറുടെ പ്രൊഫഷനെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ?*

ദേവസ്വംബോർഡിനു കീഴിലുള്ള ഒരു കോളേജാണിത്. അതുകൊണ്ടുതന്നെ അവരുടെ വിശ്വാസങ്ങൾക്കെതിരെ കലഹിക്കാൻ എന്തധികാരമാണ് എനിക്കുള്ളത് എന്ന ചോദ്യമാണ് എല്ലാവരും ചോദിക്കുന്നത്. എല്ലാവർക്കും ഭയമാണ് എന്നോട് സംസാരിക്കാൻ. ഒരു അധ്യാപിക ഇത്തരം പ്രശ്നങ്ങളിൽ പ്രതികരിക്കാൻ പാടില്ലെന്നാണ് പലരുടെയും ധാരണ. ടീച്ചർ എന്തിന് പ്രതികരിച്ചു എന്നാണ് പലർക്കും അറിയേണ്ടത്. മതം വേണ്ട, ജാതി വേണ്ട, വിശ്വാസം വേണ്ട എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. കോളേജ് ക്ഷേത്രമാകരുത്; അത്രയേ വേണ്ടൂ. കലാക്ഷേത്രം എന്നൊരു സങ്കല്പമുണ്ട്. അത് പക്ഷേ, ക്ഷേത്രസങ്കല്പവുമായി കൂട്ടി വായിക്കേണ്ടുന്ന ഒന്നല്ല.

ഇപ്പോൾ എനിക്കെതിരെ വരുന്ന മറ്റൊരു ആരോപണം എന്റെ അക്കാദമിക് Qualification മായി ബന്ധപ്പെട്ടിട്ടുള്ളതാണ്. അടിസ്ഥാനമില്ലാത്ത ആരോപണങ്ങളാണ് എല്ലാം തന്നെ. ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ ബാധ്യതയാണ് അത് തെളിയിക്കുക എന്നതും. മാത്രവുമല്ല സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മാർക്കാണ് ഒരു വ്യക്തിയുടെ മൂല്യം നിർണ്ണയിക്കുന്നതെന്ന് ഞാൻ കരുതുന്നില്ല. ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ള ഒരാൾക്ക് ഒരു നല്ല ടീച്ചറാകാൻ കഴിയണമെന്നുമില്ല. ഒരു നല്ല ടീച്ചറാകാൻ ശ്രമിക്കുകയെങ്കിലും ചെയ്യുന്ന ആളാണ് ഞാൻ. കെട്ടിക്കിടക്കുന്ന കുളമാകാൻ ഞാനില്ല.

*ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി, പെരുമാൾ മുരുകൻ തുടങ്ങിയവർ ഫാഷിസത്തിനെതിരെ പലരീതിയിൽ പ്രതികരിച്ചത് കൊണ്ട് ക്രൂശിക്കപ്പെട്ടവരാണ്. അത്തരമൊരു പ്രതിരോധം കൂടി ടീച്ചർ ഈ വിഷയത്തിൽ നേരിടുന്നുണ്ട്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന സാമൂഹ്യപ്രവണതകളോടുള്ള ടീച്ചറുടെ പ്രതികരണമെന്ത്?*

സാമൂഹ്യമാധ്യമങ്ങളിൽ സജീവപങ്കാളിത്തമുള്ള ഒരാളാണ് ഞാൻ. ഇത് വരെ ഞാൻ കൈകാര്യം ചെയ്തിരുന്നത് ആരെയും അലോസരപ്പെടുത്താത്ത വിഷയങ്ങളായിരുന്നു. അതുകൊണ്ട് തന്നെയാണ് ഇതുവരെ ഒരു ആരോപണവും എനിക്കെതിരെ ഉണ്ടാകാതിരുന്നത്. ഈ പ്രതികരണം പക്ഷേ ഏതൊക്കെയോ ഇടങ്ങളെ ഒന്നിളക്കിയിട്ടുണ്ട്. അല്ലെങ്കിൽ ഒന്നാലോചിച്ചു നോക്കൂ, സാറടീച്ചറെ പോലുള്ളവർ എന്തെങ്കിലും ഒരഭിപ്രായം പറഞ്ഞാൽ ആളുകൾക്ക് അത് പ്രശ്നമല്ല. ദീപ നിശാന്ത് പറയുന്നതാണ് പ്രശ്നം. വിമർശനങ്ങളുടെ എണ്ണം കൂടിയപ്പോഴാണ് ഈ തീരുമാനത്തിൽ ഉറച്ച് നിൽക്കണം എന്ന് എനിക്ക് തോന്നിയത്. പെണ്ണ് ഇങ്ങനെ പറയാൻ പാടില്ല, പെണ്ണിനെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കില്ല എന്ന് ആര് പറയുന്നു? ക്യാമ്പസിന് പുറത്ത് നിന്ന് പല തരത്തിലുള്ള ഭീഷണികളാണ് ഞാൻ നേരിടുന്നത്. ഇത് കൊണ്ടൊന്നും ഞാൻ തളരില്ല.

*സാമൂഹികസ്ഥാപനങ്ങൾക്ക് നേരെ പ്രതികരിച്ചിട്ടുള്ള സ്ത്രീകൾ പലതരത്തിലുള്ള വെല്ലുവിളികൾ നേരിടാറുണ്ട്. ഈ വെല്ലുവിളികൾ പ്രധാനമായും ശരീര*

ശരീരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സ്ത്രീ നിശബ്ദയാകുമെന്നാണ് പൊതുധാരണ. ഇക്കാര്യത്തിൽ സ്ത്രീയോടും പുരുഷനോടുമുള്ള സമൂഹത്തിന്റെ സമീപനം തന്നെ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. എന്റെ സ്ഥാനത്ത് ഒരു പുരുഷനാണ് ഈ കമന്റ് ഇട്ടതെങ്കിൽ തെറിവിളിയിൽ ഒതുങ്ങുമായിരുന്നു എല്ലാവിവാദങ്ങളും ഒരു സ്ത്രീ ആയതുകൊണ്ട് എന്റെ ശരീരത്തെ അക്രമിക്കാൻ ശ്രമിക്കുന്നു എന്ന് മാത്രം.



*വുമായി ബന്ധപ്പെട്ടതാണ്. സമൂഹത്തിന്റെ ഇത്തരമൊരു മനോഭാവത്തെ ടീച്ചർ എങ്ങനെ നോക്കി കാണുന്നു?*

വളരെ വ്യക്തിപരമായ ഹീനമായ ആരോപണങ്ങളാണ് എനിക്കെതിരെ ഉണ്ടാകുന്നത്. ഫേസ്ബുക്കിലെ ഫോട്ടോ കണ്ടിട്ടാണ് എനിക്ക് പിൻതുണ ലഭിക്കുന്നതെന്നാണ് ഒരു വിഭാഗത്തിന്റെ ആരോപണം. ഇത്തരം ആരോപണങ്ങൾക്ക് പിന്നിലുള്ളവർ പരിഗണിക്കുന്നത് പെണ്ണിനെത്ര നിറമുണ്ട്. അവളുടെ ശരീരഘടന എന്താണ് തുടങ്ങിയ കാര്യങ്ങളാണ്. എന്റെ സ്വഭാവശുദ്ധിയാണ് മറ്റൊരു കൂട്ടർക്ക് പ്രശ്നം. ഞാൻ അഗ്നിപ്രവേശനം നടത്തി പരിശുദ്ധി തെളിയിച്ച് സീതയാകാനൊന്നും പോകുന്നില്ല. എന്റെ സ്വഭാവശുദ്ധി മറ്റുള്ളവർ അറിയേണ്ട കാര്യവുമല്ല. അഭിപ്രായങ്ങൾ പറയുന്ന സമയത്ത് സമൂഹം ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത് സ്ത്രീകളെ നിശ്ശബ്ദരാക്കുന്നതിന് വേണ്ടി മാത്രമാണ്. ശരീരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സ്ത്രീ നിശബ്ദയാകുമെന്നാണ് പൊതുധാരണ. ഇക്കാര്യത്തിൽ സ്ത്രീയോടും പുരുഷനോടുമുള്ള സമൂഹത്തിന്റെ സമീപനം തന്നെ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. എന്റെ സ്ഥാനത്ത് ഒരു പുരുഷനാണ് ഈ കമന്റ് ഇട്ടതെങ്കിൽ തെറിവിളിയിൽ ഒതുങ്ങുമായിരുന്നു എല്ലാവിവാദങ്ങളും. ഒരു സ്ത്രീ ആയതുകൊണ്ട് എന്റെ ശരീരത്തെ അക്രമിക്കാൻ ശ്രമിക്കുന്നു എന്ന് മാത്രം. ഒത്തുതീർപ്പുകളാണ് സ്ത്രീകളുടെ ജീവിതത്തെ ഇല്ലാതാക്കുന്നത്. ഒത്തുതീർപ്പുകൾക്ക് ഇനി ഞാൻ ഇല്ല. ഇത് ജീവിതത്തിലെ ഒരനുഭവമാണ്. പത്തമ്പതു വയസ്സുവരെ ഇങ്ങനെ വിഡ്ഢിവേഷം കെട്ടി ജീവിക്കുന്നതിനേക്കാൾ നല്ലത് ചില തിരിച്ചറിവുകളിലൂടെ ജീവിക്കുന്നതാണ്. ചിലരൊക്കെ ഇപ്പോൾ ജനിക്കുന്നതേയുള്ളൂ ഞാൻ ജീവിക്കുകയാണ്. ○


**കവിത**

# ഓള്



അണിമ മുയാരത്ത്

**ഓ**ളൊരു സ്വത്താണ്
കനകം പോലെയും കാഞ്ചനം പോലെയും പവിഴം പോലെയും
വേണ്ടി വന്നാൽ വീണ പോലെയും സിത്താർ പോലെയും ........
ചരക്കെന്ന് വിളിച്ചാൽ ഒട്ടുമേ തെറ്റില്ല,
അതൊരു വലിയ ശരിയുമാണ്.
പിന്നീടോള് 'അമ്മ'യാകുന്നതും 'പെങ്ങളാ'കുന്നതും
ഓളെ ആ ചരക്കിൽ നിന്ന് മോചിപ്പിക്കാൻ
ഓൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ്.
അതോടെ ഓള് ശരീരമില്ലാത്തോളായി മാറും.
അമ്മയായും പെങ്ങളായും ഭവനകുടീരത്തിൽ വാഴുവോളം
ഓള് ചരക്കല്ല.
എങ്ങാനും കവിയോ മന്ത്രിയോ ഐ എ എസ് കാരിയോ
തട്ടിപ്പ് കേസിലെ പ്രതിയോ മറ്റോ ആയാൽ
വീണ്ടും ചരക്കായി മാറും!
ഇറയത്തോ മറയത്തോ ചുംബിക്കുകയോ
ഫോണിൽ പതിഞ്ഞ ശബ്ദത്തിൽ ശൃംഗരിക്കുകയോ
ശരീരത്തിന്റെ 'പ്രസക്ത ഭാഗങ്ങൾ' വെളിയിൽ കാണും വിധം
വസ്ത്രം ധരിക്കുകയോ ചെയ്താൽ പിന്നെ
പറയേണ്ടതില്ലല്ലോ....
ചുരുക്കത്തിൽ ഓളൊന്നുകിൽ ശരീരമില്ലാത്തോള്
അല്ലെങ്കിൽ ശരീരം മാത്രമുള്ളോള്.





# മലബാറിലെ മുസ്ലിംസ്ത്രീസ്വത്വാവിഷ്കാരം

## ബി. എം. സുഹറയുടെ നോവലുകളിൽ

ഹസീന. കെ. പി. എ.

മലയാളനോവലിൽ മുസ്ലിംസ്ത്രീജീവിതം അത്രയധികമൊന്നും ആഖ്യാനം ചെയ്യപ്പെട്ടിട്ടില്ല. അഥവാ അത്തരം ചില ശ്രമങ്ങൾ വളരെ അടുത്തകാലത്തായി ഉണ്ടായെങ്കിൽതന്നെയും അത് മുസ്ലിംസ്ത്രീ കർതൃത്വകേന്ദ്രിതമായിരുന്നില്ല. മറിച്ച് മതത്തിനകത്തുനിന്നുള്ള വിമോചനസാധ്യതകളെയാണ് അത് അന്വേഷിച്ചത്. ഇതിൽനിന്നു വ്യത്യസ്തമായി വളരെ യഥാതഥമായി മുസ്ലിംജീവിതപരിസരം, വിശിഷ്യാ മുസ്ലിംസ്ത്രീജീവിതം മതത്തിനകത്തു നിന്നുകൊണ്ടുതന്നെ ശക്തമായി ആഖ്യാനംചെയ്ത നോവലിസ്റ്റാണ് ബി. എം. സുഹറ.

വടക്കൻ മലബാറിലെ സമ്പന്നമായ ഒരു കുടുംബത്തിലാണ് അവർ ജനിച്ചു വളർന്നത്. ഫ്യൂഡൽ സമ്പദ്ഘടനയുടെയും കൂട്ടുകുടുംബസംവിധാനത്തിന്റെയും ഏതാണ്ട് അന്ത്യദശയിലായിരുന്നു ബാല്യകൗമാരങ്ങൾ. അവരുടെ ഈ അനുഭവ പരിസരവും സമഗ്രമായ വ്യക്തിബന്ധങ്ങളുമാണ് നോവലുകളുടെ അടിസ്ഥാനഘടകം. വിവിധ സാമൂഹിക സാമ്പത്തിക ശ്രേണിയിലുള്ള

ജീവിതാവസ്ഥകളെയും വ്യക്തിത്വങ്ങളെയും നോവലിൽ സൂക്ഷ്മമായി അവതരിപ്പിക്കുന്നു.

ജന്മിത്വാടിത്തറയിൽനിന്ന് ആധുനിക വിദ്യാഭ്യാസം ഉൽപ്പാദിപ്പിച്ച ബൗദ്ധികാടിത്തറയിലേക്ക് വ്യക്തിയെന്ന നിലയിൽ വികാസം പ്രാപിക്കുന്ന നോവലിസ്റ്റ് കണ്ടുമുട്ടുന്ന കഥാപാത്രങ്ങളെയും പരിസരങ്ങളെയും അപ്പാടെ നോവലിൽ പകർത്തുന്നു. കഥപറച്ചിലിന്റെ മൗലികത്വം ഓരോ നോവലിലുമുണ്ട്. ആഖ്യാനത്തിന്റെ ഘടന ആവർത്തനവിരസതകളിൽ നിന്നകറ്റിനിർത്തുന്നു. വടക്കൻ കേരളത്തിൽ പ്രചാരത്തിലിരിക്കുന്നതും മുസ്ലിം സമുദായത്തിൽ മാത്രം നിലനിന്നിരുന്നതും ഒരുപക്ഷെ ഏറെക്കുറെ കാലഹരണപ്പെട്ടതുമായ ഒരു (വടക്കൻ കേരള) സംഭാഷണഭാഷ ആഖ്യാനത്തിനു കൂടുതൽ സൗന്ദര്യം നൽകുന്നു.

മുസ്ലിം സമുദായത്തിനകത്ത് നിലവിലുണ്ടായിരുന്ന ബഹുഭാര്യത്വം, ബാല്യവിവാഹം, സത്രീവിദ്യാഭ്യാസത്തോടുള്ള വിമുഖത, ജന്മിത്വ വ്യവസ്ഥയുടെ ജീർണ്ണതകൾ എന്നീ വ്യത്യസ്ത ഘടകങ്ങളുടെ ഭാഗമായി മുസ്ലിം സ്ത്രീ എങ്ങനെനിലനിന്നു എന്നതിന്റെ സാക്ഷ്യമാണ് ഈ നോവലുകൾ. വ്യവസ്ഥകളെ വെല്ലുവിളിക്കുകയല്ല; സമുദായത്തിന്റെ ഭാഗമായിനിന്നുകൊണ്ട് തന്നെ അതിന്റെ അനുഭൂതിയാഥാർത്ഥ്യങ്ങളെ പങ്കുവെയ്ക്കുകയാണ് അവർ ചെയ്യുന്നത്. സാമുദായികവും സാമ്പത്തികവുമായ വ്യവസ്ഥകളുടെ പരിണാമത്തിന്റെ

മുസ്ലിം സമുദായത്തിനകത്ത് നിലവിലുണ്ടായിരുന്ന ബഹുഭാര്യത്വം, ബാല്യവിവാഹം, സത്രീവിദ്യാഭ്യാസത്തോടുള്ള വിമുഖത, ജന്മിത്വ വ്യവസ്ഥയുടെ ജീർണ്ണതകൾ എന്നീ വ്യത്യസ്ത ഘടകങ്ങളുടെ ഭാഗമായി മുസ്ലിം സ്ത്രീ എങ്ങനെനിലനിന്നു എന്നതിന്റെ സാക്ഷ്യമാണ് ഈ നോവലുകൾ. വ്യവസ്ഥകളെ വെല്ലുവിളിക്കുകയല്ല; സമുദായത്തിന്റെ ഭാഗമായിനിന്നുകൊണ്ട് തന്നെ അതിന്റെ അനുഭൂതിയാഥാർത്ഥ്യങ്ങളെ പങ്കുവെയ്ക്കുകയാണ് അവർ ചെയ്യുന്നത്.

അന്തരാളഘട്ടത്തെ പ്രതിനിധീകരിക്കാൻ ഒരു സ്ത്രീ എന്ന നിലയിൽ സ്വയം ഒരേസമയം ആഖ്യാതാവും കഥാപാത്രവുമാകുന്ന നോവലിസ്റ്റിനു കഴിയുന്നു.

ഇവരുടെ രചനകളിലെ മുസ്ലിം സംസ്കാരവും ഫോക്ഘടകങ്ങളും പഠിക്കപ്പെടേണ്ടതുതന്നെ. വടക്കൻ മലബാറിലെ മുസ്ലിം സംസ്കാരത്തിന്റെ ഭാഗമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിതരീതികളും കൊണ്ട് അവ സമ്പന്നമാണ്. ഭക്ഷണം, പാർപ്പിടം, വസ്ത്രം, ഉൽപ്പാദനസമ്പ്രദായങ്ങൾ, സാമ്പത്തികവിനിമയങ്ങൾ എന്നീ ഘടകങ്ങളുടെ സൂക്ഷ്മവും വൈവിധ്യപൂർണ്ണവുമായ ഒട്ടനവധി സാംസ്കാരിക സൂചകങ്ങളെ നോവലുകൾ അടയാളപ്പെടുത്തുന്നു എന്നത് ചരിത്രപരമായി അവയുടെ പ്രാധാന്യം തെളിയിക്കുന്നു. നിർഭാഗ്യവശാൽ മുസ്ലിംസ്ത്രീജീവിതവുമായി ബന്ധപ്പെട്ട് ചരിത്രപരമായ ഒരു അപഗ്രഥനത്തിന് ബി. എം. സുഹറയുടെ നോവലുകളെ മലയാളത്തിലെ നിരൂപകർ വേണ്ടത്ര ശ്രദ്ധിക്കാതെപോയി. നമ്മുടെ നിരൂപണരംഗത്ത് നിലനിൽക്കുന്ന വരേണ്യതയുടെയും മുൻധാരണകളുടെയും തെളിവാണ് ഇത്തരം ഒരു തമസ്ക്കരണം.

മുസ്ലിം സമുദായത്തിനകത്തെ സ്ത്രീകർതൃത്വം എന്ന ചർച്ചകൾ ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാത്തരം സാമൂഹികമാറ്റങ്ങളുടെയും പ്രതിഫലനം എന്ന നിലയിൽ അവ സാമാന്യമായും സാഹിത്യത്തിൽ പ്രതിഫലിക്കേണ്ടതുമാണ്. ബഷീർ, ഉറൂബ് തുടങ്ങിയവർ മുസ്ലിം പെണ്ണുങ്ങളെക്കുറിച്ചുള്ള ചില കഥകൾ അവതരിപ്പിച്ചുവെങ്കിലും ഒരു മുസ്ലിം സ്ത്രീ എഴുതുന്ന സ്വന്തം കഥ എന്ന പൂർണ്ണത അവയ്ക്കില്ലായിരുന്നു.

എന്നാൽ വർത്തമാനപരിസരത്തിൽ മുസ്ലിം സ്ത്രീ കർതൃനിലകൾ ചൂടേറിയ ചർച്ചകളായി ക്കൊണ്ടിരിക്കുകയാണ്. മുസ്ലിം സമുദായത്തിനകത്ത് കാലങ്ങളായി പുരുഷാധിപത്യം അടക്കിവാഴുന്നു. അജ്ഞരും അപരിഷ്കൃതരും സഹഭാര്യകളോ വിധവകളോ

ഒക്കെയായി വീട്ടിനകത്തെ കട്ടയിരുട്ടിൽ അവർ പുകഞ്ഞുതീരുന്നു. മതത്തിനു പുറത്തേക്കുള്ള വിമോചനവും പുരുഷാധിപത്യത്തെ വെല്ലുവിളിക്കാനുള്ള തന്റേടവും മാത്രമാണ് പരിഹാരമെന്ന മട്ടിലുള്ള രചനകൾ വർത്തമാനകാല ചർച്ചകളെ കൂടുതൽ ഊർജ്ജവത്താക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ നിർഭാഗ്യവശാൽ, മതത്തിനകത്തു നിലനിന്നുകൊണ്ട്, വിശ്വാസിയായി, കുടുംബിനിയോ വീട്ടമ്മയോ ആയി ജീവിക്കുന്ന ഒരുവൾക്ക് പറയാനുള്ള അനുഭൂതിയാഥാർത്ഥ്യങ്ങളെയും വീക്ഷണങ്ങളെയും ജീവിതാനുഭവങ്ങളെയും നാം വേണ്ടത്ര വായിക്കുകയോ, നമ്മുടെ വിമർശകർ ചർച്ചക്കെടുക്കുകയോ ചെയ്തിട്ടില്ല. അവിടെയാണ് ബി. എം. സുഹറയുടെ നോവലുകൾ പ്രസക്തമാകുന്നത്. പുരുഷാധിപത്യത്തിനെതിരെ കലഹിക്കാൻ അവർക്ക് താൽപ്പര്യമില്ല. പുരുഷാധിപത്യവിരുദ്ധതയല്ല മറിച്ച് മുസ്ലിം കുടുംബത്തിനകത്ത് നിന്നുകൊണ്ട് തന്റെ ഇടം കണ്ടെത്തുകയും സ്ത്രീ പുരുഷ വൈരുദ്ധ്യനിലകളുടെ സാധ്യതകൾ ധനാത്മകമായി പരിശോധിക്കുകയും ചെയ്യുന്നതാണ് അവരുടെ സമീപനം. അവരുടെ നോവലുകളിൽ പുരുഷൻമാർ കേന്ദ്രങ്ങളല്ല. സ്ത്രീകളാണ് കഥാപാത്രങ്ങൾ. അവരുടെ ജീവിതാനുഭവങ്ങൾ, യാഥാർത്ഥ്യങ്ങൾ, വിധിവിശ്വാസങ്ങൾ, വിശ്വാസത്തകർച്ചകൾ – പ്രതിസന്ധികൾ തുടങ്ങിയവ.

> മുസ്ലിം സമുദായത്തിനകത്ത് കാലങ്ങളായി പുരുഷാധിപത്യം അടക്കിവാഴുന്നു. അജ്ഞരും അപരിഷ്കൃതരും സഭാര്യകളോ വിധവകളോ ഒക്കെയായി വീട്ടിനകത്തെ കട്ടയിരുട്ടിൽ അവർ പുകഞ്ഞുതീരുന്നു. മതത്തിനു പുറത്തേക്കുള്ള വിമോചനവും പുരുഷാധിപത്യത്തെ വെല്ലുവിളിക്കാനുള്ള തന്റേടവും മാത്രമാണ് പരിഹാരമെന്ന മട്ടിലുള്ള രചനകൾ വർത്തമാനകാല ചർച്ചകളെ കൂടുതൽ ഊർജ്ജവത്താക്കിക്കൊണ്ടിരിക്കുന്നു.

ആഖ്യാനത്തിന്റെ വലിയൊരു ക്യാൻവാസിലാണ് അവർ കഥ പറയുന്നത്. താൻ ജനിച്ചുവളർന്ന തിക്കോടിയും കോഴിക്കോടും തറവാടും ജന്മിത്വത്തിൽ നിന്ന് സാമ്പത്തികമായി വരുന്ന മാറ്റവുമെല്ലാം അനുഭൂതിയാഥാർത്ഥ്യങ്ങളായി നോവലുകളിൽ കടന്നുവരുന്നു. നൊസ്റ്റാൾജിയകളുടെ പാപഭാരംപേറി മടുത്ത മലയാളി എന്തുകൊണ്ടാണ് ബി. എം. സുഹറയെപ്പോലുള്ള ഒരെഴുത്തുകാരിയെ സ്വീകരിക്കാൻ മടികാണിച്ചതെന്ന കാര്യം വിസ്മയകരമാണ്. മലയാളത്തിൽ നിരൂപണം തുടങ്ങിയ കാലം മുതൽ തുടർന്നുപോരുന്ന വരേണ്യരും പുരുഷാധികാരികളുമായ നിരൂപകർ തങ്ങളുടെ നിരൂപണത്തിന് മാത്രം കൊള്ളാവുന്ന ഒന്നല്ല അവരുടെ മുസ്ലിം സ്ത്രീസ്വത്വനിർമ്മിതി എന്ന വിശ്വാസമാണോ. അതോ ഈ നോവലുകൾക്ക് വിമോചനാത്മക സ്വഭാവം ഇല്ലാത്തതുകൊണ്ടാണോ എന്നറിയില്ല. എങ്ങനെആയിരുന്നാലും തമസ്കരിക്കപ്പെട്ട ഒരു നോവലിസ്റ്റാണവർ.

സ്ത്രീകളുടെ ആന്തരികജീവിതത്തെക്കുറിച്ചു പുരുഷൻമാർ എന്തെഴുതിയാലും അത് പാർശ്വവീക്ഷണമോ അപൂർണ്ണചിത്രമോ ആകുകയുള്ളൂവെന്ന ഒരു സിദ്ധാന്തം പ്രബലമായിട്ടുണ്ട്. സ്ത്രീകളായ എഴുത്തുകാരികളും ഫെമിനിസ്റ്റ് തത്വചിന്തകരുമാണ് ഈ വാദത്തിനു പിന്നിൽ. ലോകപ്രശസ്തമായ 'അന്നാകരനീന' എന്ന നോവലിലെ അന്നയെന്ന ദുരന്തനായിക പോലും സ്ത്രീത്വത്തിന്റെ യഥാതഥവും സത്യസന്ധവുമായ ആത്മീയചിത്രമാകുന്നില്ല എന്നുവരെ ഇവർ കൂസലില്ലാതെ വിമർശിച്ചിട്ടുണ്ട്. "സ്ത്രീയുടെ ആന്തരികജീവിതം സ്ത്രീയ്ക്കു മാത്രമേ ചിത്രീകരിക്കാനാവൂ, അഥവാ അവർ ചിത്രണം ചെയ്താൽ മാത്രമേ സത്യസന്ധവും ആന്തരികവും ഹൃദയാവർജ്ജകവും ആവൂ"[1]. ഈ അവബോധം തന്നെയാണ് ബി. എം. സുഹറയെയും നയിച്ചിട്ടുള്ളതെന്ന് എൻ. പി. മുഹമ്മദ് നിരീക്ഷിക്കുന്നു.

നോവലുകളിലെയെല്ലാം കേന്ദ്രകഥാപാത്രം ഒരു കൂട്ടുകുടുംബ തറവാട്ടിലെ ഇളയതലമുറയിൽപ്പെട്ട

മകളാണ്. അഥവാ, അവരിലൂടെയാണ് നോവലിസ്റ്റ് ആഖ്യാനം സാധിച്ചിരിക്കുന്നത്. തലമുറകൾ തമ്മിലും വ്യവസ്ഥകൾ തമ്മിലുമുള്ള വിടവ് ഈ കഥാപാത്രത്തെ മിക്കപ്പോഴും ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. ഉപ്പയും ഉപ്പാപ്പയും ഭർത്താവും സന്താനങ്ങളുമെല്ലാം അവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് നോവലിൽ ചിത്രീകരിച്ചിട്ടുള്ളത്. കണ്ടുമുട്ടുന്ന പുരുഷകഥാപാത്രങ്ങളാവട്ടെ; എല്ലാവരും പരസ്പരം വിപരീതസ്വഭാവമുള്ളവർ!

**തലമുറകൾ തമ്മിലും വ്യവസ്ഥകൾ തമ്മിലുമുള്ള വിടവ് ഈ കഥാപാത്രത്തെ മിക്കപ്പോഴും ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. ഉപ്പയും ഉപ്പാപ്പയും ഭർത്താവും സന്താനങ്ങളുമെല്ലാം അവരുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് നോവലിൽ ചിത്രീകരിച്ചിട്ടുള്ളത്. കണ്ടുമുട്ടുന്ന പുരുഷകഥാപാത്രങ്ങളാവട്ടെ; എല്ലാവരും പരസ്പരം വിപരീതസ്വഭാവമുള്ളവർ!**

ഈ കുടുംബചരിത്രം എന്ന മട്ടിലുള്ള ആഖ്യാനവും ഇതിവൃത്തവും വ്യക്തികളുടെ വികാരവിചാരങ്ങളുമായി ബന്ധപ്പെടുന്നു. അവരുടെ വികാരവിചാരാദികളാകട്ടെ തികച്ചും സ്വതന്ത്രമാണെന്നു പറഞ്ഞുകൂടാ. മതവിശ്വാസത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും കെട്ടുപാടുകളിൽ നിന്നുകൊണ്ടുള്ള വ്യക്തിത്വങ്ങളാണവ. നോമ്പ്, പെരുന്നാൾ, ഹജ്ജ് തുടങ്ങിയ മതാനുഷ്ഠാനബന്ധിയായ വസ്തുതകൾ വ്യക്തികളുടെ സ്വഭാവവിശേഷത്തെ നിർണ്ണയിക്കുന്നതെങ്ങനെയെന്ന് ആഖ്യാനത്തിൽ സൂചിപ്പിക്കുന്നു. മതവിശ്വാസത്തിന് അനുബന്ധമായി നിൽക്കുന്ന ആചാരാദികളും നിറപ്പകിട്ടും നൽകുന്നു. സുന്നത്ത്, കല്ല്യാണം, റാത്തീബ്, ബെയ്ത്ത് തുടങ്ങിയവ നോവലിസ്റ്റ് ആവിഷ്കരിക്കുന്നു. ചുരുക്കത്തിൽ കുടുംബപുരാണം പറയുന്നതോടൊപ്പം സമൂഹജീവിത ചിത്രീകരണവും നോവലിസ്റ്റ് സാധിച്ചിരിക്കുന്നു. ഒരു പുരാവൃത്തം മാത്രമല്ല ഇവിടെ പറയുന്നത്. രണ്ടു തലമുറകൾ തമ്മിലുള്ള പ്രകടമായ വൈരുധ്യവും കാലങ്ങൾ കൊണ്ടുണ്ടാവുന്ന ബോധവ്യതിയാനവും ഭാഷാവിഷ്കരണത്തിനുള്ള ഉപാധികളായി സ്വീകരിച്ചിരിക്കുന്നു.

അവരുടെ നോവലുകളിൽ വാസ്തവത്തിൽ നിലനൽക്കുന്നത് രണ്ടുതരം ലോകങ്ങളാണ്. പൂർവ്വ മഹിമയിൽ ഊറ്റംകൊണ്ട് ജീവിക്കുന്ന സുഖലോലുപതയുടെയും നിഷ്ക്രിയതയുടെയും ലോകം. മറ്റേത്, ക്രമേണ ജീവിതത്തിൽ ഉരുത്തിരിഞ്ഞു വന്ന പരുഷമായ മറ്റൊരു ലോകത്തോടു സഹവർത്തിത്വം പുലർത്താൻ വെമ്പുന്ന പുതിയ തലമുറ.

സാധാരണയുള്ള മുസ്ലിം സാമൂഹികനോവലുകളിൽ നിന്നും വ്യത്യസ്തമായ ഒരു പശ്ചാത്തലമാണ് ബി. എം. സുഹറയുടേത്. ഇടത്തരക്കാരാണ് അത്തരം നോവലുകളിൽ കഥാപാത്രങ്ങളെങ്കിൽ ഇവിടെ പ്രതാപശാലികളായ സമ്പന്നവർഗ്ഗത്തിന്റെ പശ്ചാത്തലമാണ് നോവലുകൾക്ക്. ജന്മിത്വത്തിൽ വിശ്വാസമർപ്പിച്ച പഴയ തലമുറയിൽ നിന്ന്, മക്കൾ വളർന്നു വരുമ്പോൾ ജന്മിത്വം ജീർണ്ണതയാണെന്നു മനസ്സിലാക്കി ആധുനിക വിദ്യാഭ്യാസം നേടുന്നുവെങ്കിലും പഴയ ഫ്യൂഡൽ ഗരിമയിൽ നിന്ന് – അത്തരം നൊസ്റ്റാൾജിയകളുടെ പിടിയിൽ നിന്ന് വിഛേദം നേടാൻ അവർക്ക് കഴിയുന്നില്ല. നോവലിലെ പുരുഷൻമാർ ഉള്ളു തുറക്കാൻ മടിക്കുന്നവരാണ്. സ്ത്രീകളാവട്ടെ, നേരും കയ്ക്കുന്ന നേരും ഹൃദയം തുറന്നുകാട്ടുന്നവരാണ്. ഭൗതികമായ സമ്പന്നതയുടെ ഉള്ളിലും ആത്മീയദുഃഖം അനുഭവിക്കുന്നവരാണ് സ്ത്രീകൾ എന്നു ഈ രചനകൾ തെളിയ്ക്കുന്നു.

കുലട/കുലീന എന്ന് ആധുനിക ഫെമിനിസ്റ്റുകൾ മുന്നോട്ടുവെച്ച ദ്വന്ദങ്ങൾക്കകത്തു തന്നെയാണ് അവരുടെ കഥാപാത്രങ്ങളുടെ കിടപ്പ്. പുരുഷാധിപത്യ ഫ്യൂഡൽ കുടുംബവ്യവസ്ഥയ്ക്കകത്തു വെച്ച് ഭർത്താവിനു വിധേയയായി കഴിയുന്ന സ്ത്രീ കുലീനയും ഉത്തമകുടുംബസ്ത്രീയുമാണ്. സ്വേഛകളുടെ നിയന്ത്രണം അവർ പുരുഷന്റെ കാൽക്കീഴിൽ സമർപ്പിക്കുന്നു. കുലസ്ത്രീകളുടെ ചിത്രമാണ് ബി. എം. സുഹറ അവതരിപ്പിക്കുന്നതത്രയും.

> സ്വന്തം ശരീരത്തിനു മുകളിലോ, ലൈംഗികതയ്ക്ക് മുകളിലോ തീരുമാനമെടുക്കാൻ പാടില്ലാത്തവളായ ഒരുവളാണ് 'സ്വർഗ്ഗനരകങ്ങളുടെ താക്കോൽ' എന്ന നോവലിലെ നൂർജഹാൻ. വീട്ടടിമയായിരിക്കാൻ അവൾക്ക് താൽപ്പര്യമില്ല. മധ്യവയസ്കനായ ഹാജിയുടെ രണ്ടാം ഭാര്യയാണവൾ. ഉന്നതവിദ്യാഭ്യാസം നേടാനായി പുറത്തുപോയവൾ. ഒടുക്കം സ്ത്രീകൾക്കുവേണ്ടിയുള്ള അശരണാലയം സ്ഥാപിച്ചുകൊണ്ട് സാമൂഹികപ്രവർത്തനത്തിനായി മുന്നോട്ടിറങ്ങുന്നു. ആദ്യഭാര്യയുടെ വെറുപ്പ് സമ്പാദിക്കാൻ അവൾക്കാഗ്രഹമില്ലാത്തതിനാൽ അവരുടെ കട്ടിൽക്കീഴിലാണ് അവർ ആ വീട്ടിൽ താമസിക്കുന്നത്.

കുലീനസ്ത്രീയുടെ കള്ളിയിൽ നിന്നും മാറി ചിന്തിക്കാൻ അവർ ഒരുക്കമല്ല. ആധുനികതയോടുള്ള ഒരു വിഛേദമാണ് വാസ്തവത്തിൽ ഇവിടെ സംഭവിക്കുന്നത്. ഭർത്താവിന്റെ കൊള്ളരുതായ്മകളുടെയും പിടിപ്പുകേടുകളുടെയും പാപഭാരം സ്വയമേറ്റെടുത്ത് ഉരുകിത്തീരുന്ന സ്ത്രീകർതൃത്വങ്ങളാണവർ. ഭർത്താവിനെയും കുടുംബത്തെയും ധിക്കരിക്കുന്ന സ്ത്രീയ്ക്ക് കണ്ണീരോ മരണമോ ആണ് വിധിച്ചിട്ടുള്ളതെന്ന ഇസ്ലാമിക വിധിയെയാണ് അവർ അടിമുടി മുറുകെപ്പിടിക്കുന്നത്.

സ്വന്തം ശരീരത്തിനു മുകളിലോ, ലൈംഗികതയ്ക്ക് മുകളിലോ തീരുമാനമെടുക്കാൻ പാടില്ലാത്തവളായ ഒരുവളാണ് 'സ്വർഗ്ഗനരകങ്ങളുടെ താക്കോൽ' എന്ന നോവലിലെ നൂർജഹാൻ. വീട്ടടിമയായിരിക്കാൻ അവൾക്ക് താൽപ്പര്യമില്ല. മധ്യവയസ്കനായ ഹാജിയുടെ രണ്ടാം ഭാര്യയാണവൾ. ഉന്നതവിദ്യാഭ്യാസം നേടാനായി പുറത്തുപോയവൾ. ഒടുക്കം സ്ത്രീകൾക്കുവേണ്ടിയുള്ള അശരണാലയം സ്ഥാപിച്ചുകൊണ്ട് സാമൂഹികപ്രവർത്തനത്തിനായി മുന്നോട്ടിറങ്ങുന്നു. ആദ്യഭാര്യയുടെ വെറുപ്പ് സമ്പാദിക്കാൻ അവൾക്കാഗ്രഹമില്ലാത്തതിനാൽ അവരുടെ കട്ടിൽക്കീഴിലാണ് അവർ ആ വീട്ടിൽ താമസിക്കുന്നത്. സ്ത്രീയ്ക്കു മാത്രമേ മറ്റൊരു സ്ത്രീയെ മനസ്സിലാക്കാൻ കഴിയൂ എന്ന മഹത്തായ സത്യമാണ് ഇവിടെ നോവലിസ്റ്റ് പറയുന്നത്. രണ്ടു സപത്നിമാരാൽ കലുഷിതമാകുമായിരുന്ന സ്ത്രീ-സ്ത്രീ ബന്ധം (സപത്നീബന്ധം) സ്വാഭാവികമായും മനുഷ്യത്വത്തിന്റെയും ഉദാരതയുടെയും മാനവികതയുടെയും തലത്തിലേക്കു വളർന്നു വലുതാകുകയാണിവിടെ. മൂന്നാമതൊരു പെണ്ണിനെക്കൂടി ഹാജി കെട്ടിക്കൊണ്ടുവരുമ്പോൾ രണ്ടു സ്ത്രീകളും വെറുക്കുന്നത് മൂന്നാമത്തവളെയല്ല; പെണ്ണ് എന്ന നിലയിലുള്ള തങ്ങളുടെ കർതൃത്വത്തെയാണ്. ഭർത്താവും കുടുംബവുമാണ് പെണ്ണിന്റെ ശരിയായ ഒരേയൊരു ലോകം എന്ന സമവാക്യത്തെ അവർ ആണയിട്ടുറപ്പിക്കുന്നു. കെട്ടിച്ചുകൊടുത്താൽ പിന്നെ പെണ്ണ് രക്ഷിതാക്കൾക്കും പിന്നെ വീടിനും ഒരു ഭാരമാണെന്ന് അവർ പറയാനാഗ്രഹിക്കുന്നു. കാലമെത്ര പുരോഗമിച്ചാലും മുസ്ലിം സമുദായത്തിനകത്തെ ഭീതിതമായ യാഥാർത്ഥ്യങ്ങൾ ഇവയൊക്കെയാണെന്ന് അവർ പറയുന്നു.

മറ്റൊന്ന് പുരുഷനെക്കുറിച്ചുള്ള സ്ത്രീയുടെ വീക്ഷണമാണ്. പൊതുവെ അത് ആരോഗ്യപരമോ, പുരോഗമനപരമോ അല്ല. കാരണം പുരുഷൻമാർ സർവ്വാധികാരികളായ ചൂഷകവർഗ്ഗമാണ്. എല്ലാ ഇസ്ലാമിക ചിട്ടകളോടും സാമൂഹികജീവിതം അനുഷ്ഠിക്കുന്ന അവർ വ്യക്തിജീവിതത്തിൽ മതപരമായ അച്ചടക്കങ്ങൾക്കു വിധേയരല്ല. പുരുഷൻമാർ മദ്യപൻമാരും ധൂർത്തരുമാണ്. പരസ്ത്രീഗമനവും കുറവല്ല. ഇവയ്ക്കെതിരെ ഒരു ചെറുശബ്ദം കൊണ്ട് പ്രതികരിക്കാൻ പോലുമുള്ള ഇടം അവൾക്കില്ല. അഥവാ അങ്ങനെചെയ്യുന്നത് ദൈവകോപമാണെന്ന ഇസ്ലാമികനിഷ്ഠയിലൂന്നുന്ന കുലീനകളായ സ്ത്രീകളാണവർ. പുരുഷൻമാരാവട്ടെ; കുടുംബത്തോട് യാതൊരുത്തരവാദിത്തവും

കാണിക്കുന്നില്ല. ഇസ്ലാം നിഷിദ്ധമാക്കിയ സംഗതികൾ അവർക്ക് സ്വന്തം ഹിതമാണ്. അരാജകത്വം നിറഞ്ഞ സാമൂഹികജീവിതം.

വിവാഹം, മൗലീദ്, ഹജ്ജനുഷ്ഠാനം മരണം തുടങ്ങിയ കർമ്മനിഷ്ഠമായതും ഇതരവുമായ സംഗതികളുടെ വളരെ വിശാലമായ വിവരണം നോവലുകളിലുണ്ട്. പണ്ടങ്ങളണിഞ്ഞു നടക്കുന്ന പൊട്ടികളായ, വീട്ടകം ഭരിക്കുന്ന കണ്ണീർക്കഥാപാത്രങ്ങളാണ് സ്ത്രീകൾ.

ശ്രദ്ധിക്കപ്പെടേണ്ടുന്ന മറ്റൊരു വസ്തുത നോവലുകളിൽ കണ്ടുമുട്ടുന്ന ആശ്രിതകഥാപാത്രങ്ങളാണ്. അടുക്കളപ്പുറത്തും പരിസരങ്ങളിലും വെപ്പുകാരായും, കുടിയാൻമാരായും, ആയമാരായും സ്വന്തം ജീവിതം വിയർത്തുതീർക്കുന്നവർ. ഒരിറ്റു കണ്ണീരിനോ ഒരു നല്ലവാക്കിനോ അവർ അർഹരല്ല. ഒരു നേരത്തെ ഭക്ഷണത്തിനായി രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ഒന്നുമില്ലാത്തതിനാൽ അടിമത്തൊഴിലാളികളായി കഴിയേണ്ടിവരുന്നവർ. അടിസ്ഥാനവർഗ്ഗം നേരിടുന്ന പ്രയാസങ്ങളാണ് അവരുടേത്. സ്വന്തമായി തീരുമാനങ്ങളില്ല. ഫ്യൂഡൽ കുടുംബ, സാമ്പത്തിക സംവിധാനത്തിനകത്തെ സകല നെറികേടുകളുടെയും മൂകസാക്ഷികളാണവർ. കുടിയാൻമാരാൽ പാട്ടഭൂമി കൈവിട്ടുപോയ സങ്കടം നോവലിസ്റ്റിന്റെ ആഖ്യാനങ്ങളിൽ പലയിടങ്ങളിലായി വരുന്നുണ്ടല്ലോ.

വർത്തമാനകാലഘട്ടത്തിൽ മുസ്ലിം സ്ത്രീകർതൃത്വ ചർച്ചകൾ വളരെ ചൂടേറിയ മട്ടിൽ നടന്നുകൊണ്ടിരിക്കുന്നു. ബി. എം. സുഹറ മുതൽ ഖദീജാ മുംതാസ് വരെയുള്ള ആധുനികതയുടെ ദൂരം വളരെ വലുതാണ്. വാസ്തവത്തിൽ പുരോഗമനപരമായ എല്ലാ അടിയൊഴുക്കുകളോടും ഇടഞ്ഞുകൊണ്ട് പുരുഷന്റെ നിഴലിൽ മറഞ്ഞുനിൽക്കാനാണ് അവൾ ഇഷ്ടപ്പെട്ടത്.

ബി. എം. സുഹറയുടെ നോവലുകൾ സ്വതവേ ആത്മകഥാപരമാണുതാനും. കുടുംബത്തിനു പുറത്തേക്കുള്ള ഒരു വിമോചനത്തെ അവർ ഭയക്കുന്നു. എഴുത്തിന്റെ കല വശമില്ലാഞ്ഞിട്ടല്ല; കുടുംബം ഒരു അടഞ്ഞ വ്യവസ്ഥ ആയിരുന്നതിനാലാണ് അവർ അധികമൊന്നും എഴുതാതിരുന്നത്. കഴിഞ്ഞ കുറച്ച് കാലങ്ങളായി അവരുടെ ആത്മകഥ 'മാധ്യമം' ആഴ്ചപ്പതിപ്പിൽ 'ഉമ്മക്കുട്ടിയുടെ കുഞ്ഞിക്കിനാവുകൾ' എന്ന പേരിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചു വരികയായിരുന്നു. അതിന്റെ പ്രതിപാദനത്തിന്റെയും ആഖ്യാനത്തിന്റെയും ശൈലി അസാമാന്യമായിരുന്നു. അത്രകണ്ട് മനോഹരവും അതിശയകരവുമായിരുന്നു അവരുടെ ഓർമ്മകളുടെ വീണ്ടെടുക്കലുകൾ. എന്നിട്ടും 'തിക്കോടിക്കു പുറത്ത് കോഴിക്കോട് പ്രൊവിഡൻസ് സ്ക്കൂളിൽ അവർ പ്രവേശനം നേടുന്നതോടെ' ഈ ആത്മകഥ അവർ അപൂർണ്ണമായി അവസാനിപ്പിച്ചു. എഴുത്തുകാരിയുടെ മരണം വ്യവസ്ഥകളോടുള്ള പ്രതിഷേധമാണെന്നു നമുക്കറിയാം. എഴുത്തിന്റെ മരണം വായനക്കാരനെയും അസ്വസ്ഥനാക്കുന്നുണ്ട്. തുടർന്നെഴുതാൻ കഴിയാത്തതിന്റെ നീറ്റലിൽ അവരെപ്പോലെ നമ്മളും വേദനിക്കുന്നുണ്ട്. എഴുത്തുതുടരാൻ വയ്യ എന്നത് ജീവിക്കാൻ ഇനി വയ്യാതായിരിക്കുന്നു എന്നതിന്റെ ചുരുക്കെഴുത്താണ്. മതത്തിനു പുറത്തേക്ക് അവർക്ക് സഞ്ചരിക്കാനാഗ്രഹമില്ല. കണ്ടത്, അറിഞ്ഞത്, അനുഭവിച്ചത് ഒന്നു പതുക്കെ പറഞ്ഞു; അത്രമാത്രം! കുലടയ്ക്കും കുലീനയ്ക്കുമിടയിൽ ഒരു സ്ത്രീ കർതൃത്വമുണ്ട്, സംഘർഷാത്മകമാണത്. ഓരോ സ്ത്രീയും ഓരോ എഴുത്തുകാരിയും ഈ ഇടനിലയെയാണ് പൂരിപ്പിക്കുന്നത്. ○

കുറിപ്പുകൾ

*1.എൻ. പി. മുഹമ്മദ്, അവതാരിക. ബി. എം. സുഹറ, **കിനാവ്.** പുറം. 10.*


സഹായകഗ്രന്ഥങ്ങൾ

*1. ബി. എം. സുഹറ. **ആകാശഭൂമികളുടെ താക്കോൽ.** ഡി. സി. ബുക്സ്, കോട്ടയം, 2008.*

*2. ബി. എം. സുഹറ. **ഇരുട്ട്.** ഡി. സി. ബുക്സ്, കോട്ടയം, 1999.*

*3. ബി. എം. സുഹറ. **കിനാവ്.** പി. കെ. ബ്രദേഴ്സ്, കോഴിക്കോട്, 1990.*

*4. ബി. എം. സുഹറ. **നിലാവ്.** ഡി. സി. ബുക്സ്, കോട്ടയം, 1997.*

*5. ബി. എം. സുഹറ. **മൊഴി.** സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1999.*


**കവിത**

# തിരിച്ചു വരവും പറഞ്ഞു വെച്ചു കൊണ്ട്

സ്വാതി.വി

സംഘടിത സാഹിത്യക്യാമ്പിലെ ഏറ്റവും നല്ല കവിതയായി തിരഞ്ഞെടുത്തത്

ഒന്നു മരിച്ചേച്ചു വരണം
വെള്ളപുതച്ചു കിടത്തിയ എന്റെ നിശ്ശബ്ദ
നിലവിളിച്ചു നിങ്ങൾ ഉപയോഗിക്കുന്നതു കണ്ട്
പൊട്ടിച്ചിരിക്കണമെനിക്ക്.
എള്ളിനും ചന്ദനത്തിനും തൃത്താവിനും
മീതേയിരുന്ന
ഒരുരുള വെന്തപച്ചരി
ഉണ്ണി പിന്തിരിഞ്ഞെറിഞ്ഞത്
നിളയുടെ ആഴങ്ങളിൽ
എന്നെ തിരയാൻ കൂട്ടംതെറ്റുന്നത് കണ്ട്
ചിരിക്കും ഞാൻ
എച്ചിലുമാത്രം വലിച്ചെറിഞ്ഞു
കൊടുത്ത കാക്കയ്ക്ക്
ഞാനാണെന്നു കരുതി
വീതുകൊടുക്കുമ്പോൾ (വാഴയിലയിൽ)
സന്തോഷിക്കും ഞാൻ- അതു തീർച്ച
ഇരുട്ടിൽ, തിരിനാളത്തിന്റെ മാത്രം വെളിച്ചത്തിൽ
ആണ്ടറുതികളുണ്ണാൻ എന്നെ കാക്കണ്ട!
തനിച്ചായിപ്പോയെന്ന തോന്നലുണ്ടാവുമെനിക്ക്
ഉമ്മറത്തെ കറന്റുകത്തുന്ന
വെട്ടത്തിനു മുകളിൽ,
എത്രനേരം എനിക്കു
ചിരിച്ചിരിക്കാനാകുമെന്ന് അറിഞ്ഞുകൂടാ.
ആൾക്കൂട്ടത്തിൽ വീഴുന്ന
ഒരു തുള്ളി കണ്ണുനീരായി അമ്മയുടെ കൂടെ,
കുപ്പിഗ്ലാസ്സിലൊഴിച്ചിറക്കുന്ന
കണ്ണീരായി അച്ഛന്റെ കൂടെ
ചേച്ചിയുടെ ഫോണിന്റെ വാൾപേപ്പറിൽ
കൂട്ടുകാരന്റെ ഓർക്കാപ്പുറത്തെ ഓർമ്മയിൽ
എത്രനാൾ ഞാനുണ്ടാകുമെന്ന്
എനിക്കറിഞ്ഞുകൂടാ.
മരിച്ചേച്ചു വരും ഞാൻ
ഒരു തുലാവർഷ വൈകുന്നേരത്ത്
ഇറയത്തെ മാക്രികുട്ടൻ കരഞ്ഞുവിളിക്കുമ്പോൾ
മണ്ണിൽ നിന്നു മഴപ്പാറ്റയായോ
വിണ്ണിൽ നിന്നു വെള്ളമായോ.



പെൺപക്ഷം



അജിത കെ.

# അതിഭീകരമായി വളർന്നുവരുന്ന വർഗ്ഗീയ ഫാഷിസം ചെറുത്തു തോൽപ്പിക്കുക



നരേന്ദ്രമോഡിയുടെ നേതൃത്വത്തിൽ ബി.ജെ.പി കേന്ദ്ര സർക്കാർ ഭരണം ഏറ്റെടുത്തതോടെ ഇന്ത്യയിലാകമാനം കൃത്യമായ ഹിന്ദുത്വ അജണ്ട ഒളിഞ്ഞും തെളിഞ്ഞും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു അന്തരീക്ഷമാണ് നിലനിൽക്കുന്നത്. സർക്കാർ ഒരു വശത്തുകൂടെ വർഗ്ഗീയ അതിക്രമങ്ങളോട് ഒന്നുകിൽ മൗനം പാലിക്കുക അല്ലെങ്കിൽ ന്യായീകരിക്കുക എന്ന നയം സ്വീകരിക്കുമ്പോൾ ശിവസേന, ഹനുമാൻ സേന തുടങ്ങിയ വർഗ്ഗീയ ഫാഷിസ്റ്റ് ഗുണ്ടകൾക്ക് അതൊരു തുറന്ന ലൈസൻസാണ്. മതേതരത്വത്തിനും മതസൗഹാർദ്ദത്തിനും വേണ്ടി, ഇന്ത്യയുടെ ബഹുസ്വരത നിലനിൽക്കാൻ വേണ്ടി പ്രവർത്തിച്ച കൽബുർഗി, ഗോവിന്ദ പൻസാരെ തുടങ്ങിയ സാംസ്കാരികപ്രവർത്തകരെ കൊന്നുകളഞ്ഞ ഈ ഫാസിസ്റ്റുഗുണ്ടകൾ ബീഫ് നിരോധനത്തിന്റെ പേരിൽ കഴിഞ്ഞ ദിവസം ഡൽഹി കേരളഹൗസിൽ റെയ്ഡ് നടത്തിക്കാനുള്ള ധിക്കാരം കാട്ടി.

സാംസ്കാരിക മേഖലകളിലാകെ തുറന്ന കയ്യേറ്റം നടക്കുകയാണ്. പൂനെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.ജെ.പി. വക്താവെന്ന നിലയിൽ ഹിന്ദി സീരിയലിൽ യുധിഷ്ഠിരന്റെ ഭാഗം അഭിനയിച്ച ഗജേന്ദ്ര

ചൗഹാനെ ചെയർമാനായി നിയമിച്ച അങ്ങേയറ്റം അപലപനീയമായ നടപടിക്കെതിരെ നൂറ്റിമുപ്പത്തൊമ്പതു ദിവസം അവിടുത്തെ വിദ്യാർത്ഥികൾ നടത്തിയ സമരം ഇപ്പോൾ മറ്റൊരു ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. സിനിമാരംഗത്തെ അതികായന്മാർ കൈകാര്യം ചെയ്ത ഈ പദവിക്ക് അർഹരായവർ എത്രയോ പേരുണ്ടെങ്കിലും ബി.ജെ.പി. അംഗമാണെന്ന ഒരൊറ്റ കാരണത്താൽ ആ ഉന്നതപദവി നൽകിയ നടപടി അപഹാസ്യമെന്നേ പറയേണ്ടൂ. സാഹിത്യഅക്കാദമി, സംഗീത-നാടക അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലും കഴിവുറ്റ,സാമൂഹ്യതാത്പര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന പ്രഗത്ഭവ്യക്തികളെല്ലാവരും രാജിവെച്ച് പ്രതിഷേധിക്കുന്ന കാഴ്ച യാണ് നമ്മൾ കാണുന്നത്.

മതേതരത്വത്തിനും മതസൗഹാർദ്ദത്തിനും വേണ്ടി, ഇന്ത്യയുടെ ബഹുസ്വരത നിലനിൽക്കാൻ വേണ്ടി പ്രവർത്തിച്ച കൽബുർഗി, ഗോവിന്ദ പൻസാരെ തുടങ്ങിയ സാംസ്കാരികപ്രവർത്തകരെ കൊന്നുകളഞ്ഞ ഈ ഫാസിസ്റ്റുഗുണ്ടകൾ ബീഫ് നിരോധനത്തിന്റെ പേരിൽ കഴിഞ്ഞ ദിവസം ഡൽഹി കേരളഹൗസിൽ റെയ്ഡ് നടത്തിച്ചു. സാംസ്കാരിക മേഖലകളിലാകെ തുറന്ന കയ്യേറ്റം നടക്കുകയാണ്.

വർഗ്ഗീയ അതിക്രമങ്ങളോട് സന്ധിചെയ്യുന്ന സർക്കാർ നിലപാടിനോട് പ്രതിഷേധിച്ച് സാറാജോസഫ്, സച്ചിദാനന്ദൻ തുടങ്ങിയ സാംസ്കാരിക പ്രവർത്തകർ പുരസ്കാരങ്ങൾ തിരിച്ചു കൊടുത്തിരിക്കുകയാണ്. സിനിമസംവിധായകരും അവരുടേതായ പ്രതിഷേധങ്ങൾ പലരീതിയിലും തുടരുന്നു. ഇതിനിടക്ക് രാഷ്ട്രീയരംഗത്തെ ശൂന്യത നികത്താൻ ബി. ജെ.പി.യും അതിന്റെ ചുവട് പിടിച്ച് എസ്.എൻ.ഡി. പി.യും ശ്രമിക്കുന്നത് അങ്ങേയറ്റം ആപത്ക്കരമായ പ്രവണതയാണ്. കേരളത്തിൽ അക്കൗണ്ട് തുറക്കാൻ ഇതുവരെ പറ്റാതിരുന്ന ബി.ജെ.പി. ജനങ്ങൾക്ക് രണ്ട് മുന്നണികളോടുമുള്ള അസംതൃപ്തി മുതലെടുത്ത് രാപ്പകൽ അതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വർഗ്ഗീയത രഹസ്യവും പരസ്യവുമായ അജണ്ടയായി നടക്കുന്ന ബി. ജെ.പി. വളരുന്നതനുസരിച്ച് മുസ്ലിം മതവർഗ്ഗീയതയും ശക്തിപ്രാപിക്കുന്നു. എൻ.ഡി.എഫ്., എസ്.ഡി.പി.ഐ. തുടങ്ങിയ സംഘടനകളുടെ വളർച്ച ഇത്തരമൊരു പ്രവണതയാണ് സൂചിപ്പിക്കുന്നത്.

വർഗ്ഗീയത-അത് ഹിന്ദുത്വമായാലും ഇസ്ലാമികമായാലും ക്രൈസ്തവ മതാധിഷ്ഠിതമായാലും, ഇന്ത്യയെപ്പോലെ ഇത്രയും ദശകങ്ങൾ ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും വേണ്ടി നിലകൊണ്ട പൊതുയിടം അങ്ങേയറ്റം വിഷലിപ്തമാക്കിയിരിക്കുകയാണ്. അഴിമതി രാക്ഷസൻ എല്ലാ മുഖ്യാധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും (ബി. ജെ.പി. അതിൽ നിന്ന് വിമുക്തമല്ല!) വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഈ ചരിത്ര ഘട്ടം അങ്ങേയറ്റം ഇരുളടഞ്ഞതാണെന്ന് പറയാതെ വയ്യ.

മനുഷ്യത്വം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന എല്ലാവരും ഒറ്റക്കെട്ടായി നിന്ന് ഇത്തരം പ്രതിപ്രവണതകളെ ചെറുത്തു തോല്പ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനായി നമുക്ക് പൂർവ്വാധികം ഉത്സാഹത്തോടെ ഇനിയും പ്രവർത്തിക്കാം. ○



**അഭിമുഖം**

# എന്തുകൊണ്ട് അവൾ രക്ഷപ്പെട്ടില്ല ?

(സൂര്യനെല്ലി പെൺകുട്ടിയുമായി ഗീത നടത്തിയ കൂടിക്കാഴ്ചയുടെ പ്രസിദ്ധീകരണത്തിന്റെ പ്രസക്തഭാഗങ്ങൾ)

**സ്വകാര്യക്കാരുടെ** തേയിലക്കാടുകൾ, ഇടക്കിടക്കു സ്വാഭാവിക വനം. ഇപ്പോൾ റിസോർട്ടായി വേഷം മാറിയിരിക്കുന്ന ഒരിടതുപക്ഷ കക്ഷിയുടെ പാർട്ടി ഓഫീസ്. ടാറ്റായുടെ തേയില മൊത്തമായും ചില്ലറയായും വിൽക്കുന്ന കമ്പനി ഔട്ട്ലെറ്റുകൾ. മൂന്നാർ മലമടക്കുകളിലെ പാതകൾ നീർത്തി നീർത്തി ദേവികുളത്തേക്ക്. അവിടെ നിന്നു ചിന്നക്കനാൽ, പിന്നെ സൂര്യനെല്ലി. അതെ, വർത്തമാനകേരളത്തിന്റെ സംസ്കാര ഭൂപടത്തിൽ ഇടംപിടിച്ച സൂര്യനെല്ലി. സുദീർഘമായ ഒമ്പതുവർഷത്തെ ചെറുത്തുനില്പ്പു സമരത്തിന്റെ അടയാളം.

കോഴിക്കോട്ടുള്ള റജീനയുടെ മൊഴിമാറ്റങ്ങൾ, കൊട്ടിയത്തെ ഷൈനിയുടെ ദയനീയമായ കരച്ചിൽ ഇവയൊക്കെ മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുമ്പോൾ വീണ്ടും സൂര്യനെല്ലി സംഭവം ഉയർന്നുവരുന്നു. നിയമചരിത്രത്തിൽ ഒരു നാഴികക്കല്ലായ കോട്ടയം സ്പെഷ്യൽ കോടതി വിധിന്യായത്തിന്റെ പകർപ്പു പോലും ഇതുവരെ പെൺകുട്ടിയുടെ അച്ഛനു കിട്ടിയിട്ടില്ല. തരാമെന്നു പറഞ്ഞു വിളിപ്പിച്ച് അവിടെ ചെന്നപ്പോൾ അതെവിടെയോ കാണാനില്ലെന്നായിരുന്നുവത്രെ പ്രോസിക്യൂട്ടർ പറഞ്ഞത്! ഹൈക്കോടതി വിധി പുറത്തു വന്നപ്പോൾ അദ്ദേഹം ആഗ്രഹിക്കുന്നു– സുപ്രീംകോടതിയിൽ ഒരപ്പീലെങ്കിലും കൊടുത്തിടണം. എന്നാൽ അദ്ദേഹത്തിനിപ്പോൾ ആശങ്കയുമുണ്ട്– അവിടെയും വിധി തങ്ങൾക്കെതിരാകുമോയെന്ന് 'അനുകൂലമായ വിധിന്യായം കേട്ടിട്ട് മരിക്കാൻ പറ്റിയെങ്കിൽ!' സാധാരണക്കാരന് കോടതികളിൽ വിശ്വാസം നഷ്ടപ്പെടുകയാണെന്നാണോ ഇദ്ദേഹത്തിന്റെ നിരാശയുടെയും ആശങ്കകളുടെയും പൊരുൾ?

സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ.

സൂര്യനെല്ലിപ്പെൺകുട്ടിയെപ്പറ്റി നാം വളരെയേറെ കേട്ടുകഴിഞ്ഞു. എന്നാലിപ്പോഴും നമുക്കിവളുടെ പേരറിയില്ല. മുഖമറിയില്ല. അതെ എന്തിനറിയണം? ഇവൾക്കു നമ്മുടെ തന്നെ ഛായയാണ്. എന്നാലിവൾക്ക് സ്വന്തം അനുഭവങ്ങളെപ്പറ്റി എന്തു പറയാനുണ്ടെന്നു ഇനിയെങ്കിലും നമ്മളറിഞ്ഞേ പറ്റൂ.

*സൂര്യനെല്ലിപ്പെൺകുട്ടി സ്വന്തം കഥ ഇങ്ങനെ തുടരുന്നു.*

വണ്ടിയിൽ വെച്ചു കണ്ട പരിചയമായിരുന്നു രാജുവിനോട്. അയാൾക്കു വീട്ടിൽ വലിയ ബുദ്ധിമുട്ടാണെന്നു പറഞ്ഞു. അച്ഛനും അമ്മക്കും സുഖമില്ല. പിന്നെ പെങ്ങളുടെ കാര്യങ്ങളുണ്ട്. ആകെക്കൂടെ വലിയ വിഷമമാണ്. മരുന്ന് വാങ്ങാനൊന്നും കഴിയുന്നില്ല. അയാളോടു പാവം തോന്നി. അങ്ങനെ ആദ്യമൊക്കെ ഇഷ്ടമായി. പൈസ ചോദിക്കുമായിരുന്നു. ഹോസ്റ്റൽ ഫീസുവരെ കൊടുത്തിട്ടുണ്ട്. പിന്നെപ്പിന്നെ സ്വഭാവം മാറി. പേടിയായിത്തുടങ്ങി. ഒരാൽബം അയാളുടെ കയ്യിൽപ്പെട്ടിരുന്നു. വിളിച്ചിട്ടു ചെന്നില്ലെങ്കിൽ പപ്പായുടെ ഉദ്യോഗസ്ഥലത്തു പടം ഒട്ടിക്കുമെന്നു പറഞ്ഞു. കല്യാണം കഴിക്കാൻ ചെല്ലണമെന്നു പറഞ്ഞു. മമ്മായുടെ സാരി എടുപ്പിച്ചു. അയാളോടൊപ്പം പോയത് 1996 ജനുവരി 16ന് ആയിരുന്നു. ബസ്സിൽ കയറ്റിയിരുത്തി രണ്ടു ടിക്കറ്റെടുത്ത് ഒന്നു കയ്യിൽ തന്നു. കോതമംഗലത്ത് എത്തി നോക്കിയപ്പോൾ ആളെ കാണാനില്ല. എവിടെയാണ് ഇറങ്ങിപ്പോയതെന്ന് അറിയില്ല.

കോതമംഗലത്തിറങ്ങി തിരിച്ചുപോരാൻ പറ്റില്ല. കോട്ടയത്തിനു പോയാൽ മമ്മായുടെ വീട്ടിലെത്താമെന്നു വിചാരിച്ചു. കോട്ടയം ബസ്സിൽ കയറി. കോട്ടയത്തിറങ്ങുമ്പോൾ രാത്രി നല്ലപോലെ വൈകിയിരുന്നു ഇരുട്ട്. പേടിതോന്നി. അടിമാലി മുതൽ കോട്ടയം വരെ ഒരു സ്ത്രീ കൂടെയുണ്ടായിരുന്നു. അവർ അടുത്തുവന്ന് പരിചയഭാവത്തിൽ ചോദിച്ചു. '.....യെന്നല്ലേ പേര്? അറിയാം.' രാജു എന്നെ വിളിക്കുന്ന പേരും അവർ പറഞ്ഞു. ഇനി ആരു ചോദിച്ചാലും ആ പേരു പറഞ്ഞാൽ മതിയെന്നു പറഞ്ഞു. വയസ്സു പതിനെട്ടാണെന്നും കോളേജിൽ പഠിക്കുകയാണെന്നും പറയണം. ആ സ്ത്രീയുടെ പേര് ഉഷ എന്നായിരുന്നു.

ഞങ്ങൾ കോട്ടയം ബസ്സ്റ്റാൻഡിൽ നിൽക്കുമ്പോൾ ഒരാൾ വന്നു. അയാളുടെ പേര് ധർമ്മരാജൻ എന്നായിരുന്നു. മമ്മായുടെ വീടറിയാമെന്നും അവിടെ കൊണ്ടുചെന്നാക്കാമെന്നും പറഞ്ഞു. എന്നെ അവിടെ ഏൽപ്പിച്ച് ഉഷ പോയി. മുണ്ടക്കയത്തിന് ഇനി പുലർച്ചയേ ബസ്സുള്ളൂ എന്ന് അയാൾ പറഞ്ഞു. കോട്ടയം സ്റ്റാൻറിനടുത്തുള്ള ഹോട്ടലിലേക്ക് കൊണ്ടുപോയി...'

സൂര്യനെല്ലിക്കേസ് ഇവിടെയാണ് തുടങ്ങുന്നത്. രാജു ഇവളെ വിളിച്ചിരുന്ന പേര് എങ്ങനെ ഉഷ അറിഞ്ഞു? ഉഷ പെൺകുട്ടിയോടൊപ്പം ബസ്സിൽ സഞ്ചരിക്കുകയും കോട്ടയം ബസ്സ്റ്റാന്റിൽ ധർമ്മരാജൻ രക്ഷക രൂപത്തിൽ എത്തിച്ചേരുകയും ചെയ്തതെങ്ങനെ? വളരെയധികം ആസൂത്രിതമായ വലനെയ്ത്തായിരുന്നു അതെന്ന് സംഭവത്തിന്റെ തുടക്കം തന്നെ വ്യക്തമാക്കുന്നു.

*ഇപ്പോൾ രാജുവിനെപ്പറ്റി എന്തു തോന്നുന്നു?*

കേസൊക്കെ ആയപ്പോൾ പാർട്ടിക്കാരെവെച്ച് ഒരുമണിക്കൂറിനുള്ളിൽ രാജു പുറത്തിറങ്ങിയെന്ന് പപ്പാ പറഞ്ഞു. അടിമാലിയിൽ വെച്ച് അന്ന് കണ്ടതിനു ശേഷം പിന്നെ കണ്ടത് കോടതിയിൽ വെച്ചായിരുന്നു. കാണുമ്പോഴും ഓർക്കുമ്പോഴും ഇപ്പോൾ ദേഷ്യവും വെറുപ്പുമാണ്....

ഹൈക്കോടതി വിധി വന്ന അന്ന് രാജു പാർട്ടി നടത്തി ആഘോഷിച്ചതായി കേട്ടെന്ന് പെൺകുട്ടിയുടെ അമ്മ പറഞ്ഞു.

ഇക്കാര്യത്തെപ്പറ്റി മോൾക്ക് കൂടുതലെന്തെങ്കിലും പറയാനുണ്ടോ?

അന്നൊന്നും വിവരവും ആലോചനയും ഇല്ലായിരുന്നു. ഇപ്പോൾ ചിന്തിക്കാൻ കഴിയുന്നുണ്ട്. എല്ലാം നല്ലപോലെ ആലോചിക്കണം. പപ്പായോടും മമ്മായോടും പറയണം. എനിക്ക് പറ്റിയത് ഇനിയൊരാൾക്ക് പറ്റരുത്.

കഴിഞ്ഞ പത്തുവർഷത്തിനിടയിൽ നമ്മുടെ കാമ്പസുകളിൽ നിന്ന് ആത്മാർത്ഥമായ പ്രണയം അപ്രത്യക്ഷമായതിനെ ചൊല്ലി വേവലാതിപ്പെടുന്നവർക്കുള്ള ഉത്തരം കൂടിയാകുന്നു ഇത്. ഇതിനൊരുവൾ കൊടുക്കേണ്ടി വന്ന വില സ്വന്തം സ്വപ്നങ്ങളും ജീവിതം തന്നെയുമായിരുന്നു. പെണ്ണിന് ആണിനെ വിശ്വസിക്കാൻ കഴിയാതാകുന്നതിന്റെ ദുരന്തം പ്രണയത്തിന്റെ പരാജയസ്ഥാനമാകുന്നു.

പെൺകുട്ടിയുടെ സമ്മതത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയിരുത്തിക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ടതായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങനെയായിരുന്നു ഇക്കാര്യങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മളന്വേഷിക്കേണ്ടതുണ്ട്.

*കോട്ടയത്തെ ഹോട്ടൽ മുറിയിൽ കൊണ്ടുവന്ന ശേഷം ധർമ്മരാജൻ മോളെ എന്താണ് ചെയ്തത്?*

കുറേക്കഴിഞ്ഞപ്പോൾ അയാൾ ഉപദ്രവിക്കാൻ തുടങ്ങി. തടയാൻ ശ്രമിച്ചപ്പോൾ കൈപിടിച്ച് തിരിച്ചു. കൊങ്ങക്ക് പിടിച്ചു. പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ കൊന്നു കളയുമെന്നു പറഞ്ഞു. പപ്പായേയും മമ്മായേയും കൊല്ലുമെന്നു പറഞ്ഞു. അടികൊണ്ട് ഞാൻ തളർന്നു. അയാളെന്നെ നല്ല വണ്ണം ഉപദ്രവിച്ചു...

പിന്നെ എറണാകുളത്തേക്കും കുമിളിക്കുമൊക്കെ കൊണ്ടുപോയി. എന്റെ വായ്ക്കകത്ത് ബലമായി വെള്ളപ്പൊടി തേച്ചുതരുമായിരുന്നു. അപ്പോൾ മയക്കം വരും. എന്റെ കൈരണ്ടും പുറകോട്ട് കെട്ടിവെച്ച് വായിൽ ബ്രാണ്ടി ഒഴിക്കും. അധികം ഇതൊക്കെ ചെയ്തത് ധർമ്മരാജനും ജമാലുമായിരുന്നു. പിന്നെ നന്നായി അടിക്കുകയും വേദനിപ്പിക്കു

കയും ചെയ്തു. എപ്പോഴും തളരും. തളർന്ന് ഉറങ്ങിപ്പോയാൽ വിളിച്ചുണർത്തി ഉപദ്രവിക്കും. ബാത്ത്റൂമിൽ കയറി ഒളിച്ചിരുന്നിട്ടും ഞാൻ രക്ഷപ്പെട്ടില്ല. അവരെന്നെ തെറിവിളിക്കുകയും അടിക്കുകയും ചവിട്ടുകയും ഒക്കെ ചെയ്തു. അവർ പുറത്തുപോകുമ്പോൾ മുറി പുറത്തു നിന്നു പൂട്ടും. എറണാകുളം, തേനി, കന്യാകുമാരി, തിരുവനന്തപുരം ഒക്കെ എന്നെ കൊണ്ടുപോയി. വലിയ ഹോട്ടലുകളിലും ഒഴിഞ്ഞ വീടുകളിലും കൊണ്ടുപോയി. കുമളിയിൽ പലതവണ കൊണ്ടുപോയി. അവിടെയാണ് 'ബാജി' വന്നത്. കൊങ്ങക്കു പിടിച്ചു നോവിച്ച് ബലം ഉപയോഗിച്ചാണ് അയാളെന്നെ ഉപദ്രവിച്ചത്.

> പെൺകുട്ടിയുടെ സമ്മതത്തോടെയായിരുന്നു കാര്യങ്ങൾ നടന്നതെന്ന് വിലയിരുത്തിക്കൊണ്ട് പ്രതികളെ ബഹു. ഹൈക്കോടതി വെറുതെവിട്ടതായി മാധ്യമങ്ങളിൽ കാണുന്നു. എങ്ങനെയായിരുന്നു ഇക്കാര്യങ്ങളെ ഇവൾ സമ്മതിച്ചതെന്ന് നമ്മളന്വേഷിക്കേണ്ടതുണ്ട്.

മോൾക്ക് ഭക്ഷണമോ പൈസയോ തന്നിരുന്നോ?

പൈസയോ? അവർക്ക് പൈസ കിട്ടിയോ എന്നെനിക്ക് അറിയില്ല. രണ്ടുമൂന്നുദിവസം കൂടുമ്പോൾ ഒരു നേരം ഭക്ഷണം തരുമായിരുന്നു.

അവരുടെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചില്ലേ?

പറഞ്ഞറിയിക്കാൻ മേലാത്ത ഒരവസ്ഥയായിരുന്നു എന്റേത്. എന്റടുത്ത് വന്നവരോടൊക്കെ ഞാൻ പറഞ്ഞു, എന്റെ പപ്പാ മൂന്നാർ പോസ്റ്റോഫീസിലാണെന്ന്. മമ്മാ ആശുപത്രിയിലെ നഴ്സാണെന്ന്. ഞാൻ ഇന്നസ്ഥലത്തെ വീട്ടിലെ ആളാണെന്ന് വന്നവരോടൊക്കെ പറഞ്ഞു കൊണ്ടേയിരുന്നു. ആരും എന്നെ രക്ഷിച്ചില്ല... എല്ലാവരും വന്ന് ഉപദ്രവിച്ചിട്ടു പോയി. ഒരു പ്രൊഫസർ മാത്രം എന്നെ ഒന്നും ചെയ്തില്ല. എന്നെക്കണ്ട് അയാൾ തിരിച്ചുപോയി. അയാൾ എന്നെ ഉപദ്രവിച്ചില്ലെന്ന് പോലീസിനോട് പറഞ്ഞെങ്കിലും അവർ അയാളുടെ പേരും പ്രതിപ്പട്ടികയിൽ ചേർത്തു.

റൂമിൽ നിന്ന് എന്നെ വെളിയിലിറക്കിയതേയില്ല. ബസ്സിൽ കൊണ്ടുപോയപ്പോൾ കുനിച്ചിരുത്തി. ഒരു തവണയെ ബസ്സിൽ കൊണ്ടുപോയുള്ളൂ. അധികവും കാറിലാണ് കൊണ്ടുപോയത്. വെളുപ്പിനും വൈകുന്നേരത്തുമായിരുന്നു മിക്കവാറും യാത്ര.

അവരെങ്ങോട്ടൊക്കെയോ കൊണ്ടുപോയി.... വൈകുന്നേരം എവിടെയോ കിടത്തി.... പിന്നെയും പിന്നെയും ഉപദ്രവിച്ചു. എപ്പോഴും പേടിയായിരുന്നു. നല്ല തളർച്ചയും ഉണ്ടായിരുന്നു. എതിർത്തപ്പോഴെല്ലാം കൊല്ലുമെന്നു പറഞ്ഞു. കൊല്ലുന്നവരെ എനിക്ക് പേടിയാണ്... എന്നെ മാത്രമല്ല പപ്പായെയും മമ്മായെയും കൊല്ലുമെന്നവർ പറഞ്ഞു. രക്ഷപ്പെട്ടു വന്നാലും പപ്പായും മമ്മായും ഇല്ലെങ്കിൽ ഞാൻ എന്തുചെയ്യും.

*എങ്ങനെയാണ് വീട്ടിൽ മടങ്ങിയെത്തിയത്.*

ഏലപ്പാറയിൽ ജമാലിന്റെ വീട്ടിൽ കൊണ്ടുപോയി. അവിടെ എത്തിയപ്പോഴേക്ക് എനിക്ക് തീരെ വയ്യാതായിരുന്നു. ക്ഷീണവും പനിയും വേദനയും തുടങ്ങിയിട്ട് കുറേയായിരുന്നു. എനിക്ക് നിൽക്കാനും ഇരിക്കാനും കിടക്കാനും നടക്കാനുമൊന്നും വയ്യാതായി. മൂത്രം പോയിരുന്നില്ല. ഭയങ്കര വേദന. ബാക്ക് വേദനിച്ചിരുന്നു. ഞാൻ മരിച്ചു പോകുമെന്ന് തോന്നി. വീട്ടിലെത്താമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടു. ഏലപ്പാറയിലെ തമിഴൻ ഡോക്ടറെയാണ് കാണിച്ചത്. ഡോക്ടറോടൊന്നും പറയരുതെന്ന് നേരത്തെ അവർ പറഞ്ഞിരുന്നു. ഡോക്ടർ പരിശോധിക്കുമ്പോൾ അവരെപ്പോഴും കൂടെനിന്നു. അപ്പോൾ വയറ്റീന്ന് പോകുന്നില്ല എന്നു മാത്രം ഞാൻ ഡോക്ടറോട് പറഞ്ഞു. എനീമ തന്നു. എന്തോ രണ്ടുമൂന്നു ഗുളികയും തന്നു. വേറെ ആശുപത്രിയിൽ കാണിക്കാൻ പറഞ്ഞു. അഡ്മിറ്റാക്കാതെ അവിടെ നിന്ന് ഡിസ്ചാർജ് വാങ്ങി എന്നെ കൊണ്ടുപോയി. അന്നു രാത്രി പോലും അവരെന്നെ ഉപദ്രവിച്ചു.... നാലുപേർ...

എനിക്ക് തീരേ വയ്യായിരുന്നു. വിട്ടേക്കാമെന്നു അവർക്കും തോന്നിയിരിക്കാം. തിരിച്ചെത്താമെന്ന ഉറപ്പിലാണ് എന്നെ വിട്ടത്. കോട്ടയത്തു നിന്ന് രാത്രി മുവാറ്റുപുഴ കൊണ്ടുവന്നു. പുലർച്ചക്ക് അവിടെ നിന്നും മൂന്നാറിലേക്ക് പോന്നു. പപ്പാ ജോലിചെയ്യുന്ന പോസ്റ്റാഫീസിലെത്തി. അന്ന് ഫെബ്രുവരി 26 ആയിരുന്നു.

ഇതിലെവിടെ ചികഞ്ഞാലാണ് പെൺകുട്ടിയുടെ 'സമ്മതം' കിട്ടുക. തെരുവുകളിലെ 'അനുവാദത്തോടെയുള്ള ലൈംഗികവേഴ്ച'യെ കുട്ടി പറഞ്ഞത് 'ഉപദ്രവിച്ചു' എന്നായിരുന്നു. ഈ കൂടിക്കാഴ്ചയിൽ അവൾ ആ വാക്കുമാത്രമേ ഉപയോഗിക്കുന്നുണ്ടായി

എനിക്ക് തീരേ വയ്യായിരുന്നു. വിട്ടേക്കാമെന്നു അവർക്കും തോന്നിയിരിക്കാം. തിരിച്ചെത്താമെന്ന ഉറപ്പിലാണ് എന്നെ വിട്ടത്. കോട്ടയത്തു നിന്ന് രാത്രി മുവാറ്റുപുഴ കൊണ്ടുവന്നു. പുലർച്ചക്ക് അവിടെ നിന്നും മൂന്നാറിലേക്ക് പോന്നു. പപ്പാ ജോലിചെയ്യുന്ന പോസ്റ്റാഫീസിലെത്തി. അന്ന് ഫെബ്രുവരി 26 ആയിരുന്നു.

രുന്നുള്ളൂ. രക്ഷപ്പെടാൻ ശ്രമിച്ചില്ലെന്ന് വിധിച്ചവർ അവളുടെ അമ്മയുടെ വാക്കുകൾ കൂടി ഒന്നു ശ്രദ്ധിക്കട്ടെ. 'വിസമ്മതമോ? തിരിച്ചെത്തിയപ്പോൾ എന്റെ കൊച്ചിനെ ഒന്നു കാണേണ്ടതായിരുന്നു. അത് ഞങ്ങൾ മാത്രമല്ലേ കണ്ടുള്ളൂ...'

ബഹു. കേരളഹൈക്കോടതിയിൽ വിചാരണ നടന്നകാര്യം പത്രത്തിൽ വിധി വന്നതിനു ശേഷം മാത്രമേ അറിഞ്ഞുള്ളൂ എന്ന് പെൺകുട്ടിയുടെ അച്ഛൻ പറയുന്നു. ഇതേപ്പറ്റി ചോദിച്ചു തുടങ്ങുമ്പോൾ പെൺകുട്ടിയുടെ ഭാവം പകരുന്നു.

ഹൈക്കോടതി വിധി വന്നത് മോളറിഞ്ഞുവോ?

ആ വിധി വന്ന ശേഷം ആളുകളുടെ മുഖത്തു നോക്കാൻ തീരേ പറ്റാതായി. അതിനുശേഷം ആരും എന്റെ മുഖം കാണുന്നത് ഇഷ്ടപ്പെടുന്നില്ല. കുറേ പേർക്ക് എന്നോട് മിണ്ടാൻ പേടിയാണ്. എന്നോട് മിണ്ടരുതെന്ന് വീട്ടിൽ നിന്ന് പറഞ്ഞുവിട്ടുകാണും. ഫ്രണ്ട്സ് അധികം ഇല്ല. ഉള്ളവർ ഇപ്പോൾ എന്നോട് മിണ്ടുന്നില്ല. പള്ളീല് പോകും. ആപ്പീസിൽ പോയിത്തുടങ്ങി. ബാക്കി നേരം വീട്ടിൽ തന്നെയാണ്. എങ്ങോട്ടും പോകാനില്ല. സ്വന്തക്കാരൊക്കെ മുമ്പേ ഒറ്റപ്പെടുത്തി. ചേച്ചിക്കു കൂടി ഞാൻ ബുദ്ധിമുട്ടായി....

*കോടതി വിധിയെപ്പറ്റി എന്താണ് മോൾക്ക് പറയാനുള്ളത്?*

ബഹു.ഹൈക്കോടതി എന്നെക്കൂടി വിചാരണ ചെയ്യട്ടെ. പ്രതികൾക്ക് പറയാനുള്ളത് മാത്രമേ കോടതി കേട്ടുള്ളൂ. അവരെന്നെ കേട്ടില്ല. നാൽപത്തിയൊന്നു ദിവസം ഞാൻ സഹിച്ച വേദനകൾ ഹൈക്കോടതിയിലും ഏതു കോടതിയിലും വന്നുനിന്നു പറയാൻ ഞാൻ തയ്യാറാണ്. സ്പെഷ്യൽ കോടതിയിൽ ഞാനതൊക്കെ പറഞ്ഞതുകൊണ്ടാണ് കുറച്ചെങ്കിലും നീതികിട്ടിയത്.

പ്രതികളിൽ ചിലരെ ഞാൻ സ്പെഷ്യൽ കോടതിയിൽ വെച്ച് തിരിച്ചറിഞ്ഞില്ല. അവരൊക്കെ മുഖം മീശയും മറ്റും മാറ്റിയാണ് വന്നിരുന്നത്. എന്നെ ഉപദ്രവിച്ച ബാജിയുടെ പേര് പ്രതിസ്ഥാനത്ത് ചേർത്തിട്ടില്ല. ഒരു വലിയ പോലീസ് ഉദ്യോഗസ്ഥൻ അന്നു തന്നെ അയാൾക്കു വേണ്ടി പറഞ്ഞു. അയാൾ ഞാൻ പറഞ്ഞ ദിവസം കുമിളിയിൽ വരാൻ സാധ്യതയില്ലെന്ന് പോലീസ് പറഞ്ഞു. അയാളെയൊക്കെ വെറുതെവിട്ടാൽ ഇനിയും ഈ തെറ്റ് ആവർത്തിക്കും. അയാളെപ്പോലുള്ളവർ അധികാരത്തിലെത്തിയാൽ അത് ദുരുപയോഗം ചെയ്യും. അതിന്റെ തെളിവല്ലേ ഹൈക്കോടതി വിധി?

ഈ പെൺകുട്ടിക്ക് കോടതിയുടേയും നിയമത്തിന്റേയും സാങ്കേതികതകൾ അറിയില്ല. എങ്കിലും തനിക്ക് നീതി ലഭിച്ചില്ലെന്ന് അവളറിയുന്നു.

*മുഖം ലോകത്തിനു മുമ്പാകെ കാണിക്കാൻ താത്പര്യമുണ്ടോ?*

ഇല്ല. ആരും എന്റെ മുഖം കാണുന്നത് എനിക്കിഷ്ടമല്ല.

ഞാനത് ഇഷ്ടപ്പെടുന്നില്ല. പേടിയാണ്.

*ഒരു വിവാഹജീവിതം ആഗ്രഹിക്കുന്നുവോ?*

പേടിയാണ്. എല്ലാവരുടേയും സ്വഭാവം എപ്പോഴാണ് മാറുന്നതെന്ന് പറയാൻ പറ്റില്ലല്ലോ? നാട്ടുകാർ പറയുന്നതു കേട്ട് അയാൾക്കെന്തെങ്കിലും തോന്നിയാലോ?

അതൊക്കെയോർക്കുമ്പോൾ എന്തെങ്കിലും കടുംകൈ ചെയ്യാൻ തോന്നും.

*ഒരു കുഞ്ഞുണ്ടാകുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?*

ഇപ്പോൾ എല്ലാം പേടിയാണ്. കൊച്ചുണ്ടായാൽ നിന്റെ അമ്മ ഇങ്ങനെയൊക്കെയായിരുന്നവെന്ന് എല്ലാവരും അതിനോട് പറയില്ലേ? എന്റെ കുട്ടിക്കും ഇങ്ങനെ വരില്ലെന്നതിന് എന്താണൊരുറപ്പ്?

*പെൺകുട്ടികളോട് എന്തെങ്കിലും പറയാനുണ്ടോ?*

ഇത് എന്റെ മാത്രം പ്രശ്നമല്ല. എല്ലാ പെൺകുട്ടികൾക്കും സംഭവിക്കാം.

ഇവളുടെ ഈ തിരിച്ചറിവുകൾ കേരളത്തിലെ പൊതുസമൂഹത്തിന്റെ ഗുണമോ ദോഷമോ നമ്മുടെ ഭാഗ്യനിർഭാഗ്യമോ.

**(ഗീതയുടെ 'അന്യായങ്ങൾ' എന്ന പുസ്തകത്തിൽ നിന്ന്)** ○

ഉപ്പും മുളകും

# വീണ്ടും സൂര്യനെല്ലി



ഗീത

പെൺവാണിഭകേസുകൾ നിയമത്തിനു മുമ്പാകെയെത്തിക്കാൻ നിമിത്തമായ ഒരു പതിനാറുകാരിയെ നമ്മൾ പെണ്ണുങ്ങളെങ്കിലും മറക്കാൻ പാടില്ലാത്തതാണ്. കാരണം അവൾ അക്ഷരാർത്ഥത്തിൽ ഒരു പോരാളിയാണ്. പെണ്ണിന്റെ ആത്മാഭിമാനവും അന്തസ്സും നീതിപീഠത്തിനു മുമ്പാകെ ഉയർത്തിപ്പിടിക്കാൻ ശേഷി തെളി.ച്ച ഒരു യഥാർത്ഥ പോരാളി. ആ പോരാളിയെ നമ്മൾ സൂര്യനെല്ലിപെൺകുട്ടി എന്നു വിളിച്ചു വരുന്നു.

1996 ജനുവരി 16ന് സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്ത കൂട്ടുകാരനോടൊപ്പം ജീവിക്കാൻ നിശ്ചയിച്ചു വീടുവിട്ടിറങ്ങിയ അവൾക്ക് എന്തുസംഭവിച്ചു? വലിയ പെൺവാണിഭസംഘത്തിന്റെ ഒരു കണ്ണി മാത്രമായിരുന്നു ആ കള്ളക്കാമുകൻ. അവനവളെ അതിവിദഗ്ദ്ധമായി മാംസക്കച്ചവടക്കാർക്കെത്തിച്ചു. 16.1.1996ന് കോട്ടയം മെട്രോ ലോഡ്ജിൽ വെച്ച് ധർമ്മരാജൻ എന്ന വക്കീൽ അവളെ അതിക്രൂരമായി ബലാത്സംഗം ചെയ്തു. അവളെയും രക്ഷിതാക്കളെയും കൊന്നുകളയുമെന്നു ഭീഷണിപ്പെടുത്തി അയാൾ അവളുടെ ചെറുത്തുനിൽപ്പുകളെ നിഷ്പ്രഭമാക്കി. പിന്നീട് നാല്പതുദിവസങ്ങൾ. വക്കീലന്മാർ, കോളേജ് അധ്യാപകർ, സർക്കാർ ജീവനക്കാർ, കൂലിപ്പണിക്കാർ, റെയിൽവെജീവനക്കാർ, രാഷ്ട്രീയക്കാർ, എം.പി. വരെ... അതെ സമൂഹത്തിലെ എല്ലാ ശ്രേണിയിലും പെട്ട പുരുഷന്മാർ അവളെ ഏകപക്ഷീയമായി ബലാത്സംഗം ചെയ്തു. തന്റെ വിലാസം പറഞ്ഞുകൊണ്ട് അച്ഛനേക്കാൾ പ്രായമുള്ളവരുടെ കാൽക്കൽ വീണ് കരഞ്ഞ് രക്ഷിക്കണേയെന്നവൾ അപേക്ഷിച്ചു. നിരന്തരമായ ശാരീരിക മർദനത്താലും മാനസികസമ്മർദത്താലും അവശയും രോഗിയുമായി തളർന്നുവീണ അവളെ തിരിച്ചു വരണമെന്ന വ്യവസ്ഥയിൽ 100 രൂപ നൽകി ധർമ്മരാജൻ തിരിച്ചയച്ചു. 1996 ഫെബ്രുവരി 26ന് അതിദയനീയയും അതിലേറെ അപമാനിതയുമായി അവൾ അച്ഛനടുത്തു തിരിച്ചെത്തി. അങ്ങനെയാണ് കേട്ടു പഴകിയ സൂര്യനെല്ലി കേസിനാസ്പദമായ എഫ്.ഐ.ആർ തയ്യാറായത്.

2000ത്തിലുണ്ടായ കോട്ടയം സ്പെഷ്യൽ കോടതി വിധി നിയമചരിത്രത്തിലെ നാഴികക്കല്ലായി മാറി. അതിനെ നിർവീര്യമാക്കിക്കൊണ്ട് 2005ൽ ബഹു കേരളാഹൈക്കോടതി വിധി പുറത്തുവന്നു. കുട്ടിയുടെ സ്വഭാവഹത്യ നടത്തി പ്രതികളെ സംരക്ഷിച്ച പ്രസ്തുതവിധി കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ കറുത്ത ഏടായി അറിയപ്പെടുന്നു. പത്തുവർഷത്തിനു ശേഷം പ്രതികൾക്കു ജാമ്യം നിഷേധിച്ചുകൊണ്ടെങ്കിലും അവരെ ഫലത്തിൽ സംരക്ഷിച്ചുകൊണ്ട് ബഹു സുപ്രീംകോടതിയിൽ നിന്നു പുറത്തു പരാമർശം അക്ഷരാർത്ഥത്തിൽ 2005ലെ കേരളാഹൈക്കോടതി വിധിയെ പിന്തുടരുന്നതാണ്. പെൺകുട്ടിയുടെ സ്വഭാവഹത്യ നടത്തി അവൾക്കു വേണമെങ്കിൽ രക്ഷപ്പെടാമായിരുന്നുവെന്ന 2015 ഒക്ടോബർ 13ലെ സുപ്രീംകോടതി പരാമർശം ഇന്ത്യയിലെ സ്ത്രീസമൂഹത്തെ എങ്ങനെയാവും ബാധിക്കുക?

കോളിളക്കം സൃഷ്ടിച്ച ദെൽഹി സംഭവത്തിനു ശേഷം ദെൽഹിയിലെ പൊതുഇടങ്ങളിൽവെച്ച് എത്രയോ പെൺമക്കൾ അതിക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ടു. സംശയമില്ല ബന്ധപ്പെട്ടവരുടെ മനോഭാവവും നിലപാടും ഇതിനു ധൈര്യം പകരാനൊരു കാരണമായിട്ടുണ്ട്.

പെണ്ണിന്റെ അന്തസ്സുയർത്തിപ്പിടിക്കാനും നീതിക്കും വേണ്ടി കഴിഞ്ഞ 20 വർഷക്കാലമായി ഒരുവൾ നടത്തുന്ന പോരാട്ടത്തിന്റെ പ്രതിഫലം ഇങ്ങനെയാണോ ഒരു രാഷ്ട്രം നൽകേണ്ടിയിരുന്നത്? സ്ത്രീകളെ.ും അവരുടെ പോരാട്ടങ്ങളെയും ബഹുമാനിക്കുകയും അവരുടെ അന്തസ്സുയർത്തിപ്പിടിക്കുകയും വേണ്ടിയിരുന്ന ബഹു സുപ്രീംകോടതിയെ ഇത്തരത്തിൽ മനുഷ്യാവകാശലംഘനപരമായ ഒരു പരാമർശത്തിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയായിരിക്കും ? ഭരണസിരാകേന്ദ്രങ്ങളിലും നിയമകേന്ദ്രങ്ങളിലും ഇപ്പോഴും സുരക്ഷിതമായി നിലനിൽക്കുകയും നമ്മെയൊന്നാകെ അടക്കി ഭരിക്കാൻ അധികാരമാർജ്ജിക്കുകയും ചെയ്ത സ്ത്രീവിരുദ്ധതയിലേക്കു മാത്രമല്ല മനുഷ്യവിരുദ്ധതയിലേക്കു കൂടിയുള്ള സൂചനയാണ് ഈ പരാമർശം. ഇത് ഏതോ ഒരു സൂര്യനെല്ലി പെൺകുട്ടിക്കു മാത്രം എതിരായ പരാമർശമല്ല. ഈ നാട്ടിലെ പെണ്ണുങ്ങളെ ഒന്നടങ്കം അരക്ഷിതമാക്കുന്ന ഏകപക്ഷീയമായ അധികാരപ്രയോഗമാണ്. ○



# വാസ്തവം



ഡോ.ജാൻസി ജോസ്

മനുഷ്യകുലത്തിന്റെ മഹിമയും അഭിമാനവുമെല്ലാം എവിടെപ്പോയി. ഇന്ന് അച്ഛനേയും അമ്മയേയും പോലും മാറ്റിയെടുക്കാൻ ആർക്കും ഒരു മടിയുമില്ല. ചിലർ പശുവമ്മയേയും പോത്തച്ഛനേയും അംഗീകരിച്ചു കഴിഞ്ഞു. മറ്റു ചിലർ മനുഷ്യൻ ചത്താലും പട്ടിക്കൊന്നും പറ്റരുതെന്ന് ആഗ്രഹിക്കുന്നു. പാരമ്പര്യം തുറന്ന് സമ്മതിക്കുന്നവർക്ക് കാലെത്ര കൊമ്പെത്ര എന്നന്വേഷിക്കുന്ന കാലം വന്നിരിക്കുന്നു. രാജ്യസ്നേഹിയാണോ എന്നറിയാൻ കാലും കൊമ്പും തിട്ടപ്പെടുത്തിയാൽ മതിയെന്ന സൗകര്യം കടന്നുവന്നേക്കാം. ഇന്ന് രാജ്യത്തുടനീളം ചർച്ചകൾ പശുവിനെ പോറ്റണോ പെണ്ണിനെ പോറ്റണോ; പട്ടിയെ കൊല്ലണോ മനുഷ്യനെ കൊല്ലണോ എന്നീ വിഷയങ്ങളിലാണ്. നാട്ടിലുണ്ടാകുന്ന ഏതു വിഷയത്തിനും പ്രതികരണവും എതിർപ്പും വിപ്ലവവുമൊക്കെ പൊടിപൊടിക്കും. എന്നാൽ ആഴ്ചയിൽ രണ്ടുംമൂന്നും പെൺകുട്ടികളെ ബലാത്സംഗം ചെയ്യുകയും കൊല്ലുകയും ചെയ്താൽ എത്രപേർ ചേർന്ന് ചെയ്താലാണ് 'കൂട്ടബലാത്സംഗം' ആവുക എന്നാണ് ചർച്ച ചെയ്യുന്നത്.

കൂട്ടബലാത്സംഗത്തിന് കാരണം മൊബൈൽ ഫോണിന്റെ വർദ്ധനവാണെന്ന് ശ്രേഷ്ഠരു തന്നെ പറഞ്ഞും വെക്കുന്നു. പശുവിറച്ചി തിന്നുന്നതിനും തിന്നാത്തതിനും പ്രശ്നമെന്താണ് എന്നറിയില്ല. പശു തന്നെ പശുവിന്റെ ഇറച്ചി തിന്നാലെ പ്രശ്നമുള്ളൂ എന്നാണ് എന്റെ പക്ഷം. കാരണം നമുക്കും കിട്ടണം ഇറച്ചി! ദളിതരേയും സ്ത്രീകളെയും മാംസഭുക്കുകളേയുമെല്ലാം അടിച്ചു തുരത്താനുള്ള ആരുടെയൊക്കെയോ ശ്രമം നമ്മുടെ നാട് നരഭോജികളുടെ നാടാക്കി മാറ്റും. എന്തായാലും കൊച്ചു കുട്ടികളടക്കം നിരവധി പെൺകുട്ടികളെ അടിക്കടി ബലാത്സംഗം ചെയ്തിട്ടും ഒരക്ഷരം മിണ്ടാൻ ആളില്ല. പട്ടി പ്രശ്നവും ഇറച്ചി പ്രശ്നവും ചർച്ച ചെയ്ത് മുന്നോട്ടു പോകുന്നു. പ്രതികാരം പ്രത്യയശാസ്ത്രമായി മാറുന്നതിനുള്ള സൂചന കണ്ടു തുടങ്ങി എന്നുവേണം പറയാൻ. പതിമൂന്നുകാരി തന്റെ ശത്രുവിന്റെ മകനെ കൊന്നും പതിനെട്ടുകാരി സ്റ്റേഷന്റെ മുന്നിൽ തൂങ്ങിമരിച്ചും പ്രതികാരം ചെയ്തു. കുട്ടികളാണെങ്കിലും ആരൊക്കെയോ ചെയ്യേണ്ടതും പറയേണ്ടതും അവർ തന്നെ ഏറ്റെടുത്തു നടത്താനുള്ള പുറപ്പാടിലാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്തോനേഷ്യയിലെ നിയമം ഇവിടെ കൊണ്ടുവന്നാൽ പണം കൊടുത്ത് വാങ്ങുന്നവരെയോ ഭീഷണിപ്പെടുത്തി വരുതിയിൽ വരുത്തുന്നവരെ മാത്രം ഷണ്ഡന്മാരാക്കേണ്ടി വരും. കുറ്റവാളികളെല്ലാം രക്ഷപ്പെടുകയും ചെയ്യും. ബീഫും തിന്ന് സമത്വോം പറഞ്ഞ് നടന്നിട്ടും സംസ്ക്കാരസമ്പന്നരൊന്നും ഇവിടെ കോഴിക്കോടും അടുത്തടുത്തിരുന്ന് പഠിക്കാൻ പോലും ആൺകുട്ടികളെയും പെൺകുട്ടികളെയും അനുവദിക്കുന്നില്ല (ഫാറൂഖ് കോളേജിലെ വിഷയം) എന്നതും ആശ്ചര്യം തന്നെ. എന്തായാലും ആർ.എസ്.എസ് മേധാവി പറഞ്ഞപോലെ ഇന്ത്യയുടെ യശസ്സ് വർദ്ധിക്കാൻ ഇതൊക്കെ തന്നെ ധാരാളം. ○

## കേസ് ഡയറി





സ്മിത

ഒരു ദിവസം ഉച്ചയ്ക്ക് അന്വേഷിയിലേക്ക് വളരെയധികം ആകുലതയോടെ ഒരു ഫോൺകോളെത്തി. കോഴിക്കോടുള്ള ഒരു ബാങ്കിൽ നിന്നായിരുന്നു അത്. അവർ വളരെ വിഷമത്തോടെ പറഞ്ഞ കാര്യമിതായിരുന്നു. "മാഡം,അല്പം ഓർമ്മക്കുറവുള്ള 70 വയസ്സുള്ള ഒരു റിട്ടയേർഡ് ടീച്ചർക്ക് ഇവിടെ അക്കൗണ്ട് ഉണ്ട്. അതിൽ നിന്ന് നിരന്തരം പണം പിൻവലിക്കുന്നുണ്ട്. അവരോട് അന്വേഷിച്ചപ്പോൾ കൃത്യമായ മറുപടിയൊന്നും കിട്ടുന്നില്ല. അവരുടെ സ്ഥിതി വളരെ മോശമാണെന്നു തോന്നുന്നുഎന്നും പറഞ്ഞ് ബാങ്കിലുള്ള അവരുടെ പേരും അഡ്രസ്സും തന്നു. മറ്റു വിശദാംശങ്ങളൊന്നും അവർക്കറിയില്ല. ഈ വിവരം തന്നത് ബാങ്കുകാരാണെന്ന് ആരോടും പറയരുതെന്നും പറഞ്ഞു.

ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷിയിലെ കമ്മ്യൂണിറ്റിവർക്കേഴ്സുമായി കാര്യങ്ങൾ ചർച്ച ചെയ്തു. അവരുടെ പരിചയത്തിന്റെ അടിസ്ഥാനത്തിൽ അവർ പോയന്വേഷിച്ച് കണ്ടുപിടിക്കാമെന്നു പറഞ്ഞു. അവർ ആ പ്രദേശത്തുള്ള വീടുകളിൽ അന്വേഷിച്ചു. ടൗണിന്റെ ഉള്ളിലായതുകൊണ്ട് ആ പ്രദേശത്തുള്ള വീട്ടുകാർക്കൊന്നും ടീച്ചറെ അറിയില്ലായിരുന്നു. അവർ അവിടെ പുതിയ താമസക്കാരായിരുന്നു. എന്നാൽ അവരുടെ അന്വേഷണത്തിൽ നിന്ന് ചില കാര്യങ്ങൾ ഉരുത്തിരിഞ്ഞു കിട്ടി. അയൽപക്കത്തെ വീടുകളിൽ അന്വേഷിച്ചു. അങ്ങനെ ടീച്ചറുടെ വീട് കണ്ടുപിടിച്ചു. അവിടെ അവർ കണ്ട കാഴ്ച ആരുടെയും കരളലിയിക്കുന്നതായിരുന്നു. വാർദ്ധക്യം ഒരു ശാപമായി കാണപ്പെട്ടു. അവർ റിപ്പോർട്ട് ചെയ്തത് ഒരു വൃത്തിയുമില്ലാതെ കുളിക്കാതെ ഭക്ഷണം കഴിക്കാതെ ആകെ നാറിക്കൊണ്ടുള്ള ഒരു മനുഷ്യരൂപം അവിടെ സൈഡിലുള്ള ഒരു റൂമിൽ കട്ടിലിൽ കിടക്കുന്നു. കുളിച്ചിട്ട് എത്രയോ ദിവസമായി. കിടക്കുന്ന കട്ടിലിന്റെ സമീപത്തുള്ള ജനലിൽ മുഴുവൻ തുപ്പലിന്റെ അവശിഷ്ടം. ആ വീടു മുഴുവൻ നാറുന്നുണ്ടായിരുന്നു എന്നാണ് പറഞ്ഞത്. അവിടെ ടീച്ചറെ നോക്കാനായി ഒരു ഹോംനേഴ്സ് ഉണ്ടായിരുന്നുവെത്രെ. അവർ കുളിച്ചു സുന്ദരിയായി ടീച്ചറുടെ ബെഡ്റൂമിൽ കഴിയുന്നതാണ് കണ്ടത്. നമ്മുടെ കമ്മ്യൂണിറ്റി വർക്കേഴ്സ് സൗമ്യതയോടെയും ശാസനയുടെ സ്വരത്തിലും അല്പം ഭീഷണിയായും ഹോംനേഴ്സിനോട് സംസാരിച്ചു. ടീച്ചറെ നോക്കേണ്ടതിനെക്കുറിച്ചും ചികിത്സിക്കേണ്ടതിനെക്കുറിച്ചും അങ്ങനെ ചെയ്തില്ലെങ്കിലുള്ള ഭവിഷ്യത്തിനെക്കുറിച്ചും അവരെ ബോധവതിയാക്കി. ആദ്യം എതിർത്തു സംസാരിച്ചുവെങ്കിലും പിന്നീടവർ അംഗീകരിച്ചു.

വിശദമായി കാര്യങ്ങൾ അറിയുന്നതിനായി റെസിഡന്റ്സ് അസോസിയേഷനിലും തൊട്ടടുത്ത വീട്ടിലും അന്വേഷിച്ചു. ടീച്ചറും ഭർത്താവും ഗവൺമെന്റ് സർവ്വീസിൽ ആയിരുന്നു. അവർക്ക് കുട്ടികളില്ല. ഒരുപാട് സ്വത്തും നല്ല

ബാങ്ക്ബാലൻസും ഉണ്ടായിരുന്നു. സ്വത്തിന്റെ കാര്യത്തിലുള്ള തർക്കം കാരണം ബന്ധുക്കൾ അകന്നു. തൊട്ടടുത്ത താമസിക്കുന്ന സ്വന്തം സഹോദരിപോലും ടീച്ചറുടെ കാര്യത്തിലിടപെടില്ലായിരുന്നു. ഭർത്താവ് മരിച്ചതിനു ശേഷം ടീച്ചർ തനിച്ചായി. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ടീച്ചർ ബാത്ത്റൂമിൽ വീണു. അന്ന് ആശുപത്രിയിൽ പോയപ്പോൾ പരിചയപ്പെട്ട ഒരു ചെറുപ്പക്കാരൻ പിന്നീട് ടീച്ചറുടെ രക്ഷകനായി വന്നു. കിടപ്പിലായ ടീച്ചറുടെ കാര്യങ്ങൾ അന്വേഷിക്കുകയും നിരന്തരം വീട്ടിൽ വരുകയും എല്ലാ കാര്യവും ഉത്തരവാദിതത്വത്തോടെ ചെയ്യുകയും ചെയ്തു. അയാളുടെ പരിചയക്കാരിയാണ് ഹോംനേഴ്സ്. അയൽക്കാർ പറഞ്ഞത് അവിടെ അനാശാസ്യപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നാണ്. ടീച്ചറെ ഭീഷണിപ്പെടുത്തിയും മറ്റും ഇയാൾ പൈസയും ആഭരണങ്ങളുമൊക്കെ കൈക്കലാക്കാൻ തുടങ്ങി. മറവി രോഗമുള്ള ടീച്ചർക്കാണെങ്കിൽ ഒന്നും ഓർമ്മയില്ല. ടീച്ചറുടെ സ്വന്തം മുറിയിൽ നിന്നു തന്നെ ടീച്ചറെ മാറ്റി. ആ വീടു മുഴുവൻ അവർ ഉപയോഗിക്കാൻ തുടങ്ങി. ഈ അവസരത്തിലാണ് അന്വേഷിയിൽ പരാതി കിട്ടിയത്. ടീച്ചർക്ക് വേണ്ട ആശ്വാസവും ധൈര്യവും പകർന്നു നൽകി. എപ്പോൾ എന്തു ബുദ്ധിമുട്ടുണ്ടായാലും അറിയിക്കാൻ പറഞ്ഞു. ആ വാക്കുകൾ ടീച്ചർക്ക് ആശ്വാസമായിരുന്നു. ആരൊക്കെയോ ഉണ്ടെന്ന തോന്നൽ അവരെ ജീവിക്കാൻ പ്രേരിപ്പിച്ചു. ഇനി

ടീച്ചറെ ഭീഷണിപ്പെടുത്തിയും മറ്റും ഇയാൾ പൈസയും ആഭരണങ്ങളുമൊക്കെ കൈക്കലാക്കാൻ തുടങ്ങി. മറവി രോഗമുള്ള ടീച്ചർക്കാണെങ്കിൽ ഒന്നും ഓർമ്മയില്ല. ടീച്ചറുടെ സ്വന്തം മുറിയിൽ നിന്നു തന്നെ ടീച്ചറെ മാറ്റി. ആ വീടു മുഴുവൻ അവർ ഉപയോഗിക്കാൻ തുടങ്ങി. ഈ അവസരത്തിലാണ് അന്വേഷിയിൽ പരാതി കിട്ടിയത്. ടീച്ചർക്ക് വേണ്ട ആശ്വാസവും ധൈര്യവും പകർന്നു നൽകി.

യെന്നെ തട്ടിക്കളിക്കാൻ പറ്റില്ല എന്ന ഭാവത്തോടെയാണ് അന്നവർ ഹോംനേഴ്സിനെ നോക്കിയത്.

അടുത്ത ആഴ്ച വീണ്ടും അന്വേഷിയുടെ പ്രവർത്തകർ അവിടെ ചെന്നു. അപ്പോൾ സ്ഥിതി കുറച്ച് മെച്ചപ്പെട്ടിട്ടുണ്ടായിരുന്നു. മൂത്രത്തിന്റെ നാറ്റമില്ല. ടീച്ചറെ കുളിപ്പിച്ച് വൃത്തിയായി കിടത്തിയിട്ടുണ്ട്. അന്ന് ടീച്ചർ കുറച്ചു കാര്യങ്ങൾ തുറന്നു സംസാരിച്ചു. എന്നാൽ അടുത്ത ദിവസം തന്നെ ഇതിനു വിരുദ്ധമായി അന്വേഷിയിലേക്ക് ടീച്ചറുടെ ഒരു കോൾ വന്നു. അതിന്റെ ചുരുക്കം ഇതാണ്. "എനിക്കൊരു പ്രശ്നവുമില്ല, എന്റെ കാര്യത്തിൽ ആരും ഇടപെടണ്ട." ഇതു ടീച്ചറെ ഭീഷണിപ്പെടുത്തി പറയിപ്പിച്ചതാണെന്ന് വ്യക്തമായിരുന്നു.

അന്വേഷിപ്രവർത്തകരുടെ തന്ത്രപൂർവ്വമായ ഇടപെടലിലൂടെ കാര്യങ്ങൾ കൂടുതൽ മനസ്സിലായി. അന്വേഷിപ്രവർത്തകർ ഫോൺ ചെയ്യാൻ പ്രേരിപ്പിച്ച വ്യക്തിയെ പോയി കണ്ട് അന്വേഷിയിലേക്ക് വരാൻ പറഞ്ഞു. അയാൾ വരികയും ടീച്ചർക്ക് അയാൾ ചെയ്ത ഉപകാരങ്ങൾ ബോധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. അതിൽ നിന്നും അയാളുടെ ഉദ്ദേശം വ്യക്തമായി. അന്വേഷി ഏകദേശം ഒരു വർഷത്തോളം നിരന്തരം ടീച്ചറുടെ വീട്ടിൽ പോയി കാര്യങ്ങൾ അന്വേഷിച്ചു. റസിഡന്റ്സ് അസോസിയേഷനുമായും ബന്ധപ്പെട്ടുകൊണ്ടിരുന്നു. ടീച്ചർക്ക് മരുന്നും ഭക്ഷണവും ശുശ്രൂഷയും കിട്ടി. കുറച്ചു കാലം കഴിഞ്ഞപ്പോൾ പ്രശ്നങ്ങൾ വീണ്ടും തലപൊക്കാൻ തുടങ്ങി. സ്വത്ത് തട്ടിയെടുക്കാനുള്ള ശ്രമമായിരുന്നു അതിന്റെയൊക്കെ പിന്നിൽ. ഈ അവസരത്തിൽ അന്വേഷി ജനകീയ പോലീസിന്റെ സഹായം തേടി. അവർ ടീച്ചറുടെ സഹായിയെ വിളിച്ച് താക്കീത് നൽകി. ബീറ്റ് പോലീസിനെ അന്വേഷിക്കാൻ ഏർപ്പാടാക്കി. അപ്പോഴേക്കും ഉള്ളതൊക്കെ എടുത്ത് ഇയാൾ ടീച്ചറെ ഉപേക്ഷിച്ച് സ്ഥലം വിട്ടു. പോലീസ് ടീച്ചറെ വൃദ്ധസദനത്തിലാക്കി. കുറച്ചു കാലം കഴിഞ്ഞപ്പോൾ ടീച്ചർ മരിച്ചു. തന്റെ സ്വത്തിനെക്കുറിച്ചും സമ്പാദ്യത്തെക്കുറിച്ചും അവർക്ക് കൃത്യമായ കണക്കില്ലായിരുന്നു. ടീച്ചർക്ക് വേണ്ടി കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്. ○

രാഷ്ട്രീയനിരീക്ഷണം



ജ്യോതിനാരായണൻ

ഈ കുറിപ്പ് കയ്യിൽ കിട്ടുമ്പോഴേക്കും കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലം പ്രഖ്യാപിച്ചിട്ടുണ്ടാവും. UDF സ്ഥാനാർത്ഥിയായി വിജയിച്ചവർ, LDF സ്ഥാനാർത്ഥിയായി വിജയിച്ചവർ, കേന്ദ്രത്തിലെ ഭരണത്തിന്റെ സ്വാധീനത്തിൽ ജയിച്ച ബി.ജെ.പി. സ്ഥാനാർത്ഥികൾ. ഇതിലൊന്നും സീറ്റു കിട്ടാത്തതുകൊണ്ട് 'റബലു' കളുമായി മത്സരിച്ച് ജയിച്ചവർ. ഈ കണക്കുകളാണ് തെരഞ്ഞെടുപ്പ് ഫലം നൽകുന്നത്. ഏകദേശം 21871 തദ്ദേശഭരണ വാർഡുകളിൽ 75549 സ്ഥാനാർത്ഥികളിൽ 37281 സ്ത്രീകളാണ് മത്സരിക്കുന്നത്. ഇന്നത്തെ സാമൂഹ്യ സാഹചര്യത്തിൽ ഇത്രയും സ്ത്രീകൾ വീടിന് വെളിയിലിറങ്ങി മറ്റ് മനുഷ്യരോട് ഇടപഴകുന്നു എന്നത് ശ്രദ്ധേയമായ കാര്യം തന്നെയാണ്. എന്നാൽ രാഷ്ട്രീയമായി നയപരമായി മുൻഗണനാക്രമത്തിൽ ഒന്നും ഗുണപരമായ ഒരു മാറ്റം ഈ സ്ത്രീ സാന്നിദ്ധ്യം കൊണ്ട് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാനാവുന്നില്ല. കാരണം പാർട്ടികൾ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കാൻ തെരഞ്ഞെടുത്തതുതന്നെ മുഖ്യധാരാ രാഷ്ട്രീയപാർട്ടി പ്രവർത്തകരുടെ ബന്ധുമിത്രാതികളേയും അനുസരണാശീലമുള്ളവരെയുമാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് 50% സംവരണം നടപ്പാക്കിയതോടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ സ്ത്രീസ്ഥാനാർത്ഥികൾക്കായി 'ഓടി നടക്കുന്നു' എന്ന സംസാരം എന്തുകൊണ്ട് കേരളത്തിൽ ഉണ്ടായി? സമ്പൂർണ്ണസാക്ഷരതയുള്ള ആയിരക്കണക്കിന് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ ലക്ഷക്കണക്കിന് ഗ്രാജുവേഷൻ, പോസ്റ്റ് ഗ്രാജുവേഷൻ വിദ്യാഭ്യാസവും പത്താംക്ലാസ്സ് പാസ്സായവരുമടക്കം സ്ത്രീകൾ ഉള്ള സംസ്ഥാനമാണ് കേരളം. പോരാത്തതിന് ഫേസ്ബുക്ക് അടക്കമുള്ള നവമാദ്ധ്യമങ്ങളിലും മറ്റ് വേദികളിലും സ്വതന്ത്രമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും നിലപാടുകൾ വ്യക്തമാക്കുകയും ചെയ്യുന്ന ജനാധിപത്യബോധമുള്ള കഴിവുകൾ തെളയിക്കപ്പെട്ട നിരവധി സ്ത്രീകളെ കാണാം. രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് ഇവർ അന്യമാകുന്നത് എന്തുകൊണ്ടാണ്? സ്ത്രീസ്ഥാനാർത്ഥികളെ മാത്രമല്ല, ഓരോ പാർട്ടിയും പുരുഷസ്ഥാനാർത്ഥികളെ എങ്ങനെയാണ് തെരഞ്ഞെടുത്തത്? കൊലപാതകമടക്കമുള്ള ക്രിമിനൽകേസിൽ പ്രതിയായി വിചാരണനേരിടുന്നവരും, അഴിമതി ആരോപണവും സ്ത്രീവിരുദ്ധതയും ജനാധിപത്യബോധമില്ലാത്തവരുമൊക്കെയായിട്ടുള്ളവർ. ഇവർ ജയിച്ചു വന്നാൽ ആർക്കുവേണ്ടിയാണ് പ്രവർത്തിക്കുക? കേരളം പോലെ രാഷ്ട്രീയപാർട്ടി ധ്രുവീകരണം (highly political polarised) ആയ ഒരു സംസ്ഥാനത്ത് പാർട്ടികൾക്ക് അതീതമായി മത്സരിച്ച് വിജയിക്കുക എന്നത്



ദുഷ്കരമാണ്. അഥവാ 'റബലുകളു' ടെ സഹായത്തോടെ വിജയിച്ചാലും ഭരണരംഗത്ത് ഇവരെ തമസ്ക്കരിക്കാൻ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് അറിയാം. ആംആദ്മി, പെണ്ണൊരുമ തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്നും എന്തുകൊണ്ട് എന്നും പഠിക്കേണ്ടതാണ്. എല്ലാ രാഷ്ട്രീയപാർട്ടികളേയും തള്ളിക്കളഞ്ഞുകൊണ്ട് ഇവിടെ എല്ലാം ശരിയാക്കാം എന്ന് ചിന്തിക്കാനാവില്ല. എന്നാൽ നിലവിലുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനത്തേയും മനസ്സാക്ഷിയും തിരിച്ചറിവുമുള്ളവർക്ക് ഇതേ രൂപത്തിൽ സ്വീകരിക്കാനും കഴിയില്ല.

ഒരു പക്ഷേ 'കറക്ടീവ്' രാഷ്ട്രീയത്തിന് ഇടപെടാൻ ഏറ്റവും സാദ്ധ്യതയുള്ള ഒരു ഇടമായിരിക്കാം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ. അഴിമതി എന്നത് അധികാരത്തിന്റെയും ഭരണത്തിന്റേയും പര്യായമായി മാറിയിരിക്കുകയാണ്. കേന്ദ്രത്തിലും സംസ്ഥാനത്തും മാത്രമല്ല, നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങളിലും. ഓരോ പദ്ധതിയും രൂപംകൊള്ളുന്നത് തന്നെ തങ്ങളുടെ കൊള്ള ലാഭം ലക്ഷ്യമാക്കിയാണ്. അതിനെതിരായ ഏതു നിയമത്തേയും മറി കടക്കാൻ രാഷ്ട്രീയ ഉദ്യോഗസ്ഥ ഭരണകൂട്ടുകെട്ടും ചില ഇടനിലക്കാരുമുണ്ട്. പലപ്പോഴും അഴിമതികഥകൾ പുറത്തുവരുന്നതുതന്നെ പാർട്ടികൾ തമ്മിലും ഗ്രൂപ്പുകൾ തമ്മിലും വ്യക്തികൾ തമ്മിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ മാത്രമാണ്. അതുകൊണ്ട് ആരോപണങ്ങൾ അസത്യമോ അർദ്ധസത്യമോ യാഥാർത്ഥ്യമോ ആകാം. അഴിമതി ആരോപണം മറുഭാഗത്തിന്റെ അഴിമതി മൂടിവയ്ക്കാനുള്ള വിലപേശൽ ചീട്ടാണ്. അഴിമതിയിൽ പൊതുവിൽ ശിക്ഷിക്കപ്പെടാറില്ല. ശിക്ഷപ്പെടുന്നത് പലപ്പോഴും നിരപരാധികളായിരിക്കും. ചുരുക്കത്തിൽ അഴിമതി ആരോപണങ്ങൾ അത് തടയാനുള്ള മുൻകരുതലല്ല. അതിനോടുള്ള സമരസപ്പെടലിനാണ് വഴിയൊരുക്കുന്നതിന്ന്. ഇതിനെ ചോദ്യം ചെയ്യാൻ സന്നദ്ധരായ രാഷ്ട്രീയപ്രവർത്തകർക്കോ ഉദ്യോഗസ്ഥർക്കോ ആകുന്നില്ല.

ഇവർക്കെതിരെ പ്രലോഭനങ്ങളും ആരോപണങ്ങളും കള്ള ക്കേസുകളും ഭീഷണികളും ഉണ്ടാകുന്നു.

ജനങ്ങളാകട്ടെ സർക്കാരിൽ നിന്ന് ലഭിക്കുന്നതെല്ലാം ഭരിക്കുന്നവരുടെ ഔദാര്യമായി കണക്കാക്കി കിട്ടുന്നത് ലാഭം എന്ന മനോഭാവത്തിൽ എല്ലാ അഴിമതിയും കൈക്കൂലിയും പദ്ധതി നഷ്ടങ്ങളും സമ്മതിച്ചുകൊടുക്കുകയോ കൂട്ടുനില്ക്കുകയോ ചെയ്യുന്നു. പദ്ധതിയിലെ അഴിമതിയെ ചോദ്യം ചെയ്യുന്നതോടെ പദ്ധതികൾ തന്നെ ഇല്ലാതാക്കി ജനങ്ങളുടെ പ്രതിഷേധം സൃഷ്ടിക്കുന്നു.

കേരളത്തിൽ ഇപ്പോൾ പുതിയ ഭാരവാഹികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതല ഏറ്റെടുക്കുകയാണ്. സാമ്പത്തിക വർഷത്തെ പദ്ധതികൾ മുഴുവൻ രൂപീകരിക്കപ്പെടുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി പദ്ധികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ ഈ വർഷത്തെ പണം ലാപ്സ് ആയിപ്പോകാനിടയുണ്ട്. പുതിയതായി ചുമതലേയറ്റവർക്കും ഈ പദ്ധതി നടത്തിപ്പിനെപ്പറ്റി വലിയ പരിജ്ഞാനം ഉണ്ടാകണമെന്നില്ല. അഴിമതി ശീലമാക്കിയ ചില ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ഇടനിലക്കാരും പരമാവധി ചൂഷണം നടത്താനിടയുള്ള സമയമാണിത്. ജനങ്ങൾ ജാഗ്രതയോടെ തങ്ങളുടെ ആവശ്യങ്ങളെ തിരിച്ചറിയുകയും പ്രായോഗികമായി പദ്ധതികൾ രൂപീകരിക്കുന്നതിൽ ഇടപെടുകയും വേണം. വ്യക്തിപരമായ ആനുകൂല്യങ്ങൾക്കു വേണ്ടി മാത്രമല്ല, പൊതുവായ വികസനത്തിലും നയങ്ങളും നിലപാടുകളും രൂപീകരിക്കുന്നതിലും ഇടപെടണം. കുടിവെള്ളം, ഭക്ഷ്യസുരക്ഷിതത്വം, മാലിന്യസംസ്ക്കരണം, വെള്ളംകെട്ടൽ, കിടപ്പാടം, അടിസ്ഥാന ആരോഗ്യവിദ്യാഭ്യാസസൗകര്യങ്ങൾ, ജനങ്ങളുടെ സുരക്ഷിതത്വം, വിനോദസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്ക് ഭരണസ്ഥാപനം എങ്ങനെ പണം ചെലവഴിക്കണം എന്ന് പറയണം. സാധാരണ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ ഇന്ന് നാം വെട്ടിപ്പിടിച്ച് വെച്ചിരിക്കുന്ന സമ്പത്തും നമ്മുടെ എല്ലാമായി പറയുന്ന കുട്ടികളും നമുക്കന്യമാകും.

പ്രാദേശികഭരണത്തിലെ ഇടപെടൽ സംസ്ഥാനകേന്ദ്ര അന്തർദേശീയ ഭരണസംവിധാനങ്ങളിലെ ഇടപെടലിന് തുടക്കവും പരിചയവും സാദ്ധ്യതയുമാകുന്നു. കേരളത്തിൽ സ്ത്രീകൾക്ക് കിട്ടിയ അധികാരം ചില സങ്കുചിത രാഷ്ട്രീയപാർട്ടി നേതാക്കളോടല്ല മറിച്ച് അവർക്ക് വോട്ട് ചെയ്ത ജനങ്ങളോടാണെന്ന് തിരിച്ചറിയുകയും ഭരിക്കുകയും വേണം. ○

പ്രിസില മാത്യു



# കാണാൻ മറന്ന സ്വപ്നങ്ങൾ

ഒരുപാട് ദിവസങ്ങൾക്ക് ശേഷം ഇന്നാണ് അവൾക്ക് മഞ്ചാടിക്കുരു പെറുക്കാൻ സാധിച്ചത്. എന്നും ഉണ്ടാവും ഓരോരോ തടസ്സങ്ങൾ. അതിനെങ്ങനെയാ? പാത്തും പതുങ്ങിയും ആരും കാണാതെ വേണ്ടെ പൊറുക്കാൻ പോകാൻ. കെട്ടിച്ച് വിടാറായ ഒരു പെണ്ണ് മഞ്ചാടിക്കുരു പെറുക്കി നടക്കുന്നത് കണ്ടാൽ നാട്ടുകാർ കളിയാക്കും. മാത്രവുമല്ല, ഇക്കഥയെങ്ങാൻ വീട്ടുകാരറിഞ്ഞാൽ ഉണ്ടാകാൻ പോകുന്ന പുകിൽ സങ്കൽപ്പിക്കാൻ പോലും വയ്യ. പിന്നെയും ഉണ്ട് പ്രശ്നങ്ങൾ. നാട്ടിലെ ചില പിള്ളേരുണ്ട്, അവർ രാവിലെ തന്നെ ഇറങ്ങിക്കോളും മഞ്ചാടിക്കുരു പെറുക്കാൻ എന്നും പറഞ്ഞ്. അവർ വന്നാ പിന്നെ ഒന്നും ബാക്കി വെക്കില്ല എല്ലാം തൂത്ത് വാരി പെറുക്കി കൊണ്ടുപോകും. അല്ലെങ്കിലും അവർക്കെന്തിനാ മഞ്ചാടിക്കുരു? വെറുതേ കുപ്പിയിൽ ഇട്ട് വെക്കാൻ. അല്ലെങ്കിൽ അവിടെയും ഇവിടെയും ഇട്ട് കളയാൻ. എന്നാൽ അവളുടെ കാര്യം അങ്ങനെയാണോ?

എന്തൊക്കെയായാലും ഈ മഞ്ചാടിക്കുരു ശേഖരണവുമായി മുമ്പോട്ട് പോകാതെയിരിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ് അവൾക്കിപ്പോൾ.

ഇന്നെന്തായാലും കോളായിരുന്നു. കുറഞ്ഞത് ഒരു അഞ്ഞൂറെണ്ണമെങ്കിലും കിട്ടിക്കാണും. അടുത്ത ദിവസവും ഇത് പോലെ കിട്ടുകയാണെങ്കിൽ നന്നായിരുന്നു. എന്തായാലും എന്താ, താൻ തന്റെ ലക്ഷ്യത്തോട് അടുക്കുകയാണ്.

ഇങ്ങനെ ഓരോന്നും മനസ്സിൽ കണക്കുകൂട്ടി, ഒരു ചെറു പുഞ്ചിരിയോട് കൂടി അവൾ വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോൾ

അവൾ നേരെ പോയത് സ്വന്തം മുറിയിലേക്കാണ്. ആരെങ്കിലും കാണുന്നതിന് മുമ്പ് ഇതെല്ലാം ഒരിടത്ത് സൂക്ഷിച്ച് വെക്കണം. അതിനായി അവൾ കണ്ടെത്തിയത് പണ്ട് മാലയും വളയുമെല്ലാം സൂക്ഷിച്ച് വെക്കാൻ ഉപയോഗിച്ചിരുന്ന ഒരു കൊച്ചു മരപ്പെട്ടിയാണ്.

മഞ്ചാടിക്കുരു എല്ലാം പെട്ടിയിലാക്കിയിട്ട് അവൾ അലമാര തുറന്നു. നിറഞ്ഞ അലമാര; പല വേദികളിലും നൃത്തമാടി വാരിക്കൂട്ടിയ ട്രോഫികളും സർട്ടിഫിക്കറ്റുകളുമാണ് അത് നിറയെ. അലമാരയിലെ ഒരു തട്ടിൽ അലക്ഷ്യമായി ഇട്ടിരിക്കുന്ന ചിലങ്കകൾ ഒരു മൂലയിലേക്ക് മാറ്റി വെച്ചിട്ട്, അതിന്റെ സ്ഥാനത്ത് അവൾ ആ പെട്ടി സ്ഥാപിച്ചു.

ഈ ചിലങ്കകൾ ഇട്ട് അവൾ എത്രയോ വേദികളിൽ നൃത്തച്ചുവടുകൾ വെച്ചതാണ്. പക്ഷേ, ഇന്നതാ അവ ആർക്കും വേണ്ടാതെ കിടക്കുന്നു. വീണ്ടും ചിലങ്ക അണിയാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല, സാധിക്കാഞ്ഞിട്ടാണ്. മനസ്സിനാകെ ഒരു തളർച്ച. ഏകാഗ്രത ഇല്ലായ്മ. ഒന്നിനോടും പ്രത്യേകിച്ച് ഒരു താത്പര്യവും ഇല്ലായ്മ. നൃത്തം ചെയ്യുമ്പോൾ ചുവടുകൾ പിഴച്ച് പോകുന്നു.

മാലതി ചേച്ചിയാണ് പറഞ്ഞത് ചേച്ചിയുടെ ഭർത്താവിന്റെ വീടിനടുത്തുള്ള ഒരു അമ്പലത്തിൽ ആയിരത്തൊന്ന് മഞ്ചാടിക്കുരു വെച്ച് മനസ്സിരുത്തി പ്രാർത്ഥിച്ചാൽ ഏതാഗ്രഹവും സാധിക്കുമെന്ന്. അങ്ങനെയാണ് അവൾ അപ്പുറത്തുള്ള രമ ചേച്ചിയുടെ പറമ്പിൽ നിന്ന് മഞ്ചാടിക്കുരു പെറുക്കാൻ പോയി തുടങ്ങിയത്.

ആയിരത്തിഒന്നാമത്തെ മഞ്ചാടിക്കുരുവും പെറുക്കി തിരിച്ചു വരുന്ന വഴിക്കാണ് അവനും മറ്റേ പെൺകുട്ടിയും തമ്മിലുള്ള വിവാഹം ഉറപ്പിക്കാൻ പോകുന്നു എന്ന വാർത്ത അവളുടെ ചെവിയിൽ എത്തിയത്. അത് കേട്ട ഞെട്ടലിലും സങ്കടത്തിലും അവൾ പിറുപിറുത്തു.

“ഞാൻ തോറ്റു പോയല്ലോ ഭഗവാനെ”

ഒരു യുദ്ധത്തിൽ തോറ്റ് മടങ്ങുന്ന പടനായകനെ പോലെ തലയും താഴ്ത്തി അവൾ വീട്ടിലേക്ക് നടന്നു. ഇനി എന്ത്? വളരെ കാലം നെഞ്ചിലേറ്റി നടന്ന ഒരു സ്വപ്നമാണ് ഇപ്പോൾ തകർന്ന് തരിപ്പണമായത്. കുറേ കാലമായി ജീവിതവും സ്വപ്നവുമെല്ലാം അവൾക്ക് അവൻ ആയിരുന്നല്ലോ. ഇനി അവൾക്ക് മുമ്പിൽ ജീവിക്കാൻ തക്കതായ കാരണങ്ങൾ ഇല്ല, മുന്നോട്ട് നയിക്കാൻ പോന്ന സ്വപ്നങ്ങൾ ഇല്ല.

വീട്ടിൽ എത്തിയപ്പോൾ ധൃതിപിടിച്ച് അവൾ മുറിയിലേക്ക് പോയി. ആയിരത്തിഒന്നാമത്തെ മഞ്ചാടിക്കുരുവും പെട്ടിയിൽ ഇട്ട് വെക്കണം. എന്നിട്ട് അവയെ നോക്കി കുറേ നേരം ഇരിക്കണം. ജീവിതത്തിൽ നിന്ന് തന്നെ വിട്ടകന്ന് പ്രണയനൈരാശ്യത്തിന്റെയും വിഷാദത്തിന്റെയും പടുകുഴിയിൽ ആണ്ടിറങ്ങി ശിഷ്ടകാലം കഴിച്ച് കൂട്ടണം.

അവൾ അലമാര തുറന്നു. പെട്ടി പുറത്തെടുത്ത് സാവധാനം തുറന്നു. അത്ഭുതം! മഞ്ചാടിക്കുരുകൾ എവിടെ? അവയൊക്കെ ആരോ എടുത്ത് മാറ്റിയിരിക്കുന്നു. അതിന്റെ സ്ഥാനത്ത് ഇപ്പോൾ ഇരിക്കുന്നത് അവളുടെ പഴയ ചിലങ്കകൾ ആണ്! ഇന്നലെ രാത്രി വരെ ഇങ്ങനെ ഒരു മാറ്റം ഉണ്ടായിട്ടില്ല. രാവിലെ ആയപ്പോഴേക്കും ആരാണ് അവയൊക്കെ എടുത്ത് മാറ്റിയത്?

ചിലങ്കകൾ!

ഇവ ആയിരുന്നു അവളുടെ പ്രണയം. അവൻ അവളുടെ ജീവിതത്തിലേക്ക് കടന്ന് വരുന്നതിന് മുമ്പ് അതിന്റെ ചിലമ്പൽ ശബ്ദം അവളുടെ ലോകമാസകലം നിറഞ്ഞു നിന്നു. എന്നാൽ അവന്റെ വരവോട് കൂടി അതിനൊക്കെയും മാറ്റം വന്നു. പിന്നീട് എന്നോ ഒരിക്കൽ അവളുടെ ലോകവും സ്വപ്നവും എല്ലാം അവനായി മാറി. അതിന് ശേഷം അവൾ ചിലങ്കയുടെ ലോകത്തേക്ക് മടങ്ങിപ്പോയിട്ടില്ല. പുതിയ ലോകങ്ങൾ സ്വപ്നം കണ്ടിട്ടുമില്ല.

“കഷ്ടം ഒന്നും ഉപേക്ഷിക്കേണ്ടിയിരുന്നില്ല” ഒരു ദീർഘനിശ്വാസത്തോടെ ആരോടെന്നില്ലാതെ അ വൾ പറഞ്ഞു.

മനസ്സിലെ മരവിപ്പ്, അതിന്റെ വിങ്ങൽ പതിയെ അകലുന്നത് പോലെ അവൾക്ക് അനുഭവപ്പെട്ടു. ഒന്നും തന്നെ അവസാനിക്കാറായിട്ടില്ല. ഇത് ഒരു പുതിയ തുടക്കം മാത്രമാണ്. തന്റെ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായം ഇന്ന് ആരംഭിക്കുകയാണ്. നിറയെ സ്വപ്നങ്ങളും പ്രത്യാശകളുമുള്ള ഒരു ജീവിതത്തിന്റെ ആരംഭം. വീറോടും വാശിയോടും കൂടി വെട്ടിപ്പിടിക്കാൻ തന്റെ മുമ്പിൽ ഒരു നൂറായിരം സ്വപ്നങ്ങൾ ഉണ്ട്.

പുറകിൽ ആരോ വന്ന് നിൽക്കുന്നത് അവൾ അപ്പോഴാണ് ശ്രദ്ധിച്ചത്. അവൾ അല്പം ഭയാശങ്കകളോടെ തിരിഞ്ഞു നോക്കി. അമ്മ! വാത്സല്യം തുളുമ്പുന്ന ഒരു ചിരിയുമായി അവളെ തന്നെ നോക്കി നിൽക്കുന്നു. വാത്സല്യഭാവം ഒട്ടും തന്നെ കൈവിടാതെ അവർ ചോദിച്ചു.

“ഇന്ന് തന്നെ വിളിക്കട്ടെ നിന്റെ ഡാൻസ് മാഷെ?” ○


റിപ്പോർട്ട്



സവിത

# ജീവിതവും സിനിമയും കോർത്തിണക്കി ഒരു ചലച്ചിത്രമേള


യാഥാർത്ഥ്യത്തിന്റേയും സത്യത്തിന്റേയും നൂതനവും ആകർഷകവുമായ ആഘോഷമായിരുന്നു എറണാകുളത്ത് സെന്റ് തെരേസാസ് കോളേജിലും ചിൽഡ്രൻസ് പാർക്കിലുമായി നടന്ന 'സൈൻസ്' (SIGNS) ചലച്ചിത്രമേള. കേരളത്തിലെ ഫിലിംസൊസൈറ്റികൾക്ക് ഈ വർഷം 50 വയസ്സു തികയുന്ന വേളയിലാണ് എറണാകുളം രണ്ടാം തവണയും ഫെസ്റ്റിവലിന് വേദിയാകുന്നത്.




ഒക്ടോബർ 21 മുതൽ 25 വരെ അഞ്ചു ദിവസം നീണ്ടു നിന്ന ഹ്രസ്വചിത്ര മാമാങ്കത്തിന് മാധ്യമപ്രവർത്തകനും ഏഷ്യൻ കോളേജ് ഓഫ് ജേർണലിസത്തിന്റെ ചെയർമാനുമായ ശശികുമാറാണ് തിരിതെളിച്ചത്.

രാജ്യത്തിന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തിനേറ്റ മുറിവുകളായ നരേന്ദ്രദബോൽക്കർ ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി എന്നീ സ്വതന്ത്രചിന്തകരുടെ വധത്തെ ചടങ്ങിൽ അപലപിച്ചു.

25 നു നടന്ന സമാപന സമ്മേളനത്തിൽ ജോൺ എബ്രഹാം സ്മാരകപുരസ്കാര വിതരണവും നടന്നു. രാജ്യത്തൊട്ടാകെ ദളിതർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സമ്മേളനത്തിൽ പ്രമേയം പാസ്സാക്കി. ചലച്ചിത്രമേളയിലെ ജൂറി അംഗങ്ങൾ മൂന്നുപേരും വ




നിതകളാണെന്നത് ഏറെ ശ്രദ്ധേയമാണ്.

മേളയുടെ ഒമ്പത് വർഷത്തെ ചരിത്രത്തിൽ ആദ്യത്തെ അനുഭവമാണിത്. പുരുഷന്മാർ സ്ത്രീകളെ വിലയിരുത്തുന്ന പരമ്പരാഗതശൈലി വിട്ട് സ്ത്രീകൾ പുരുഷന്മാരെ വിലയിരുത്തുന്ന തുല്യാവസ്ഥയിലേക്കുള്ള വളർച്ചതന്നെയാണിതെന്നു പറയാം.

ഹ്രസ്വചിത്രങ്ങളിലൂടെ രാജ്യാന്തര തലത്തിൽ പ്രശസ്തരായ ദീപാധൻരാജ്, ഗീതാഞ്ജലി റാവു, ഓയ്ൻസില ഹസ്ര പ്രതാപൻ എന്നിവരായിരുന്നു വിധകർത്താക്കൾ. മേളയിൽ സമ്മാനാർഹരും വനിതകൾ തന്നെയായിരുന്നു.

എൺപതോളം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിച്ചിരുന്നു. ഇതിൽ 15ൽ പരം ചിത്രങ്ങളും സംവിധാനം ചെയ്തത് സ്ത്രീകളാണ്. ഇരുപതോളം വരുന്ന ചിത്രങ്ങളുടേയും പ്രമേയം സ്ത്രീപക്ഷത്തുനിന്നു കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

സത്യജിത് റായ് ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിനിയായ അഖില ഹെൻട്രി സംവിധാനം ചെയ്ത ഗൃഹപ്രവേശവും മീന ലോങ്ജം സംവിധാനം ചെയ്ത 'ഓട്ടോ ഡ്രൈവർ' എന്നീ ചിത്രങ്ങളാണ് മേളയിൽ ഒന്നാം സ്ഥാനത്തെത്തിയത്.

നോർത്ത് കൊൽക്കത്തയിൽ താമസത്തിനെത്തുന്ന യുവ ചിത്രകാരി കടന്നുപോകുന്ന വിവിധ ജീവിതസാഹചര്യങ്ങളിലൂടെയാണ് ഗൃഹപ്രവേശത്തിന്റെ കഥ കടന്നുപോകുന്നത്.

യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് മുന്നോട്ടുപോകാൻ അവൾ അനുഭവിക്കുന്ന പ്രയാസങ്ങളെ ചിത്രത്തിൽ പ്രമേയമാകുന്നുണ്ട്.

മണിപ്പൂരിലെ ഇംഫാൽ നഗരത്തിലെ ഏകവനിതാ ഓട്ടോഡ്രൈവറായ ലൈബിയുടെ ജീവിതമാണ് 'ഓട്ടോഡ്രൈവർ' എന്ന ചിത്രത്തിലൂടെ മീന ലോങ്ജം പറയുന്നത്. സമൂഹത്തിൽ നിന്ന് എതിർപ്പ് ശക്തമാണെങ്കിൽ കൂടി രോഗാതുരനായ ഭർത്താവിനെ ശുശ്രൂഷിക്കുക, മക്കളുടെ വിദ്യാഭ്യാസാവശ്യങ്ങൾ തുടങ്ങിയ ജീവിതസാഹചര്യങ്ങളാണ് ഓട്ടോഡ്രൈവറാകാൻ ലൈബിയെ പ്രേരിപ്പിക്കുന്നതും. ഒരു ഇഷ്ടികക്കളത്തിലെ തൊഴിലാളിയായ ലൈബിക്ക് 1500 ഇഷ്ടിക ചുമക്കുമ്പോൾ 60 രൂപ എന്ന തുച്ഛമായ ദിവസക്കൂലിയാണ് ലഭിക്കുന്നത്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ലൈബി നടത്തുന്ന പ്രവർത്തനങ്ങൾക്ക് കടുത്ത വിവേചനമാണ് സമൂഹത്തിൽ നിന്നും ഓട്ടോയിലെ യാത്രക്കാരിൽ നിന്നും നേരിടേണ്ടി വരുന്നത്.

എസ്.എച്ച്. കോളേജ് തേവരയിലെ വിദ്യാർത്ഥിനിയായ ആഷ ആച്ചി ജോസഫിന്റെ ഒരേ ഉടൽ എന്ന ചിത്രവും ശ്രദ്ധനേടിയിരുന്നു. ഒരു കന്യസ്ത്രീ മാനഭംഗത്തിനിരയാകുന്നതും തുടർന്നുള്ള അവരുടെ ജീവിതവുമാണ് ചിത്രത്തിന്റെ പ്രമേയം.

കവിത ഡാറ്റിർന്റെ 'ബാബൈ' ദിവ്യ കൗമാഡ് ജി, ശിൽപി ഗുലാട്ടി എന്നിവരുടെ 'ഖിസി-ഇ-പാഴ്സി', ബർണാലി റേ ശുക്ലയുടെ 'ലിക്വിഡ് ബോർഡേഴ്സ്, ദേവ്ജാനി ബാനർജിയുടെ 'സ്കാറ്റേർഡ് ക്ലൗഡ്സ്' യുഗാന്ധര മുത്തുകൃഷ്ണന്റെ ഖാണ്ഡപർവ്വം തുടങ്ങിയ ചിത്രങ്ങളും മേളയിൽ പ്രദർശിപ്പിച്ചു.

സഞ്ചു സുരേന്ദ്രന്റെ 'കപില' യും സതീന്ദർ സിങ്ബേഡിയുടെ 'കാമാക്ഷി'യും സ്ത്രീപക്ഷപരമായ പ്രമേയങ്ങളിലൂടെ പ്രേക്ഷകശ്രദ്ധനേടി. ഷോർട്ട് ഫിക്ഷൻ വിഭാഗത്തിൽ 'കാമാക്ഷിയും', ഡോക്യുമെന്ററി വിഭാഗത്തിൽ 'കപിലയും' പുരസ്കാരം നേടി.




ജീവിത യാഥാർത്ഥ്യങ്ങളിലൂടെയുള്ള സഞ്ചാരമാണ് മേളയിലെ ചിത്രങ്ങൾ. തീയിൽ കുരുത്ത് വെയിലിൽ വാടാതെ നിൽക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതുമായി നിരവധി ജന്മങ്ങൾ വ്യത്യസ്ത സംവിധായകരിലൂടെ വ്യത്യസ്ത സ്ഥലകാലങ്ങളിലൂടെ കടന്നുപോയപ്പോൾ പ്രേക്ഷകർക്ക് ലഭിച്ചത് നല്ലൊരനുഭവം തന്നെയാണ്.

സിനിമകളിൽ കണ്ട സ്ത്രീകൾ നമുക്ക് ചുറ്റിലുമുണ്ട്. കാരണം ഈ സിനിമകൾ യാഥാർത്ഥ ജീവിതത്തിന്റെ നേർകാഴ്ചകൾ തന്നെയായിരുന്നു. ○


ശാസ്ത്രം



സീമ ശ്രീലയം

# യു യു തുവും വൈദ്യശാസ്ത്ര നോബലും

കോടിക്കണക്കിനു മനുഷ്യരുടെ ജീവൻ രക്ഷിക്കുന്നതിനു വഴിയൊരുക്കിയ മഹത്തായ നേട്ടത്തിനാണ് ഈ വർഷത്തെ വൈദ്യശാസ്ത്ര നോബൽ സമ്മാനം. മനുഷ്യജീവനു വൻ ഭീഷണിസൃഷ്ടിക്കുന്ന വിവിധ പരാദരോഗങ്ങൾക്കെതിരായ ഔഷധങ്ങൾ കണ്ടെത്തിയതിന് വില്യം.സി.കാംപ്ബെൽ, സതോഷി ഒമൂറ, യു യു തു എന്നിവരാണ് പുരസ്ക്കാരത്തിന് അർഹരായത്. ഉരുണ്ടവിരകൾ ഉണ്ടാക്കുന്ന രോഗങ്ങളായ മന്ത്, റിവർ ബ്ലൈൻഡ്നെസ് തുടങ്ങിയ രോഗങ്ങൾക്കുള്ള അവെർമെക്റ്റിൻ എന്ന മരുന്ന് കണ്ടുപിടിച്ചത് കാംപ്ബെലും ഒമൂറയുമാണ്. മലമ്പനിക്കെതിരായ ആർട്ടമൈസിനിൻ എന്ന മരുന്ന് കണ്ടുപിടിച്ചതാണ് യു യു തു എന്ന ചൈനീസ് ശാസ്ത്രജ്ഞയുടെ സംഭാവന. വേറിട്ട വഴിയിലൂടെ സഞ്ചരിച്ച് ഗവേഷണത്തിൽ വിസ്മയങ്ങൾ വിരിയിക്കാൻ ഈ വനിതയ്ക്ക് കഴിഞ്ഞു.



നൊബേൽ സമ്മാനപ്രഖ്യാപനം തനിക്ക് അത്ര വലിയ അത്ഭുതമൊന്നും ഉണ്ടാക്കിയില്ലെന്നാണ് എൺപത്തിനാലുകാരിയായ യു യു തു പറഞ്ഞത്. ഒരു ദശകത്തിലധികം നീണ്ട ഗവേഷണത്തിലൂടെ താൻ കൈവരിച്ച മഹത്തായ നേട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് തികഞ്ഞ ബോധ്യമുണ്ട് ഈ ശാസ്ത്രജ്ഞയ്ക്ക്. ചൈനയിൽ നിന്നും വൈദ്യശാസ്ത്ര നോബൽ നേടുന്ന ആദ്യവനിതയുടെ കാഴ്ചപ്പാടിൽ ഇത് ചൈനീസ് ശാസ്ത്രജ്ഞർക്ക് മുഴുവനുള്ള അംഗീകാരമാണ്. മലമ്പനിക്കു മരുന്നായി ഏറെ നാൾ ക്വിനൈൻ മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഇതുകൊണ്ട് മാത്രം രോഗത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാതെ വന്നപ്പോൾ പുതിയ ഔഷധത്തിനുവേണ്ടിയുള്ള അന്വേഷണത്തിലായി ഗവേഷകർ.പക്ഷേ യു യു തുവിന്റെ സഞ്ചാരം വ്യത്യസ്തമായ വഴിയിലൂടെയായിരുന്നു. പരമ്പരാഗത ഔഷധസസ്യങ്ങളെക്കുറിച്ചും അവയിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങളുടെ ഔഷധഗുണങ്ങളെക്കുറിച്ചും അറിവുണ്ടായിരുന്ന യു യു തു ആ സാധ്യതകളാണ് തേടിയത്. ഏതാണ്ട് ആയിരത്തി എഴുന്നൂറു വർഷം മുൻപു തന്നെ പനി ഭേദമാക്കാൻ ഉപയോഗിച്ചിരുന്ന ഒരു

സസ്യത്തിൽ നിന്നുമാണ് നൂതന ഔഷധം വേർതിരിച്ചെടുത്തത്.

1960 കളുടെ അവസാനം ഏതാണ്ട് രണ്ടായിരത്തോളം സസ്യങ്ങളിലാണ് യു യു തു വിന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘം ആന്റി മലേറിയൽ ഔഷധം തിരഞ്ഞത്. അതിൽ നിന്നും 640 എണ്ണത്തിൽ വിശദമായ ഗവേഷണം നടത്തി. അക്കൂട്ടത്തിൽ ഏറ്റവും ഫലപ്രദമെന്ന് തെളിഞ്ഞതാവട്ടെ ഒരു സസ്യം മാത്രം! അതാണ് ആർട്ടമൈസിയ അന്നുവ.ചൈനീസ് പരമ്പരാഗത ഔഷധവിജ്ഞാനത്തിന്റെയും നാട്ടറിവുകളുടെയുമൊക്കെ ചുവടുപിടിച്ചായിരുന്നു ഗവേഷണം. ഗെ ഹോങ് എന്ന ചൈനീസ് ആൽകെമിസ്റ്റ് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഈ സസ്യത്തിന്റെ ഔഷധഗുണത്തെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നത് യു യു തു വിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഗവേഷണം ഒടുവിൽ വിജയിക്കുക തന്നെ ചെയ്തു. ആർട്ടമൈസിയ അന്നുവ ചെടിയുടെ സത്തിൽ നിന്നും വേർതിരിച്ചെടുത്ത ആർട്ടമൈസിനിൻ എന്ന മരുന്ന് ചൈനീസ് വൈദ്യശാസ്ത്രം ലോകത്തിനു നൽകിയ വിലമതിക്കാനാവാത്ത സമ്മാനമായി മാറി.

ചൈനയിൽ മാവോസേതുങ്ങിന്റെയും സാംസ്ക്കാരിക വിപ്ലവത്തിന്റെയും സമയത്തായിരുന്നു യു യു തു വിന്റെയും സംഘത്തിന്റെയും ഗവേഷണങ്ങൾ. എലികളിൽ മാത്രമല്ല പലപ്പോഴും മരുന്നുകൾ അവർ സ്വന്തം ശരീരത്തിലും പരീക്ഷിച്ചാണ് അതിന്റെ ഫലപ്രാപ്തി ഉറപ്പുവരുത്തിയത്.

1930 ഡിസംബർ 30 ന് ചൈനയിലെ ഷെജിയാങിൽ നിങ്ബോയിലാണ് യു യു തു വിന്റെ ജനനം. ബെയ്ജിങ് മെഡിക്കൽ കോളജിൽ നിന്നും ഫാർമസ്യൂട്ടിക്കൽ സയൻസിൽ ബിരുദം നേടിയ ശേഷം പരമ്പരാഗത ചൈനീസ് ഔഷധങ്ങളെക്കുറിച്ച് പഠിക്കുന്നതിലായി ആ ശാസ്ത്രകുതുകിയുടെ ശ്രദ്ധ. തുടർന്ന് അക്കാഡമി ഓഫ് ചൈനീസ് മെഡിസിനിൽ ഗവേഷകയായി. ഇപ്പോൾ ചൈന അക്കാദമി ഓഫ് ട്രഡീഷണൽ ചൈനീസ് മെഡിസിനിൽ പ്രഫസറാണ് . ഡോക്റ്ററേറ്റോ വിദേശ ലബോറട്ടറികളിലെ ഗവേഷണപരിചയമോ ഇല്ലാത്ത ഒരു ഗവേഷകയുടെ നേട്ടമാണ് ലോകമെങ്ങുമുള്ള മലമ്പനി ബാധിതർക്ക് , പ്രത്യേകിച്ച് ഏഷ്യൻ രാജ്യങ്ങളിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും രോഗബാധിതർക്ക് ആശ്വാസമായത്! ○

## കാർട്ടൂൺ




**മാതൃഭൂമിയുടെ അർത്ഥം എന്താണെന്നോ? നിന്റെ മാതാവിനു പണിയെടുക്കാനുള്ളതും നിന്റെ പിതാവിനു ഉടമസ്ഥാവകാശം വയ്ക്കാനുള്ളതുമായ ഭൂമി!!**

കടപ്പാട് : Neelabh